# തുഹ്ഫത്തുൽ മുജാഹിദീൻ

# പരിഭാഷ

7-ാം പതിപ്പ് മലയാളത്തിൽ.

## تحفة المجاهدين

[illegible]

പരിഭാഷകൻ:-

കെ. മൂസ്സാൻകുട്ടി മൗലവി, (മർഹൂം) തിരൂരങ്ങാടി.

പ്രസാധകന്റെ സീലില്ലാത്ത പ്രതികൾ വ്യാജമായി ഗണിക്കപ്പെടും.

...OYATTY HAJEE
TIRURANGADI

1971.

വില: 1-25

അച്ചടി: താഹിറാ പ്രസ്സ്, താനൂർ.

P. O CHETTIPPADI
(VIA) PARAPPANANGADI
MALAPPURAM DIST.

125

# പ്രസ്താവന.

★

അൽആലിമുൽ അല്ലാമത്ത് ശൈഖ് സൈനുദ്ദീൻ ബിൻ അബ്ദുൽ അസീസ് മഅ്ബരി തങ്ങൾ പൊന്നാനി മഖ്ദൂം സ്ഥാനവാഹികളിൽ ഒരു പ്രധാനിയായിരുന്നു. മാത്രമല്ല അദ്ദേഹം കേരള മുസ്ലിംകളുടെ വന്ദ്യനേതാവും ഒരു പ്രഖ്യാത മതപണ്ഡിതനും തികഞ്ഞ ദേശാഭിമാനിയും ഒരു വിശ്രുത അറബി സാഹിത്യകാരനും കൂടിയായിരുന്നു. അജ്ഞാനാന്ധകാരത്തിൽ പെട്ടു അലസന്മാരായിരുന്ന കേരള മുസ്ലിംകളെ വിജ്ഞാന പ്രദീപത്താൽ സന്മാർഗ്ഗത്തിലേക്കു നയിക്കേണ്ടതിന്നായി അശ്രാന്തവും അക്ഷീണവും ആയ നിരവധി യത്നങ്ങൾ ആ മഹാനുഭാവൻ ചെയ്തിട്ടുണ്ട്. സാമുദായികമായും മതപരമായും മററും അദ്ദേഹം എഴുതിയിട്ടുള്ള പല വിശിഷ്ട അറബി കിത്താബുകളും (ഗ്രന്ഥങ്ങളും) ഇന്നു കേരളത്തിലെന്നല്ല അറേബ്യ, ശാം, ഈജിപ്ത് ജാവ ആദിയായ രാജ്യങ്ങളിൽ പോലും പ്രചുരപ്രചാരത്തിലായിട്ടുണ്ട്. അമൂല്യങ്ങളായ അനേകം ഉൽകൃഷ്ട സാഹിത്യ ഗ്രന്ഥങ്ങളെക്കൊണ്ടു് അറബി സാഹിത്യത്തെ ആ മഹാൻ സുതരാം പരിപോഷിപ്പിച്ചു. മലബാറിലെ ഇസ്ലാം മത പ്രചരണാരംഭ ചരിത്രത്തെയും അനന്തര സംഭവങ്ങളെയും വിശദീകരിച്ചു് ആ മഹാനാൽ രചിക്കപ്പെട്ടിട്ടുള്ള ഒരു ചരിത്രപുസ്തകമാണ് **'തുഹ്ഫത്തുൽ മുജാഹിദീൻ, ഫീ അഖ്ബാരി പോർത്തുഗാലിയ്യീൻ'**

പ്രസ്തുത മഹാൻ ഹിജ്റ പത്താം നൂററാണ്ടുകാരനാണെന്നും

ഈ ചരിത്രം എഴുതി വിതരണം ചെയ്തിട്ടുള്ളത് ഹിജ്റ 1030_ാം കൊല്ലം മുഹറം 25_ാംനു- ചൊവ്വാഴ്ചയാണെന്നുമാണ് അറിയപ്പെടുന്നത്.

അറബി ഭാഷാപരിജ്ഞാനം ഇല്ലാത്ത കേരളീയരുടെ ഇടയിൽ സംഭവബഹുലവും പ്രാചീനവും ആയ പ്രകൃതി ചരിത്ര ഗ്രന്ഥത്തെ പ്രചരിപ്പിക്കേണ്ടത് ആവശ്യമാണെന്ന സംഗതിയാണ് അതിന്റെ ഈ തർജ്ജിമക്ക് എന്നെ പ്രേരിപ്പിച്ചത്.

ഇത് ഒരു അനുപദ തർജ്ജിമയല്ലെങ്കിലും മൂലഗ്രന്ഥത്തിലെ ആശയങ്ങളെ കഴിയുന്നതും ഇതിൽ ഞാൻ സംരക്ഷിച്ചിട്ടുണ്ട്. ഈ പുസ്തകത്തിന്റെ ഒന്നാം ഭാഗം ചരിത്ര സംഭവമല്ലാത്തതുകൊണ്ട് ആ ഭാഗം വിട്ടു. മുഖവുരയും ബാക്കിഭാഗങ്ങളുമാണ് തർജ്ജിമ ചെയ്തിട്ടുള്ളത്.

വിവർത്തനത്തിൽ സ്ഥല കാല നിർണ്ണയങ്ങൾക്കോ ഭാഷാരീതിക്കോ വന്നിട്ടുണ്ടാകാവുന്ന വൈകല്യങ്ങളേയും സ്ഖാലിത്യങ്ങളേയും സഹൃദയരായ വായനക്കാർ ക്ഷമിക്കുമെന്ന് വിശ്വസിക്കുന്നു.

കെ. മൂസ്സാൻകുട്ടി.

# അവതാരിക.

നമ്മുടെ രാജ്യത്തെ സംബന്ധിച്ച പ്രമാണയോഗ്യമായ ചരിത്ര ഗ്രന്ഥങ്ങളുടെ വിലാപനീയമായ വിരളത നിമിത്തം, രാഷ്ട്രീയമായും സാമൂഹ്യമായും മതപരമായും ഉള്ള നമ്മുടെ സംഘടനക്കും സഹകരണത്തിന്നും സാരമായ നാശം സംഭവിച്ചിട്ടുണ്ട്. ഇന്ത്യയിൽ ഇന്നു ക്രമപ്രവൃദ്ധമായി വളരുന്ന വർഗ്ഗീയ സ്പർദ്ധകളുടേയും മതവൈരങ്ങളുടേയും പ്രധാന ഉത്തരവാദികൾ പക്ഷപാത ബുദ്ധികളായ ചരിത്രകാരന്മാരാകുന്നു. മുഗൾ ഭരണത്തെയും മുസ്ലിംകളെയും വാസ്തവ വിരുദ്ധമായി ബീഭത്സമായി ചിത്രീകരിച്ചിട്ടുള്ള ചരിത്രങ്ങളാണ് ഇന്നു നമ്മുടെ ഇടയിൽ പ്രചരിച്ചു കഴിഞ്ഞിട്ടുള്ളത്. പൊതുവെ പറയുന്നതായാൽ ഇന്ത്യാചരിത്രങ്ങളിൽ ഭൂരിഭാഗവും മുസ്ലിംകളെ സംബന്ധിച്ചിടത്തോളം പരമാർത്ഥത്തിന്റെ വിപരീതങ്ങളാകുന്നു. ഇന്ത്യാചരിത്രങ്ങൾ വളരെയുണ്ടെങ്കിലും വാസ്തവത്തെ വെളിപ്പെടുത്തുന്ന ചരിത്രങ്ങളുടെ പരിതാപകരമായ വിരളതയോർത്താണ് ഇത്രയും പറഞ്ഞുപോയത്.

ഈ ഗ്രന്ഥം അല്ലാമാ ശൈഖ് സൈനുദ്ദീൻബിൻ അബ്ദുൽഅസീസ് മഹ്ബരി അറബിയിൽ എഴുതിയിട്ടുള്ള മലബാർ ചരിത്രത്തിന്റെ തർജ്ജിമയാണ്. കേരള മുസ്ലിംകളുടെ അഭ്യുദയത്തിന്നുവേണ്ടി അത്യദ്ധ്വാനം ചെയ്തിട്ടുള്ളയാളും, ഒരു മഹാപരിജ്ഞാനിയും, പ്രശസ്തനായ അറബി സാഹിത്യ കുശലനും ആയ അദ്ദേഹം ഈ ഗ്രന്ഥത്തിൽ, മലബാറിലെ ഇസ്ലാം മതപ്രചരണത്തെയും വിദേശീയർ മലബാറിലും മററും നടത്തി

# അഭിപ്രായം.

"തുഹ്ഫത്തുൽ മുജാഹിദീൻ പരിഭാഷ" എന്ന പുസ്തകം ഞാൻ വായിച്ചു നോക്കി. ഇതിൽ മലയാള രാജ്യത്തിന്റെ ക്രി. അ. 16-ാം നൂറ്റാണ്ടിലെ ചരിത്രം ഏതാണ്ട് അടങ്ങിയിട്ടുണ്ട്. മലബാറും അന്യരാജ്യങ്ങളുമായുള്ള കച്ചവടം മുഴുവനും പോർത്തുഗീസുകാർ കൈക്കലാക്കുവാൻ ശ്രമിച്ചുവന്നിരുന്ന കാലമായിരുന്നു ഇത്. പ്രസ്തുത കച്ചവടം അതിന്നു മുമ്പുതന്നെ കുറെ കാലമായി അറബി വഴിയായി, ഇവിടെയുണ്ടായിരുന്ന മുസ്ലിംകളാണ് ചെയ്തുവന്നിരുന്നത്. തന്നിമിത്തം പോർത്തുഗീസുകാരും മലബാർ മുസ്ലിംകളുമായി വലിയ ലഹളകളും യുദ്ധങ്ങളും നടക്കുകയുണ്ടായി. ഈ കാര്യത്തിൽ നാട്ടുരാജാക്കന്മാരും ഏർപ്പെടേണ്ടി വന്നിരുന്നു. അവരിൽ ചിലരുടെ-പ്രത്യേകിച്ചും സാമൂതിരിപ്പാട് മഹാരാജാവിന്റെ - സഹായംകൊണ്ടും മറ്റും പ്രായേണ മുസ്ലിംകൾക്ക് വിജയം സിദ്ധിക്കുകയും ചെയ്തു. ഈ കാര്യങ്ങൾ വിവരമായി ഈ ബുക്കിൽ പ്രസ്താവിച്ചിട്ടുണ്ട്.

ഏതാണ്ട് ഈ സംഭവങ്ങൾ നടന്നിരുന്ന കാലത്തുണ്ടായിരുന്ന പൊന്നാനി മഖ്ദൂം തങ്ങൾ അറബി ഭാഷയിൽ എഴുതിവെച്ചതാണ് പ്രസ്തുത പുസ്തകത്തിന്റെ മൂലഗ്രന്ഥമായ "തുഹ്ഫത്തുൽ മുജാഹിദീൻ" എന്ന പ്രബന്ധമെന്നാണ് കാണുന്നത്.



ഈ നിലക്ക് ഇതിന്നു ചരിത്ര സംബന്ധമായി വലിയ വിലയുള്ളതായി കരുതേണ്ടതാണ്. കേരളത്തിന്റെ പൂർവ്വ ചരിത്രത്തെപ്പറ്റി അടിസ്ഥാനപ്പെട്ട രേഖകൾ അധികമില്ലാത്ത അവസ്ഥക്ക് ഈ മാതിരി ഗ്രന്ഥങ്ങളിൽ നിന്നു കിട്ടുന്ന അറിവ് ഉപകാരപ്രദമായിട്ടുള്ളതാണ്. ഇത് പൊതുജനങ്ങൾക്കറിവാൻ മലയാള ഭാഷയിൽ ഗ്രന്ഥകർത്താവ് പരിഭാഷപ്പെടുത്തിയത് സ്തുത്യർഹമായ ഒരു യത്നവുമാകുന്നു.

എളുപ്പത്തിൽ ആർക്കും വായിച്ചു മനസ്സിലാക്കുവാൻ തക്ക രീതിയിലാണ് ഇത് എഴുതിയിട്ടുള്ളത്. ഭാഷക്ക് ശബ്ദശുദ്ധിയും വാചക ഭംഗിയുമുണ്ട്. ആകക്കൂടി ഈ പുസ്തകം മലയാള സാഹിത്യത്തിന്നും ചരിത്ര വിഷയത്തിലേക്കും ഒരു നേട്ടമായി വിചാരിക്കേണ്ടതാണ്. ഗ്രന്ഥകർത്താവിന്റെ ഈ ഉദ്യമം സർവ്വഥാ അഭിനന്ദനീയവുമാണ്.

Parappanangadi,<br>16 – 11 – '37.

**K. T. RAMANUNNI NAIR,**<br>B. A. B. L., ADVOCATE.

OOK COLLEGE

# തുഹ്ഫത്തുൽ മുജാഹിദീൻ.

ഈ മഹൽ ഗ്രന്ഥത്തിന്റെ പരിഭാഷകനും പ്രസാധകനും, അനുജൻ **കെ. മൂസ്സാൻ കുട്ടി ഹാജി** (മർഹൂം) ആയിരുന്നു. സഹോദരന്റെ മരണത്തിന്നു ശേഷം ഈ ഗ്രന്ഥം പ്രസിദ്ധീകരിച്ചിട്ടില്ല. വരാൻപോകുന്ന തലമുറക്ക് പലവക അറിവുകളും നേട്ടങ്ങളും ഈ ഗ്രന്ഥത്തിൽ നിന്നു് സിദ്ധിക്കുമെന്ന ഉദ്ദേശത്തോടുകൂടിയാണ് ഈ 7-ാം പതിപ്പ് ഞാൻ പ്രസിദ്ധീകരിക്കുന്നതു്.

**കെ. കോയട്ടി ഹാജി,**
**തിരൂരങ്ങാടി.**

Syed Abdul Ashraf.V
CHETTIPADI 676319
Malappuram

# മുഖവുര.

കാലക്രമേണ ഇസ്ലാം മതാനുയായികളെ കൂടുതൽ ശ്രേഷ്ഠരാക്കുകയും ഇസ്ലാം മതത്തെ മററു സർവ്വ മതങ്ങളെക്കാളും മഹനീയമാക്കുകയും ചെയ്തിട്ടുള്ള അല്ലാഹുവിന്നാണ് സർവ്വ സ്തോത്രങ്ങളും.

അവന്റെ കരുണയും സമാധാനവും സത്യമാർഗ്ഗത്തിലേക്കുള്ള പാതയെ വെട്ടിത്തെളിയിച്ച ആ പുണ്യ പ്രവാചക ശിരോമണിയിലും തങ്ങളുടെ സന്താന പരമ്പരയിലും സദാ വർഷിക്കുമാറാകട്ടെ.

എന്നാൽ അല്ലാഹു അവന്റെ അടിമകൾക്ക് വിശേഷബുദ്ധിയെയും ഗുണദോഷ വിവേചന ശക്തിയെയും പ്രദാനം ചെയ്യുകയും, സർവ്വതോമുഖങ്ങളായ വിജയ മാർഗ്ഗങ്ങളെ അവർക്കു തെളിയിക്കുകയും, എന്നുവേണ്ട, അവർക്ക് ആവശ്യമായ സർവ്വത്തെയും ഒരുക്കി വെക്കുകയും ചെയ്തു. അല്ലാഹുവെക്കുറിച്ചുള്ള ജ്ഞാനം നൽകേണ്ടതിന്നായി മാർഗ്ഗദർശിമാരെ അല്ലാഹു അവർക്കായി നിയോഗിച്ചു.

സൃഷ്ടികളിൽ ശ്രേഷ്ഠരായ മുഹമ്മദ് നബി (സ. അ.) തങ്ങളുടെ സമുദായമാക്കുക നിമിത്തം മുസ്ലിംകളെ അല്ലാഹു ശ്രേഷ്ഠരാക്കുകയും സർവ്വ സമുദായത്തെക്കാളും അവരെ ഉൽകൃഷ്ടരാക്കുകയും ചെയ്തു.

നിങ്ങൾ മനുഷ്യൎക്കുവേണ്ടി ഉത്തേജിതമായ ഒരു വിശിഷ്ട സമുദായമാണ്. (ഖു. ശ) ഞാൻ ആദം സന്താനങ്ങളിൽ സെയ്യിദ് (നേതാവ്) ആകുന്നു. എന്നെപ്പോലെ മഹത്വമുള്ളവർ ആരും തന്നെയില്ല. (ഹ. ശ.) റസൂൽ (സ. അ.) ആദം സന്താനങ്ങളിൽ സെയ്യിദ് (നേതാവ്) ആയപ്പോൾ തങ്ങൾ അവരിൽ ശ്രേഷ്ഠനും തങ്ങളുടെ സമുദായമായ മുസ്ലിംകൾ മറ്റെല്ലാ സമുദായത്തെക്കാൾ ശ്രേഷ്ഠതരവും ആയി ഭവിച്ചു.

ഹദീസ് ശരീഫിൽ ഇപ്രകാരം പ്രസ്താവിച്ചിരിക്കുന്നു.

“ഭൂമുഖത്ത് എത്തൊരിടത്തും യോഗ്യന്മാരുടെ യോഗ്യതയിലും നിസ്സാരന്മാരുടെ നിസ്സാരതയിലുമായി ഇസ്ലാംമതത്തെ അല്ലാഹ എത്തിക്കാതിരിക്കയില്ല. അതായത്, യോഗ്യന്മാർ ഇസ്ലാംമതം സ്വീകരിക്കുകമൂലം അവർ യോഗ്യന്മാർ തന്നെയാവുകയും നിസ്സാരന്മാർ ഇസ്‌ലാം മതം സ്വീകരിച്ചില്ലെങ്കിലും അവർ അതിനെ തല കുനിച്ചു വണങ്ങേണ്ടി വരികയും ചെയ്യുന്നു. അപ്പോൾ സർവ്വവും അല്ലാഹവിന്ന് കീഴ്പ്പെട്ടതാവുകയും ചെയ്യും. ഈ തിരുവാക്യമനുസരിച്ച് ഭൂലോകത്തിൽ മനുഷ്യവാസമുള്ള മിക്ക രാജ്യങ്ങളിലും ഇസ്‌ലാംമതത്തെ അല്ലാഹ പ്രചരിപ്പിച്ചു കഴിഞ്ഞുവെന്നുള്ളത് പരസ്യമായ വാസ്തവമാണ്.

മിക്ക രാജ്യങ്ങളിലും മതസംരക്ഷണത്തിനും ആത്മരക്ഷക്കുമായി യുദ്ധം ചെയ്യേണ്ടതിന്നു മുസ്‌ലിംകൾ നിർബ്ബന്ധിതരായിട്ടുണ്ടെങ്കിലും ചില രാജ്യങ്ങളിൽ യാതൊരു സമാധാന ഭംഗവും കൂടാതെയും ഇസ്‌ലാംമതം പ്രചരിപ്പിച്ചിട്ടുണ്ട്.



മലബാറുകാർ ഇസ്‌ലാംമത മഹിമകളെ അറിഞ്ഞ് സ്നേഹാദരസമന്വിതം ആ മതം സ്വീകരിച്ചവരാകയാൽ ഇന്ത്യയിലെ മററു പ്രദേശക്കാരെ അപേക്ഷിച്ചു അവർ ബഹുമതിക്കർഹന്മാർ തന്നെയാണ്.

ഒരു സംഘം വിദേശ മുസ്‌ലിംകൾ മലബാർ തുറമുഖങ്ങളിൽ താമസമാക്കുകയും മലബാറുകാർ അവരെ പിന്തുടൎന്നു ദൈനംദിനം ഇസ്‌ലാംമതത്തെ അവലംബിച്ചു പോരികയും, അങ്ങിനെ മലബാറിൽ പ്രശസ്തമായ നിലയിൽ ഇസ്‌ലാം മതത്തിന്ന് പ്രചാരം സിദ്ധിക്കുകയും, പ്രായേണ മുസ്‌ലിംകളുടെ സംഖ്യ വർദ്ധിച്ചുവരികയുമാണുണ്ടായത്.

അന്നത്തെ ഭരണകർത്താക്കളായിരുന്ന ഇതര മതസ്ഥന്മാരിൽ നിന്നു ഒട്ടുംതന്നെ ദ്രോഹങ്ങൾ മുസ്‌ലിംകൾക്കുണ്ടായിരുന്നില്ല. അല്ലാഹ അവൎക്കു നൽകിയ അനുഗ്രഹത്താൽ വളരെ സമാധാനത്തോടും സംതൃപ്തിയോടുംകൂടി അവർ കാലയാപനം ചെയ്തുപോന്നു.

അനന്തരം അല്ലാഹവിൻെറ അനുഗ്രഹത്തെ അവർ മറന്നു. അല്ലാഹവിൻെറ ശാസനകളെ അവർ ലംഘിച്ചു. അങ്ങിനെ അവർ ദുരാചാരതല്പരന്മാരായിത്തീൎന്നു. കാലവിളംബരമെന്യെ പോർത്തുഗീസുകാർ രാജ്യം കയ്യേറി മുസ്‌ലിംകളെ നാനാപ്രകാരേണ ഉപദ്രവിക്കുകയും ആക്രമിക്കുകയും ചെയ്തു. അവർ ഒട്ടധികം മുസ്‌ലിംകളെ വധിച്ചുകളയുകയും വളരെപ്പേരെ ബന്ധനസ്ഥരാക്കുകയും നിർബ്ബന്ധമായി മതമാററം ചെയ്യിക്കയും ചെയ്തിട്ടുണ്ട്. ഇതിന്നുംപുറമെ അവരുടെ മൃഗീയ പ്രവൎത്തനങ്ങളിൽ നിന്നു മുസ്‌ലിം സ്ത്രീകൾക്കുപോലും രക്ഷയുണ്ടായിരുന്നില്ല.

അങ്ങിനെ പറങ്കികൾ ചെയ്തുകൂട്ടിയ അക്രമങ്ങൾ അവർണ്ണനീയമായിരുന്നു. അവരുടെ അഴിമതികൾ ഏതാണ്ട ഒരു നൂററാണ്ടോളം നിലനിന്നുപോന്നു.

തന്നിമിത്തം മുസ്ലിംകളുടെ സാമുദായികവും സാമ്പത്തികവുമായനില വളരെ ദയനീയമായി പരിണമിച്ചു. ഈ ദുരവസ്ഥയിൽനിന്നു രക്ഷ പ്രാപിക്കുവാനുള്ള മാർഗ്ഗങ്ങൾ അവർക്കു കൈവന്നില്ല. പറങ്കികളുടെ കുതന്ത്രങ്ങളെല്ലാംതന്നെ അവർക്കു രക്ഷാമാർഗ്ഗമായി തീർന്നതുമില്ല. സൈനിക ശക്തിയും ധന സമൃദ്ധിയുമുള്ള മുസ്ലിം സുൽത്താന്മാരും പ്രഭുക്കന്മാരും അക്കാലത്ത് ഇതര രാജ്യങ്ങളിൽ ഉണ്ടായിരുന്നെങ്കിലും അവർ ഇഹലോക ജീവിതത്തെമാത്രം ലക്ഷ്യമാക്കിയ സുഖലോലുപരും മതാഭിമാനമില്ലാത്തവരും സ്വാർത്ഥികളുമായിരുന്നു. അതിനാൽ അത്യാപത്തിൽ പെട്ട മലബാർ മുസ്ലിംകളെ അവർ തിരിഞ്ഞു നോക്കുകപോലും ചെയ്തില്ല.

ഈ ചരിത്രം ഞാൻ എഴുതി ഇതിന്നു "തുഹ്ഫത്തുൽ മുജാഹിദീൻ, ഫീ അഖ്ബാരി പോർത്തുഗാലിയ്യീൻ" എന്നു നാമകരണം ചെയ്തിരിക്കുന്നു.

മലബാറിലെ ഇസ്ലാംമത പ്രചരണാരംഭചരിത്രം, ഇസ്ലാം മതയുദ്ധ നിയമങ്ങൾ, മലബാറിലെ ഹിന്ദുക്കളുടെ ചില അത്ഭുതാചാരങ്ങൾ, പോർത്തുഗീസുകാരുടെ മലബാർ പ്രവേശനം എന്നിവയാണ് ഞാൻ ഈ ഗ്രന്ഥത്താൽ ഉദ്ദേശിച്ചിട്ടുള്ളത്.



മതബഹുമാനത്താലും സമുദായ സ്നേഹത്താലും ദേശാഭിമാനത്താലും ഇന്നു അറബികളുടേയും അജമി (അറബി അല്ലാത്തവർ) കളുടേയും സ്നേഹ ബഹുമാനങ്ങൾക്കു പാത്രവാനും ലോകത്തിന്റെ നാനാ ഭാഗങ്ങളിലും കീർത്തി നേടിയ സമാധാനപാലകനും രാജ്യങ്ങളിൽ ശാന്തതയേയും രക്ഷയേയും വർഷിച്ച യഥാർത്ഥ ഭരണ കർത്താവും ഭാരതത്തിന്റെ കീർത്തി സ്തംഭവും ബീജാപുരത്തിന്റെ മകുടാലങ്കാരവും ആയ "അസ്സുൽത്താനുൽ അഹ്സം സുൽത്താൻ അലി ആദിഷാഹ്" എന്നവരുടെ തൃപ്പാദങ്ങളിൽ ഒരു തിരുമുൽക്കാഴ്ചയായി ഈ ചെറു ചരിത്ര ഗ്രന്ഥത്തെ ഞാൻ സമർപ്പിക്കുകയും ചെയ്യുന്നു. ഇതു നാലു ഭാഗമായും അവയിൽ നാലാം ഭാഗം പതിനാലു അദ്ധ്യായങ്ങളായുമാണ് ഞാൻ എഴുതിയിട്ടുള്ളത്.

ഒന്നാം ഭാഗം– മതസംബന്ധമായ യുദ്ധ നിയമങ്ങൾ.

രണ്ടാം ഭാഗം– മലബാറിലെ ഇസ്ലാംമത പ്രചരണാരംഭ ചരിത്രം.

മൂന്നാം ഭാഗം– മലബാറിലെ ഹിന്ദുക്കളുടെ അത്ഭുതാവഹമായ ആചാരങ്ങൾ.

നാലാം ഭാഗം–ഒന്നാം അദ്ധ്യായം. പോർത്തുഗീസുകാരുടെ മലബാർ പ്രവേശനം, സാമൂതിരിപ്പാടുമായുള്ള ഭിന്നിപ്പ്, കൊച്ചി, കണ്ണൂര്, കൊല്ലം ഇവിടങ്ങളിൽ കോട്ട കെട്ടിയതും ഗോവ തുറമുഖം പിടിച്ചടക്കിയതും.

രണ്ടാം അദ്ധ്യായം– പോർത്തുഗീസുകാർ മലബാറിൽ ചെയ്ത അക്രമങ്ങൾ.

മൂന്നാം അദ്ധ്യായം— സാമൂതിരിയും പോൎത്തുഗീസ്സുകാരുമായുള്ള ഉടമ്പടിയും കോഴിക്കോട്ട് കോട്ട കെട്ടിയതും.

നാലാം അദ്ധ്യായം— സാമൂതിരിയും പോൎത്തുഗീസ്സുകാരുമായുള്ള മത്സരവും കോഴിക്കോട്ട കോട്ട പിടിച്ചതും.

അഞ്ചാം അദ്ധ്യായം— സാമൂതിരിപ്പാടും പോൎത്തുഗീസ്സുകാരുമായുള്ള രണ്ടാം സന്ധിയും, ചാലിയം കോട്ട കെട്ടിയതും.

ആറാം അദ്ധ്യായം— സാമൂതിരിപ്പാടും പോൎത്തുഗീസ്സുകാരുമായുള്ള മൂന്നാം സന്ധി.

ഏഴാം അദ്ധ്യായം— ബഹദർഷാഹ് സുൽത്താനും പോൎത്തുഗീസ്സുകാരുമായുള്ള സന്ധിയും, സുൽത്താന്റെ ചില രാജ്യങ്ങൾ പോൎത്തുഗീസ്സുകാൎക്ക് ഒഴിഞ്ഞുകൊടുത്തതും.

എട്ടാം അദ്ധ്യായം— സുലൈമാൻ പാഷ ദീവിലും അയൽ രാജ്യങ്ങളിലും ചെന്നതു്.

ഒമ്പതാം അദ്ധ്യായം— സാമൂതിരിപ്പാടും പോൎത്തുഗീസ്സുകാരുമായുള്ള നാലാം സന്ധി.

പത്താം അദ്ധ്യായം— സാമൂതിരിപ്പാടും പോൎത്തുഗീസുകാരുമായുള്ള ഭിന്നിപ്പ്.

പതിനൊന്നാം അദ്ധ്യായം— സാമൂതിരിപ്പാടും പോൎത്തുഗീസുകാരുമായുള്ള അഞ്ചാം സന്ധി.



പന്ത്രണ്ടാം അദ്ധ്യായം— സാമൂതിരിപ്പാടും പോൎത്തുഗീസുകാരും തമ്മിലുള്ള മത്സരകാരണങ്ങളും യുദ്ധക്കപ്പലുകൾ പുറപ്പെട്ടതും.

പതിമൂന്നാം അദ്ധ്യായം— ചാലിയം യുദ്ധവും അവിടത്തെ കോട്ട പിടിച്ചതും.

പതിനാലാം അദ്ധ്യായം— ചാലിയം കോട്ട പിടിച്ചതിനു ശേഷം പോൎത്തുഗീസുകാരുടെ സ്ഥിതി.

## രണ്ടാം ഭാഗം.

## മലബാറിലെ ഇസ്ലാംമത പ്രചരണാരംഭ ചരിത്രം.

ക്രിസ്ത്യാനികളും ജൂതന്മാരും ഓരോ സംഘക്കാർ കുടുംബസമേതം കൊടുങ്ങല്ലൂരിൽ വന്നിറങ്ങി. കൊടുങ്ങല്ലൂർ, അന്നത്തെ രാജാവ് വസിച്ചിരുന്ന ഏററവും പ്രശസ്തമായ തുറമുഖപട്ടണമായിരുന്നു. ആഗതരുടെ ആവശ്യാനുസരണം രാജാവ് അവർക്കു വേണ്ട വീടുകളും സ്ഥലങ്ങളും കൊടുത്തു അവരെ അവിടെ താമസിപ്പിച്ചു. കുറെകൊല്ലം കഴിഞ്ഞതിന്നു ശേഷം ഒരു സംഘം മുസ്ലിംകൾ കൊടുങ്ങല്ലൂർ തുറമുഖത്തു വന്നിറങ്ങി. ആ സംഘത്തിൽ യോഗ്യനും വിദ്വാനുമായ ഒരു ശൈഖ് (നേതാവ്) ഉണ്ടായിരുന്നു. അവർ സിലോണിലുള്ള ആദംമലയിലെ അത്ഭുതങ്ങൾ (മനുഷ്യപിതാവായ ആദംപ്രവാചകരുടെ കാലടി) കാണുവാൻ അറേബ്യയിൽനിന്നു പുറപ്പെട്ടു, വഴിമദ്ധ്യേ ഇവിടെ ഇറങ്ങിയതായിരുന്നു. വിവരം അറിഞ്ഞു രാജാവ് അവരെ വരുത്തി സന്തോഷം അതിഥികളായിസ്വീകരിച്ചു. അവർ ഏതുരാജ്യക്കാരാണെന്നും, എന്തു മതക്കാരാണെന്നും അവിടെ എന്തിന്നായിവന്നുവെന്നും മററും രാജാവ് അവരോടു ചോദിച്ചു. അതിന്നു ശൈഖ് (നേതാവ്) ഇപ്രകാരം മറുപടിപറഞ്ഞു, "ഞങ്ങൾ അറേബ്യരാജ്യക്കാരാണ്, അവിടെ മുഹമ്മദ് (സ. അ.) എന്നുപേരായ ഒരു നബി ഉണ്ടായിരുന്നു. അദ്ദേഹം വെളിപ്പെടുത്തിതന്ന പരിശുദ്ധ ഇസ്ലാംമതത്തിന്റെ അനുയായികളാണ് ഞങ്ങൾ" അനന്തരം ഇസ്ലാംമതത്തിലെ ഉപദേശങ്ങളേയും "ചന്ദ്രപ്പിളർപ്പ്" എന്ന



അത്ഭുത സംഭവത്തെയും രാജാവിനെ അവർ പറഞ്ഞുകേൾപ്പിച്ചു ഇതെല്ലാം കേട്ടപ്പോൾ ആ മതം സത്യമാണെന്നു രാജാവു വിശ്വസിക്കുകയും നബി (സ. അ.) യുടെമേൽ ഒരു പ്രത്യേക സ്നേഹം രാജാവിന്റെ ഹൃദയത്തിൽ പതിയുകയും ചെയ്തു. സിലോണിൽനിന്നു മടങ്ങിപോകുമ്പോൾ ശൈഖും സ്നേഹിതന്മാരും ആ വഴിയെ ചെല്ലണമെന്നും എന്നാൽ താനും കൂടെ അറേബ്യയിലേക്കു പോരാമെന്നും രാജാവ് ശൈഖിനോട്പറഞ്ഞു. ശൈഖ് ഇതു സമ്മതിച്ചു. ഈ വിവരം വളരെ രഹസ്യമായി വെക്കണമെന്നും രാജാവ് ശൈഖിനെ പ്രത്യേകം ഉണർത്തി. അങ്ങനെ അവർ സിലോണിൽ പോയി തിരിച്ചുപോകുമ്പോൾ വാഗ്ദാനപ്രകാരം രാജാവിനെ സന്ദർശിച്ചു. രാജാവ് ശൈഖിനോട് യാത്രക്കുള്ള കപ്പൽ മുതലായ എല്ലാം ഒരുക്കങ്ങളും വളരെ രഹസ്യമായി ചെയ്യണമെന്നു നിർദ്ദേശിച്ചു. അപ്രകാരംതന്നെ ശൈഖ് എല്ലാം ഒരുക്കങ്ങളും ചെയ്തു. കൊടുങ്ങല്ലൂർ തുറമുഖത്ത് വിദേശങ്ങളിൽനിന്നു അനേകം കച്ചവടക്കപ്പലുകൾ വന്നിരുന്നു. അതിൽപെട്ട ഒരു കപ്പൽക്കാരനോട് താനും കൂടെയുള്ളവരും അറേബ്യയിലേക്ക് പോകുന്നുണ്ടെന്നും അതുകൊണ്ട് കപ്പൽ തങ്ങളുടെ യാത്രക്ക് അനുവദിക്കണമെന്നും ആവശ്യപ്പെട്ടു. കപ്പലുടമസ്ഥൻ അതു സ്വീകരിച്ചു.

രാജാവ് യാത്രപുറപ്പെട്ടപ്പോൾ ഏഴ് ദിവസത്തേക്കു കുടുംബങ്ങളേയും മന്ത്രിമാരേയും തന്നെ കാണുവാൻ ചെല്ലുന്നതിനെ വിരോധിച്ചിരുന്നു. കേരളത്തിന്റെ തെക്കെ അററമായ കന്യാകുമാരി മുതൽ വടക്ക് കാസറക്കോട്ടുവരെ ഇദ്ദേഹമായിരുന്നു രാജ്യം ഭരിച്ചിരുന്നത്. മേല്പറഞ്ഞ സ്ഥലങ്ങളെ പല ഭാഗങ്ങളായി

ഭാഗിച്ചു ഓരോ ഭാഗത്തെയും ഭരിക്കേണ്ടുന്ന നിയമങ്ങളും ക്രമങ്ങളും വ്യവസ്ഥപ്പെടുത്തി. ഓരോ ഭാഗത്തിന്റെയും ആധിപത്യം രാജകുടുംബത്തിലെ ഓരോ അംഗത്തെ ഏൽപ്പിച്ചു. ഇതു മലയാളി ഹിന്ദുക്കളുടെ ഇടയിൽ ചരിത്ര പ്രസിദ്ധമായ ഒരു സംഭവമാണ്.

അനന്തരം രാജാവ് പ്രസ്തുത ശൈഖിന്റെയും കൂട്ടുകാരുടെയും കൂടെ രാത്രിയിൽ കപ്പൽ കയറി പുറപ്പെട്ടു പന്തലായിനി (കൊയിലാണ്ടി) യിൽ ഇറങ്ങി. അവിടെ ഒരു ദിവസം താമസിച്ചശേഷം അവിടെനിന്നു പുറപ്പെട്ടു ധർമ്മപട്ടണ (ധർമ്മടം) ത്തിൽ ഇറങ്ങി മൂന്നു ദിവസം അവിടെ താമസിച്ചു പിന്നീട് "ശഹർ മുഖല്ലയി"ലേക്കു പുറപ്പെട്ടു. ശഹർമുഖല്ലയിൽ ഇറങ്ങി രാജാവും കൂടെയുള്ളവരും അവിടെ താമസിച്ചു.

കുറെ കാലം കഴിഞ്ഞതിന്നുശേഷം രാജാവോടുകൂടി മലബാറിൽ എത്തി ഇസ്ലാംമതം പ്രചരിപ്പിക്കുവാനും, പള്ളികൾ നിർമ്മിക്കുവാനും അറബികളിൽ ചിലർ ആഗ്രഹിക്കുകയും ഈ വിവരം രാജാവിനെ ഉണർത്തുകയും, അപ്രകാരം എല്ലാ സഹായ സഹകരണങ്ങളും ചെയ്യുമെന്നു രാജാവ് വാഗ്ദാനം ചെയ്യുകയും ആ അടുത്തുതന്നെ രാജാവിനെ രോഗം ബാധിച്ചു രോഗം കലശലായപ്പോൾ രാജാവ് മലബാർ യാത്രക്കുദ്ദേശിച്ചിരുന്നവരിൽ പ്രധാനികളായ ശറഫ്ബ്നുമാലിക്ക്, ഇവരുടെ ഉമ്മ ഒത്ത സഹോദരൻ മാലിക്ക്ബ്നുദീനാർ, ഇവരുടെ സഹോദര പുത്രൻ മാലിക്ക്ബ്നു ഹബീബ് ഇബ്നു മാലിക്ക് എന്നിവരെയും വേറെ



ചിലരെയും വിളിച്ച് ഇങ്ങനെ പറഞ്ഞു. "ഞാൻ ഈ രോഗത്താൽ മരിച്ചുപോയാലും നിങ്ങൾ ആഗ്രഹിച്ച മലബാർ യാത്രയിൽനിന്നു പിൻതിരിയരുത്".

"നിങ്ങളുടെ രാജ്യം എവിടെയാണെന്നോ നിങ്ങളുടെ അധികാരാതിർത്തി ഏതാണെന്നോ ഞങ്ങൾക്കറിഞ്ഞുകൂട. ഞങ്ങൾ യാത്രക്ക് ഉദ്ദേശിച്ചത് നിങ്ങളുടെ കൂടെ മാത്രമാണ്" എന്നായിരുന്നു അവർ പറഞ്ഞത്. ഇതുകേട്ട് രാജാവ് അപ്രകാരം ആലോചിച്ചതിനുശേഷം മലയാളം ഭാഷയിൽ ഒരു കത്തെഴുതി. ആ കത്തിൽ രാജ്യത്തിന്റെ പേരുകളും രാജാവിന്റെ അടുത്ത ബന്ധുക്കളുടെ വിവരങ്ങളും മറ്റെല്ലാ സംഗതികളും വിവരിച്ചിട്ടുണ്ടായിരുന്നു. അവർ പോയാൽ ധർമ്മപട്ടണം, കൊല്ലം (തെക്കൻകൊല്ലം) പന്തലായിനി (കൊയിലാണ്ടി), കൊടുങ്ങല്ലൂർ എന്നീ നാലു ദിക്കുകളിൽ ഏതെങ്കിലും ഒരു സ്ഥലത്തു ഇറങ്ങണമെന്നും തന്റെ രോഗസ്ഥിതിയും താൻ മരിച്ചുപോയാൽ ആ വിവരവും മലബാറുകാരിൽനിന്നു മറച്ചുവെക്കണമെന്നും പറഞ്ഞ് ശറഫ്ബ്നുമാലിക്ക് പക്കൽ രാജാവ് കത്ത്കൊടുത്തു. ഏറെ താമസിയാതെ രാജാവ് കാലധർമ്മം പ്രാപിച്ചു.

ഒട്ടും താമസിക്കാതെ തന്നെ ബഹുമാന്യരായ ശറഫ്ബ്നു മാലിക്ക്, മാലിക്ക്ബ്നു ദീനാർ, മാലിക്ക്ബ്നു ഹബീബ്, ഇബ്നു മാലിക്ക്, ഇദ്ദേഹത്തിന്റെ ഭാര്യ ഖുമരിയ എന്ന സ്ത്രീ ഇവരും മക്കൾ, അനുഗാമികൾ എന്നിവരും മററു ചിലരും കൂടി മലബാറിലേക്കു കപ്പൽ കയറി. അവർ കൊടുങ്ങല്ലൂരിൽ കപ്പൽ ഇറങ്ങി. രാജാവ് കൊടുത്തയച്ച കത്ത് അവിടുത്തെ അന്നത്തെ രാജാവു വശം കൊടുത്തു. രാജാവിന്റെ മരണവാർത്ത ഗൂഢമായി

വെക്കുകയും ചെയ്തു. അവിടുത്തെ രാജാവ് കത്തുവായിച്ചു അതിൽ പറഞ്ഞതനുസരിച്ച് അവർക്കാവശ്യപ്പെട്ട ഭൂമികളും, തോട്ടങ്ങളും, വീടുകളും, പാടങ്ങളും മററും ഏല്പിച്ചുകൊടുത്തു. അവർ അവിടെ താമസമായി.

പിന്നീടു അവർ അവിടെ ഒരു പള്ളി പണിചെയ്യിച്ചു. മാലിക്ക്ബ്നുദീനാർ അവിടെ താമസമുറപ്പിച്ചു. മലബാറിലെ മററു സ്ഥലങ്ങളിൽപോയി പള്ളി പണിചെയ്യിക്കേണ്ടതിന്നും ഇസ്ലാംമത പ്രചരണത്തിന്നുമായി മാലിക്ക്ബ്നുഹബീബിനെ നിശ്ചയിച്ചു. മാലിക്ക്ബ്നുഹബീബും ഭാര്യ ഖുമരിയ്യ എന്ന സ്ത്രീയും മക്കളിൽ ചിലരും കൊല്ല (തെക്കൻകൊല്ലം)ത്തേക്ക് പോയി. അവിടെ ഒരു പള്ളി പണിചെയ്യിച്ചു. ഭാര്യയെ അവിടെ താമസിപ്പിച്ചു. ഇദ്ദേഹം കൊല്ലത്തു നിന്നു ഹേലി (ഏഴിമല)ക്കും അവിടെനിന്നു പാക്കനൂർ എന്ന സ്ഥലത്തും അവിടെനിന്നു് മഞ്ചലൂർ (മംഗലാപുരം) എന്ന സ്ഥലത്തും പോയി. ഓരോ പള്ളി പണിചെയ്യിച്ചു. അവിടെ നിന്നു കാഞ്ഞർകോത്ത് (കാസർക്കോട്) പോയി ഒരു പള്ളി പണിചെയ്യിച്ചതിന്നുശേഷം അദ്ദേഹം വീണ്ടും ഹേലി (ഏഴിമല)ക്കു തന്നെ തിരിച്ചു. മൂന്നുമാസക്കാലം അവിടെ താമസിക്കുകയും അവിടെനിന്നു അദ്ദേഹം ജർപതൻ (ശ്രീകണ്ഠാപുരം), ധർമ്മപട്ടണം (ധർമ്മടം) പന്തലായിനി (കൊയിലാണ്ടി) ചാലിയം എന്നിവിടങ്ങളിൽ എല്ലാംപോയി ഓരോ പള്ളി പണിചെയ്യിച്ചു. ചാലിയം പള്ളിപണി കഴിഞ്ഞതിന്നുശേഷം അദ്ദേഹം അവിടെ അഞ്ചുമാസം താമസിച്ചു.



## ഇവർ പണിയിച്ച പത്തു പള്ളികളുടെ സ്ഥല വിവരങ്ങൾ.

1 കൊല്ലം (തെക്കൻകൊല്ലം) തിരുവിതാംകൂർ.
2. കൊടുങ്ങല്ലൂർ, കൊച്ചി
3. ചാലിയം, ഏറനാട്ടു താലൂക്ക്, മലബാർ ജില്ല.
4. പന്തലായിനി (കൊയിലാണ്ടി) കുറുമ്പനാടു താലൂക്ക്
5. ധർമ്മപട്ടണം (ധർമ്മടം) കോട്ടയം താലൂക്ക്
6. ജർപത്തൻ (ശ്രീകണ്ഠാപുരം) ചിറക്കൽ താലൂക്ക്.
7. ഹേലി (ഏഴിമല) ചിറക്കൽ താലൂക്ക്.
8. കാഞ്ഞർകോത്ത് (കാസർക്കോട്) കർണ്ണാടക ജില്ല.
9. മഞ്ചലൂർ (മംഗലാപുരം) കർണ്ണാടക ജില്ല
10. പാക്കനൂർ, കർണ്ണാടക ജില്ല.

അനന്തരം അവരുടെ പിതൃവ്യൻ മാലിക്ക്ബ്നുദീനാറുമായി കാഞ്ഞരത്തിന്നു കൊടുങ്ങല്ലൂരിലേക്കു തിരിച്ചു. അതിന്നുശേഷം അദ്ദേഹം പണിയിച്ചതായ എല്ലാ പള്ളികളിലും പോയി നമസ്കരിക്കുകയും ഹിന്ദുക്കൾ നിറഞ്ഞതായ ഒരു രാജ്യത്തിൽ ഇസ്ലാംമതത്തെ വെളിവാക്കിയതിൽ സന്തോഷഭരിതനായി അല്ലാഹുവെ സ്തുതിച്ചശേഷം കൊടുങ്ങല്ലൂരിലേക്കുതന്നെ തിരിച്ചു. മാലിക്ക്ബ്നുദീനാറും, മാലിക്ക്ബ്നുഹബീബും ദസ്സാറിതന്മാരും ഭൃത്യന്മാരോടുകൂടി കൊല്ലത്തേക്കുപോയി. മാലിക്ക്ബ്നുദീനാറും ചില ദസ്സാറിമാരും അവിടെനിന്നു് ശഹർമുഖല്ലായിലേക്കുതന്നെ മടങ്ങുകയും ബാക്കിയുള്ളവർ ഇവിടെ താമസമാക്കുകയുംചെയ്തു.

മാലിക്ക്ബ്നു ദീനാർ മുതലായവർ ശഹർമുഖല്ലായിൽവെച്ച് നിര്യാതനായ രാജാവിന്റെ ഖബർ സന്ദർശിച്ചു. അവിടെ നിന്നു് അവർ ഖുറാസാനിലേക്കു പോയി. അവിടെ വെച്ചാണ് മാലിക്ക്ബ്നു ദീനാർ ചരമഗതിയടഞ്ഞത്.

മാലിക്ക്ബ്നു ഹബീബ് തങ്ങളുടെ മക്കളിൽ ചിലരെ കൊല്ലത്തു് ഏല്പിച്ചുംകൊണ്ട് ഭാര്യയോടുകൂടി കൊടുങ്ങല്ലൂരിലേക്കു മടങ്ങി. അവർ ഇഹലോകവാസം വെടിഞ്ഞത് അവിടെ വെച്ചാണ്.

മലബാറിൽ ഇസ്ലാംമതം പ്രചാരത്തിലായ ചരിത്രം ഇപ്രകാരമാണ്. ഇതു് ഏതു കൊല്ലത്തിലാണെന്നു് സ്ഥിരമായ വിവരം കിട്ടിയിട്ടില്ലെങ്കിലും ഹിജറ രണ്ടാം നൂററാണ്ടിനു (ക്രിസ്താബ്ദം എട്ടാം നൂററാണ്ട്) ശേഷമാണെന്നാണ് ബലമായ പക്ഷം.

എന്നാൽ ഈ രാജാവു് ഇസ്ലാംമതം വിശ്വസിച്ചതു് റസൂൽ (സ. അ.) തങ്ങളുടെ കാലത്തു് ചന്ദ്രൻ പിളന്നു വീണ അത്ഭുതം കണ്ടിട്ടാണെന്നും രാജാവു് മക്കയിൽ പോയി നബി (സ. അ.) തങ്ങളെക്കണ്ടു മാലിക്ക്ബ്നു ദീനാർ മുതലായവരോടൊപ്പം മലബാറിലേക്കു മടങ്ങുന്ന വഴിമദ്ധ്യേ ശഹർമുഖല്ലായിൽവെച്ചു മരിച്ചതാണെന്നു് മലബാർ മുസ്ലിംകളുടെ ഇടയിലുള്ള ഐതിഹ്യം തീരെ അടിസ്ഥാന രഹിതമാണ്. രാജാവിന്റെ ഖബർ ശഹർ എന്ന രാജ്യത്തല്ല. യമനിൽപെട്ട 'സഫാറി'ലാണെന്നും ആ പ്രദേശക്കാർ അതിന്നു് "സാമിരി ഖബർ" എന്നു പേർ പറയുന്നുണ്ടെന്നും പറയപ്പെടുന്നു.



രാജാവ് എട്ടു ദിവസത്തേക്ക് തന്നെ ആരും കാണരുതെന്നു മന്ത്രിമാരോടും കുടുംബങ്ങളോടും നിരോധിച്ചിരുന്ന വിവരം മലബാറിലെ ഹിന്ദുക്കളും മുസ്ലിംകളും പരക്കെ അറിഞ്ഞിരുന്നുവെങ്കിലും അനന്തരസംഭവങ്ങളെപ്പററി ആരും അറിഞ്ഞിരുന്നില്ല. രാജാവ് മേൽഭാഗത്തേക്ക് കയറി പോയതാണെന്നാണ് ഹിന്ദുക്കളുടെ വിശ്വാസം. ഒരു കാലം ഇറങ്ങിവരും എന്നൊരു വിശ്വാസംകൂടി അവർക്കുണ്ട്. അതു ഹേതുവായി കൊടുങ്ങല്ലൂർ പട്ടണത്തിൽ ഒരു സ്ഥലത്തു് പാദുകവും വെള്ളവും ഒരുക്കി വെക്കുകയും ചില പ്രത്യേക ദിവസങ്ങളിൽ അവിടെ വിളക്കുകൾ കൊളുത്തി വെക്കുകയും ചെയ്യാറുണ്ടത്രെ.

രാജാവു് പോകുമ്പോൾ രാജ്യങ്ങൾ അവകാശികൾക്ക് ഭാഗിച്ചു കൊടുത്തുവെന്നും സാമൂതിരിപ്പാട്ട് തത്സമയം അവിടെ ഉണ്ടായിരുന്നില്ലെന്നും പിന്നീട്ട് അദ്ദേഹം വന്നപ്പോൾ യുദ്ധം ചെയ്തു രാജ്യങ്ങളെ കരസ്ഥപ്പെടുത്തുവാൻവേണ്ടി സമ്മതിച്ചുംകൊണ്ട് ഒരു വാൾ കൊടുത്തുവെന്നും പറയപ്പെടുന്നു.

രാജാവിന്റെ കല്പനപ്രകാരം സാമൂതിരിപ്പാട്ട് ഒന്നാമതായി കോഴിക്കോട്ട പട്ടണം കൈവശപ്പെടുത്തി. അവിടെ മുസ്ലിംകൾ താമസമാക്കി. പല ഭാഗങ്ങളിൽനിന്നും കച്ചവടക്കാരും തൊഴിലാളികളും അവിടെ വന്നുകൂടി. ക്രമേണ കച്ചവടവും കൈത്തൊഴിലും വർദ്ധിച്ചു. അതു ഒരു വലിയ പട്ടണമായിത്തീർന്നു. മുസ്ലിംകൾ, ഹിന്ദുക്കൾ മുതലായി പലരും അവിടെ വന്നു താമസമുറപ്പിക്കുകയും ചെയ്തു. മലബാറിലെ മററു രാജാക്കന്മാരെ അപേക്ഷിച്ചു സാമൂതിരിപ്പാട്ട് വളരെ പ്രബലനായിത്തീർന്നു. മലബാറിലുള്ള എല്ലാ രാജാക്കന്മാരും ഹിന്ദുക്കളായിരുന്നു. വലിയ

ശക്തന്മാരും അശക്തന്മാരും ഇവരുടെ കൂട്ടത്തിൽ ഉണ്ടായിരുന്നു. എങ്കിലും ഇവർ അന്യോന്യം രാജ്യങ്ങളെ കൈവശപ്പെടുത്തുകയോ ആക്രമിക്കുകയോ പതിവുണ്ടായിരുന്നില്ല. ഈ അഭ്യന്തര സമാധാനം ഇസ്ലാംമതം വിശ്വസിച്ച രാജാവിന്റെ ഉപദേശവും ഇസ്ലാം മതത്തിന്റെ മഹനീയതകൊണ്ടുമായിരുന്നു ഉളവായതു്.

നാലു ചതുരശ്രനാഴികയും അതിലധികവും വിസ്തൃതിയുള്ള രാജ്യങ്ങളെ ഭരിച്ചിരുന്നവരും നൂറു മുതൽ ഒരു ലക്ഷംവരെ സൈന്യങ്ങളുള്ളവരുമായ രാജാക്കന്മാർ അന്നു മലബാറിൽ ഉണ്ടായിരുന്നു. രണ്ടും മൂന്നും അതിലധികവും ആളുകൾ പങ്കായി ഭരിച്ചിരുന്ന ചില രാജ്യങ്ങളും ഉണ്ടായിട്ടുണ്ടു്. അവരിൽ ചിലൎക്കു മററവരെക്കാൾ സൈനികശക്തിയും മററും ഉണ്ടായിരുന്നു. അന്യോന്യം കക്ഷിവഴക്കുകളും മത്സരങ്ങളും ഉണ്ടായിരുന്നാൽ പോലും സംയുക്ത ഭരണത്തിൽ യാതൊരു ഭിന്നിപ്പും ഉണ്ടാകാറില്ല.

ഇവരിൽ സൈന്യശക്തിയിൽ പ്രഥമഗണനീയൻ കൊല്ലം മുതൽ കന്യാകുമാരി വരെയുള്ള രാജ്യങ്ങൾ ഭരിച്ചിരുന്ന തിരുവിതാംകൂർ രാജാവായിരുന്നു. തിരുവനന്തപുരത്തിനു കിഴക്കു് അദ്ദേഹത്തിന്റെ ഭരണാധികാരത്തിൽ പെട്ട വളരെ രാജ്യങ്ങൾ ഉണ്ടായിരുന്നു. തിരുവനന്തപുരം കഴിഞ്ഞാൽ ഏഴിമല, ശ്രീകണ്ഠപുരം, കണ്ണൂർ, എടക്കാട്ടു്, ധർമ്മപട്ടണം മുതലായ രാജ്യങ്ങളും വേറെ ചില ചെറു രാജ്യങ്ങളും ഭരിച്ചിരുന്ന കോലത്തിരി രാജാവായിരുന്നു സൈന്യശക്തിയിൽ പ്രഖ്യാതൻ എങ്കിലും സാമൂതിരിപ്പാടിനു മററെല്ലാ രാജാക്കന്മാരേയും അപേക്ഷിച്ചു് ഒരു പ്രത്യേക



ശക്തിയും പേരും പെരുമയും ഉണ്ടായിരുന്നു. അതു ഇസ്ലാംമതത്തിന്റെ മഹിമകൊണ്ടും, മുസ്ലിംകളുടേയും വിദേശമുസ്ലിംകളുടേയും നേരെ രാജാവിനുണ്ടായിരുന്ന പ്രത്യേകബഹുമാനംകൊണ്ടുമായിരുന്നു സിദ്ധിച്ചിരുന്നതു്.

സാമൂതിരിപ്പാടിനു ലഭിച്ചതായ വാളിന്റെ മാഹാത്മ്യമായിരുന്നു അതിനു കാരണമെന്നു ഹിന്ദുക്കളും പറഞ്ഞുവരുന്നു. ആ "വാൾ" അവരുടെ കൈവശം ഇപ്പോഴും ഇരിപ്പുണ്ടെന്നും, അതു ചില പ്രത്യേക ദിവസങ്ങളിലെ ആഘോഷങ്ങൾക്കും യുദ്ധാവശ്യത്തിനും പുറത്തെടുക്കാറുണ്ടെന്നും പറയപ്പെടുന്നുണ്ടു്. അതിനെ അവർ വളരെ ഭക്തിയോടെ ആദരിച്ചുവരുന്നുമുണ്ടത്രെ. സാമൂതിരിപ്പാടു് തന്നെക്കാൾ ശക്തികുറഞ്ഞ രാജാക്കന്മാർ തനിക്കു് കീഴ്പെടാതിരുന്നാൽപോലും ഒരു വിധേനയും അവരെ ഉപദ്രവിച്ചിരുന്നില്ല. വല്ല പ്രത്യേക കാരണത്താലും മലബാറിലെ ഏതെങ്കിലും രാജാവിനോടു യുദ്ധംചെയ്തു എതിരാളികൾ പരാജിതരായി കീഴടങ്ങിയാൽ അവൎക്കു അവർ ആവശ്യപ്പെടുന്ന സ്വത്തുക്കളോ രാജ്യങ്ങളോ ഉദ്യോഗങ്ങളോ കൊടുക്കുക സാമൂതിരിപ്പാടിന്റെ പതിവായിരുന്നു. ഇതു പഴയ ആചാരത്തിൽപെട്ടതാണ്. മലബാറുകാർ പാരമ്പര്യ നടപടികളേയും, പൂർവ്വാചാരങ്ങളേയും പുലർത്തുന്നവരാണു്. മററു രാജാക്കന്മാർ ആരോടു യുദ്ധത്തിനു പുറപ്പെട്ടാലും കഴിയുന്നത്ര ദേഹനഷ്ടവും രാജ്യനഷ്ടവും ആയിരുന്നു അവരുടെ ലക്ഷ്യം.

# മൂന്നാം ഭാഗം.

## മലബാർ ഹിന്ദുക്കളുടെ അത്ഭുതാവഹമായ ആചാരങ്ങൾ.

മലയാളി ഹിന്ദുക്കളുടെ അത്ഭുതകരങ്ങളായ ആചാരങ്ങൾ മറെറാരു ജനതയിലും കാണുന്നതല്ല. പടനായകൻ പോർക്കളത്തിൽ മൃതിയടഞ്ഞാൽ സേനകൾ കുതിച്ചു മുന്നോട്ടു കയറുകയല്ലാതെ അണുപോലും പിന്തിരിയുകയില്ല. ഒന്നുകിൽ വിജയം അല്ലെങ്കിൽ മരണം എന്ന ദൃഢനിശ്ചയത്തോടെ ആയിരിക്കും അവർ പൊരുതുക. അതിനാൽ സേനാനായകൻ വധിക്കപ്പെടുക എന്നതു് ഇരുകക്ഷികൾക്കും ഭയവും അപമാനകരവും ആയിരുന്നു. ഇതവരുടെ പൂർവ്വീക ചട്ടമാണ്. ഈ കാലത്തെ ചട്ടവും ഇങ്ങനെത്തന്നെയാണ് എന്നു പറഞ്ഞുകൂട.

സാമൂതിരിപ്പാടിനെ സഹായിക്കുന്ന ഒരു കക്ഷിയും കൊച്ചി രാജാവിനെ സഹായിക്കുന്ന ഒരു കക്ഷിയും ഇങ്ങനെ രണ്ടു കക്ഷിയായിരുന്നു മലബാറുകാർ. കക്ഷികൾ തക്കതായ കാരണം കൂടാതെ ക്രൂരമാവുന്ന സ്വഭാവക്കാരായിരുന്നില്ല. യുദ്ധത്തിനു ഒരു ദിവസം നിശ്ചയിക്കുകയും യുദ്ധത്തിൽ ചതിചെയ്യാതിരിക്കുകയും അവരുടെ പ്രത്യേക നടപ്പായിരുന്നു. നിശ്ചിത നാളുകളിലല്ലാതെ അവർ യുദ്ധം ചെയ്യുകയില്ല. യുദ്ധത്തിൽ ചതിപ്രയോഗം വളരെ നികൃഷ്ടമായിട്ടാണ് അവർ കരുതിയിരുന്നതു്.



രക്തബന്ധമുള്ളവർ മരിച്ചാൽ പുലകുളിക്കുകയും മാതാവോ പിതാവോ മരിച്ചാൽ മകൻ സുഖഭോഗങ്ങളെ ത്യജിച്ചു് ഒരു കൊല്ലം ദീക്ഷ ആചരിക്കുകയും ചെയ്യുന്നതു് മലയാളി ഹിന്ദുക്കളുടെ മറെറാരു ആചാരമാണ്. നിർബ്ബന്ധാചാരംകൊണ്ടു് മരിച്ചവർക്കു് പുണ്യം ലഭിക്കും എന്നാണ് അവരുടെ വിശ്വാസം. നായർ കുടുംബത്തിൽ സഹോദരികൾക്കും അവരുടെ മക്കൾക്കും മാതൃ ഭാഗത്തിലുള്ള സംബന്ധികൾക്കുമാകുന്നു മുതലവകാശവും സ്ഥാനാവകാശവും. മക്കൾക്കു് ലഭിക്കുകയില്ല. ഇതിന്നു മരുമക്കത്തായ സമ്പ്രദായമെന്നാണ് പേർ. വടക്കെ മലയാളത്തിലെ മുസ്ലിംകളുടെ ഇടയിലും പ്രായേണ ഈ സമ്പ്രദായം നടപ്പുണ്ടു്. അതു് ഹിന്ദുക്കളിൽനിന്നു് പകർന്നതായിരിക്കാം. മതപരമായ സംഗതികളിൽ അവർക്കു് വിശ്വാസവും ആദരവുമുണ്ടെങ്കിലും ഈ സമ്പ്രദായം അവർ ഇനിയും ഉപേക്ഷിച്ചിട്ടില്ലെന്നു് പ്രത്യേകം പറയേണ്ടിയിരിക്കുന്നു.

നായന്മാർ ഒഴികെ ബാക്കിയുള്ള ഹിന്ദുക്കളിൽ ബ്രാഹ്മണർ, തിയ്യർ, കമ്മാളർ, മുക്കുവർ മുതലായ സമുദായക്കാരുടെ മുതലവകാശം മക്കൾക്കാണ്. അവർക്കു് കെട്ടുസംബന്ധമായ ആചാരമാണ് വിവാഹ വിഷയമായിട്ടുള്ളതു്. നായർ സമുദായത്തിൽ കെട്ടുസംബന്ധമായ ആചാരമില്ല. അവരുടെ വിവാഹവേളയിൽ വധുവിന്റെ കഴുത്തിൽ വരൻ ഒരു ചരടു് കെട്ടണമെന്നേയുള്ളു. നായർ സ്ത്രീകളുടെമേൽ ഭർത്താക്കന്മാർക്കു് അധികാരമൊന്നുമില്ല. അവർക്കു യഥേഷ്ടം ഭർത്താക്കന്മാരെ സ്വീകരിക്കുവാൻ സ്വാതന്ത്ര്യമുണ്ടു്. സ്ത്രീ സ്വാതന്ത്ര്യം നായർ സമുദായത്തിൽ അനുവദിക്കപ്പെട്ടിട്ടുണ്ടു്. അവരുടെ ഇടയിൽ പേരും പെരുമയും അവകാശ

ത്താവഴി ക്രമങ്ങളും വിവാഹമോചന സമ്പ്രദായവും എല്ലാം സ്ത്രീകൾക്കാണുള്ളത്.

ബ്രാഹ്മണസമുദായത്തിൽ മൂത്ത ആൾ മാത്രമേ ആചാരപ്രകാരമുള്ള വിവാഹം (വേളി) കഴിക്കാറുള്ളു. കുടുംബത്തിൽ അവകാശികൾ വർദ്ധിക്കുമെന്ന ഭയത്താൽ അനന്തിരവന്മാർ ആചാരപ്രകാരം വിവാഹം ചെയ്യാറില്ല. അവർ നായന്മാരുടെ വീടുകളിൽ ചെന്നുകൂടുകയാണ് പതിവ്. അവർക്കു നായർ സ്ത്രീകളിൽ ഉണ്ടാകുന്ന സന്താനങ്ങൾക്ക് അച്ഛന്റെ സ്വത്തിനു അവകാശമില്ല. ബ്രാഹ്മണരിൽ മൂത്ത ആൾക്ക് സന്താനമില്ലാതെ വന്നാൽ അടുത്ത സഹോദരൻ വേളി കഴിക്കണമെന്നാണ് നിശ്ചയം. ആശാരി, മൂശാരി, തട്ടാൻ, കൊല്ലൻ ആദിയായ ഐങ്കുടി കമ്മാളരുടേയും തിയ്യൻ, വണ്ണാൻ, വേലൻ തുടങ്ങിയ മററു അവർണ്ണരുടേയും ഇടയിൽ വിവാഹവിഷയമായി പാണ്ഡവാചാരം എന്നൊരു ആചാരം നടപ്പുണ്ട്. ജ്യേഷ്ഠാനുജന്മാർകൂടി ഒരു സ്ത്രീയെ വിവാഹം ചെയ്യുന്ന ആചാരമാണ് പാണ്ഡവാചാരം. (പക്ഷെ നികൃഷ്ടമായ ഈ ആചാരം ഇപ്പോൾ അവരുടെ ഇടയിൽ നാമാവശേഷമായിരിക്കുന്നു എന്നുതന്നെ പറയാം.)

സ്ത്രീ പുരുഷന്മാർ തമ്മിൽ വസ്ത്രധാരണ വ്യത്യാസം മലയാളി ഹിന്ദുക്കളുടെ ഇടയിൽ പണ്ടുണ്ടായിരുന്നില്ല സ്ത്രീ പുരുഷ ധനിക ദരിദ്ര വ്യത്യാസമെന്യെ ഏതൊരാളും ഒരു മുണ്ടുമാത്രം ഉടുക്കുന്ന പതിവേ ഉണ്ടായിരുന്നുള്ളു. ബ്രാഹ്മണ സ്ത്രീകൾ മററു സ്ത്രീകളെപ്പോലെ പുറത്തിറങ്ങി നടക്കുകയും ചെയ്യാറില്ല.



നായർസ്ത്രീകൾ പലവിധ വസ്ത്രാഭരണങ്ങൾ ധരിച്ച് പുരുഷന്മാരോടൊപ്പം വിനോദസ്ഥലങ്ങളിൽ പ്രവേശിക്കുക പതിവായിരുന്നു. സഹോദരന്മാരിൽ വയസ്സുമൂത്തവൻ കുരുടനോ ശക്തിഹീനനോ മൂഢനോ ആയിരുന്നാൽകൂടി അവനെത്തന്നെ തറവാട്ടു കാരണവരാക്കുക പതിവായിരുന്നു. സ്ഥാനമാനങ്ങൾ ലഭിക്കുന്നതിന്നായി മൂത്തവരെ കൊല്ലുകയും ചെയ്തിരുന്നില്ല. തറവാട്ടിൽ ആളില്ലാതെവരികയോ ആൾ കുറയുകയോചെയ്താൽ അന്യ കുടുംബത്തിൽനിന്നു ദത്തെടുത്തു സ്വന്തം മക്കൾ മരുമക്കൾ സഹോദരൻ എന്നീ ക്രമത്തിൽ വെക്കുകയും, മുതലവകാശവും സ്ഥാനാവകാശവും അവർക്കു നൽകുകയും ചെയ്തുപോന്നിരുന്നു. ഇതു മലബാർ ഹിന്ദുക്കളിൽ ഉയർന്നജാതിയിലും താഴ്ന്നജാതിയിലും നടന്നുപോന്നിരുന്ന ഒരു ആചാരമായിരുന്നു. ഇതുകൊണ്ട് ഏതൊരു ഗോത്രങ്ങളിലേയും പിൻതുടർച്ച മുറിഞ്ഞുപോയിരുന്നില്ല. മലബാറിൽ ഹിന്ദുക്കൾ നാനാജാതിക്കാരും ഗോത്രക്കാരുമാകുന്നു. തന്നിമിത്തം താഴ്ന്നജാതിയെന്ന ജാതിയെ തൊടുകയോ അതിർകവിഞ്ഞ് അടുക്കുകയോ ചെയ്താൽ ഉയർന്നജാതി കുളിക്കേണമെന്നും, കുളിക്കാതെ ഭക്ഷണം കഴിപ്പാൻ പാടില്ലെന്നുമാണ് നിശ്ചയം. ഇതിനെ ലംഘിച്ചാൽ ഉയർന്ന ജാതിയുടെ ഉയർച്ചക്ക് ഹാനി നേരിടുമെന്നും മററുമുള്ള ചില അന്ധവിശ്വാസങ്ങൾ ഹിന്ദുക്കളുടെ ഇടയിൽ വേരൂന്നി പിടിച്ചിരിക്കുന്നത് ഇതുകൊണ്ടാണ്. ഈവിധം ഉയർച്ചക്ക് ഇടയിൽതട്ടി സ്വജാതിയിൽനിന്നു ഭ്രഷ്ടാക്കപ്പെട്ട ചിലർ നാടുവിട്ടു ഓടി അന്യരാജ്യങ്ങളിൽ പോകുകയോ പോകാത്തവരെ ഭരണാധിപന്മാർ ദാസന്മാരാക്കി പിടിച്ചു വില്ക്കുകയോ പതിവായിരുന്നു. ചിലർ ഇസ്ലാംമതമോ, ജൂതമതമോ, ക്രിസ്തുമതമോ വിശ്വസിക്കുകയും ചെയ്തുപോന്നിരുന്നു.

താഴ്ന്ന ജാതി പാകംചെയ്ത ഭക്ഷണം ഉയൎന്ന ജാതിക്കു് ഭക്ഷിക്കുവാൻ പാടില്ലെന്നും അഥവാ ഭക്ഷിച്ചുപോയാൽ അവരുടെ ഉയൎച്ചക്കു് ഹാനി തട്ടുമെന്നുമുള്ള ഒരു വിശ്വാസവും അവരുടെ ഇടയിൽ ഉണ്ടു്.

പൂണൂൽ ധരിക്കുന്നവരാണു് മലബാറിലെ ഏററവും ഉയൎന്ന ജാതി. ഇവരിൽതന്നെ ഉയൎന്നവരും താഴ്ന്നവരും എന്നിങ്ങിനെ പലജാതികളുമുണ്ടു്. ബ്രാഹ്മണർ ഏററവും ഉയൎന്നവരും പൂണൂൽ ധരിക്കുന്നവരും ആണു്. ഇവരിൽതന്നെ പല അവാന്തരവിഭാഗങ്ങളുമുണ്ടു്. ഇവരിൽ താഴ്ന്നവരാണു് ശൂദ്രർ. ഇവർ എണ്ണത്തിൽ അധികം ഉള്ളവരും ശക്തന്മാരും ആകയാൽ അന്നത്തെ യോദ്ധാക്കളും ഇവരായിരുന്നു. അവരിൽതന്നെ പല ജാതിയുണ്ടു് ഈഴവർ ഇവരെക്കാൾ താഴ്ന്ന ജാതിക്കാരും തെങ്ങേററം, കള്ള ചെത്തു്, ചക്കര ഉണ്ടാക്കുക എന്നീ പ്രവൃത്തിക്കാരും ആകുന്നു.

ആശാരി, മൂശാരി, തട്ടാൻ, കൊല്ലൻ, മുക്കുവൻ മുതലായവർ അധഃകൃതരാണു്. ഇവരിലും താഴ്ന്നവർ പല ജാതികളും ഉണ്ടു്. കർഷവൃത്തിയും മററു കൂലിവേലയും ചെയ്യുന്ന ഒരു ജാതിക്കു് "കണക്കന്മാർ" എന്നു പറയുന്നു. താഴ്ന്ന ജാതിയും, ഉയൎന്ന ജാതിയും തമ്മിൽ സംഭോഗം ഉണ്ടായാൽ ഉയൎന്നജാതിക്കു് ഭ്രഷ്ടു് കല്പിക്കപ്പെടുകയും അവർ അതു് ഭയപ്പെട്ടു് ഓടിപ്പോവുകയോ മററു വല്ല മതവും വിശ്വസിക്കുകയോ ചെയ്കയും പതിവായിരുന്നു. ബ്രാഹ്മണൻ, നായർഗൃഹത്തിൽപോയി ഭോഗം ചെയ്യുന്നതുകൊണ്ടു് ബ്രാഹ്മണൎക്കു് താഴ്ചയില്ല. ഇതു ഇരുകൂട്ടൎക്കും പുണ്യമായിട്ടാണു് കരുതിപോരുന്നതു്. ഇപ്രകാരം പല ആചാരങ്ങ



ളേയും അവരുടെ മാഹാത്മ്യവും വിധിത്വവുംകൊണ്ടു് അവർ നിർബ്ബന്ധമാക്കീട്ടുണ്ടു്. ഈ സംഗതികളെ അധികം വിവരിക്കേണമെന്നു വിചാരിക്കുന്നില്ല. ഇത്രയും എഴുതിയതുതന്നെ വായനക്കാൎക്കു് അല്പമായ ഒരറിവെങ്കിലും നൽകുന്നതിനായിട്ടാണു്.

ബഹുമാന്യനായ ശറഫ്ബ്നുമാലിക്കും, മാലിക്ബ്നുദീനാറും, ഹബീബ്ബ്നുമാലിക്കും കൂടെയുള്ളവരും മലബാറിൽ വന്നു മുൻപ്രസ്താവിച്ച സ്ഥലങ്ങളിൽപോയി പള്ളികൾ പണി ചെയ്യിച്ചതിന്നുശേഷം മലബാറിൽ ഇസ്ലാമതം അല്പാല്പമായി പ്രചരിക്കുകയും പല ഭാഗങ്ങളിൽനിന്നും കച്ചവടക്കാർ വന്നുചേരുകയും ചെയ്തു. ചാലിയം, കോഴിക്കോടു്, ഫർഫറങ്കാതി (പരപ്പനങ്ങാടി) തിരുവരങ്കാതി (തിരൂരങ്ങാടി), താനൂർ, ഫറവന്തൂർ, (പറമണ്ണ) പൊന്നാനി, ബലിയകോത്തു് (വെളിയങ്കോടു്) വടക്കെ മലബാറിൽ ചെമ്പ കനാനൂർ (കണ്ണൂർ), ധർമ്മപട്ടണം (ധർമ്മടം), എടക്കാടു്, (ചെന്മാലാടു്,) ഹേയിലി, (മാടായി) തിരുവങ്കാടു്, ബതഖതൻ, (വളപട്ടണം) നാദാപുരം, കൊയിലാണ്ടി, തക്കോതി, (തിക്കോടി) കാരക്കാടു്, തെക്കെ മലബാറിൽ കൊച്ചി, കൊടുങ്ങല്ലൂർ, വസ്സു് എന്നി സ്ഥലങ്ങളിലും മററു തുറമുഖങ്ങളിലും മുസ്ലിംകൾ ധാരാളമായി കച്ചവടംചെയ്തു് താമസിച്ചുപോന്നു. ഈ സ്ഥലങ്ങളിൽ വെച്ചു പ്രസിദ്ധി നേടിയതു് കോഴിക്കോടു് തുറമുഖമായിരുന്നു. എന്നാൽ പോൎത്തുഗീസുകാരുടെ വരവു് ഹേതുവായി വിദേശക്കച്ചവടം നഷ്ടപ്പെട്ടതിനാൽ പട്ടണം വളരെ ക്ഷയിച്ചുപോയി.

മലബാറിലെ ഗവർമ്മേൻറുകളും സൈന്യങ്ങളും ഹിന്ദുക്കളായിരുന്നിട്ടും അവർ ഒരു പ്രകാരത്തിലും മുസ്ലിംകളെ ദ്രോഹി

ക്കുകയോ അവരുടെ കച്ചവടങ്ങളെ തടസ്സപ്പെടുത്തുകയോ അവരുടെ മതസ്വാതന്ത്ര്യത്തെ ഹനിക്കുകയോ ചെയ്തിരുന്നില്ല. മുസ്ലിംകൾ നൂററിന്ന് ഒന്നു കണ്ട് മാത്രമേ അന്നു മലബാറിൽ ഉണ്ടായിരുന്നുള്ളു. അവൎക്ക് ശക്തിയുള്ള ഉമറാക്കളോ (നായകന്മാരോ) വിധികൎത്താക്കളോ ഉണ്ടായിരുന്നില്ല. അവരും ഹിന്ദുക്കളും വളരെ സ്നേഹത്തിലും സൗഹാൎദ്ദത്തിലും ആയിരുന്നു വൎത്തിച്ചിരുന്നത്. ആ കാലത്ത് മുസ്ലിംകളായിരുന്നു കച്ചവടവും മററും നടത്തിയിരുന്നത്. അതുകൊണ്ട് മുസ്ലിംകൾക്ക് ഹിന്ദുക്കൾ പ്രത്യേക നിലയും വിലയും കല്പിച്ചിരുന്നു. അവർ മുസ്ലിംകൾക്ക് കടം കൊടുക്കുകയും മതാനുസരണം കാൎയ്യങ്ങൾ വിധിച്ചുകൊടുക്കുകയും ഖാസിയേയും ബാങ്കിയേയും (പള്ളിയിലെ കാൎയ്യസ്ഥൻ) നിശ്ചയിച്ചുകൊടുക്കുകയും ചെയ്തിരുന്നു. മതവിധികളനുസരിച്ച് നടക്കുന്നതിലും നടത്തിക്കുന്നതിലും അവർ മുസ്ലിംകളെ സഹായിച്ചിരുന്നു. വെള്ളിയാഴ്ച 'ജുമുഅ' നമസ്കാരം ഉപേക്ഷിക്കുവാൻ പാടില്ലെന്ന് മുസ്ലിംകളോട് അവർ നിർബ്ബന്ധിക്കുകയും മിക്കരാജ്യങ്ങളിലും 'ജുമുഅ' ഒഴിച്ചവരെ ശിക്ഷിക്കുകയും ചെയ്തുപോന്നിരുന്നു. കൊലക്കുററം ചെയ്ത മുസ്ലിമിനെ മുസ്ലിം നേതാക്കളുടെ സമ്മതപ്രകാരം തൂക്കിക്കൊല്ലുകയും ശവം സംസ്കരിക്കേണ്ടതിന്നായി മുസ്ലിംകളെ ഏല്പിക്കുകയും ചെയ്തിരുന്നു. അന്യജാതിയിൽപ്പെട്ട കൊലപ്പുള്ളിയെ തൂക്കിക്കൊന്നാൽ ശവം നായ, കുറുക്കൻ മുതലായ ജന്തുക്കൾ തിന്നുപോവുകയല്ലാതെ അത് മറവുചെയ്യാറില്ലായിരുന്നു. എത്ര വലിയ ധനികനായിരുന്നാലും അവനിൽനിന്ന് വിളനികുതിയോ നിലനികുതിയോ വാങ്ങിയിരുന്നില്ല കച്ചവടാദായത്തിൽ നിന്ന് പത്തിലൊരംശ



മേ ഗവർമ്മെൻറ് ഏതൊരു പ്രജയിൽനിന്നും വസൂലാക്കിയിരുന്നുള്ളു. മുസ്ലിംകളുടെ വീടുകളിൽ അവരുടെ സമ്മതം കൂടാതെ അമുസ്ലിംകളെ കടക്കുവാൻ അനുവദിക്കുകയോ, മുസ്ലിംഗൃഹത്തിൽ ഒളിച്ചിരുന്ന കുററക്കാരെ പുറത്തിറക്കിക്കൊടുക്കുവാൻ ആവശ്യപ്പെടുകയല്ലാതെ വീട്ടിൽകടന്നു പിടിക്കുവാൻ നിയമിക്കുകയോ, ഹിന്ദുക്കളിൽനിന്നു ഇസ്ലാംമതം സ്വീകരിച്ചവരെ അവർ ദ്രോഹിക്കുകയോ ചെയ്തിരുന്നില്ല. നേരെമറിച്ച്, പുതുവിശ്വാസികൾ എത്ര താഴ്ന്നജാതിയിൽ പെട്ടതായിരുന്നാലും അവരെ മററു മുസ്ലിംകളെപ്പോലെ ബഹുമാനിക്കുകമാത്രമാണ് ചെയ്തിരുന്നത്. മുസ്ലിംകച്ചവടക്കാർ പുതുവിശ്വാസികൾക്ക് ഉപകരിക്കത്തക്ക നിലയിൽ ഒരു ഫണ്ട് ഏർപ്പെടുത്തുകയും ചെയ്തിരുന്നു

# നാലാം ഭാഗം

## ഒന്നാം അദ്ധ്യായം.

പോർത്തുഗീസുകാരുടെ മലബാർപ്രവേശനം, സാമൂതിരിപ്പാട്ടമായുള്ള ഭിന്നിപ്പ്, കൊച്ചി, കണ്ണൂർ, കൊല്ലം ഇവിടങ്ങളിൽ കോട്ടകെട്ടിയതും ഗോവതുറമുഖം പിടിച്ചടക്കിയതും.

കരവഴിക്കുള്ള ഇന്ത്യൻവ്യാപാരം തടസ്സപ്പെട്ടതിനാൽ ഹിജ്റ കൊല്ലം 904 (ക്രി:അ: 1498)ൽ പോർത്തുഗീസുകാരുടെ മൂന്നു കപ്പൽ കൊയിലാണ്ടിയിൽ എത്തി, അവിടെനിന്നു കോഴിക്കോട്ടുവന്നു. മലബാറിലെ സ്ഥിതിഗതികൾ അറിയേണ്ടതിന്നായി ഏതാനും മാസങ്ങൾ അവിടെ താമസിച്ചശേഷം അവർ യാതൊരു കച്ചവടത്തിലും ഏർപ്പെടാതെ സ്വദേശത്തേക്കുതന്നെ മടങ്ങി. മലയാളത്തിൽ ചുക്ക് മുളക് മുതലായവ ശേഖരിച്ച് വില്ക്കുന്ന കച്ചവടക്കാരുടെ വിദേശവ്യാപാരം തങ്ങൾക്ക് സ്വന്തമായി കൈക്കലാക്കേണമെന്നായിരുന്നു പോർത്തുഗീസുകാരുടെ ഉദ്ദേശം. രണ്ടുകൊല്ലം കഴിഞ്ഞശേഷം ഈ പാശ്ചാത്യർ പിന്നെയും ആറു കപ്പലുകളോടുകൂടി വ്യാപാരികളുടെ നിലയിൽ കോഴിക്കോട്ട് വന്നിറങ്ങി കച്ചവടംതുടങ്ങി.

മുസ്ലിംകൾ അറേബ്യയിലേക്കു ചരക്കുകൾ കയററിപ്പോകുന്നതിനേയും അവരുടെ കച്ചവടത്തേയും തടയേണമെന്നും എന്നാൽ അവരുടെ പക്കൽനിന്നു ലഭിക്കുന്ന ലാഭത്തേക്കാൾ ഇരട്ടി



യായി തങ്ങൾ കൊടുക്കാമെന്നും പോർത്തുഗീസുകാർ സാമൂതിരിപ്പാടിന്റെ ഉദ്യോഗസ്ഥന്മാരെ ധരിപ്പിച്ചു. അനന്തരം കച്ചവടകാര്യങ്ങളിൽ അവർ മുസ്ലിംകളെ എതിർക്കുവാൻ തുടങ്ങുകയും ചെയ്തു അപ്പോൾ സാമൂതിരി രാജാവ് കുററവാളികളായ പോർത്തുഗീസുകാർക്ക് വധശിക്ഷ വിധിക്കുകയും അതുപ്രകാരം ഉദ്ദേശം എഴുപതുആളുകളെ കൊലപ്പെടുത്തുകയും ചെയ്തു. ബാക്കിയുള്ളവർ ഓടി കപ്പലിൽകയറി കരയിലേക്കു വെടിവെച്ചു കരയിലുള്ള സാമൂതിരി സൈന്യം കപ്പലിലേക്കും വെടിവെച്ചു.

പോർത്തുഗീസുകാർ പിന്നെ കൊച്ചിയിൽപോയി അവിടത്തെ രാജാവുമായി ഒരു ഉടമ്പടി ചെയ്കയും അവിടെ ഒരു കോട്ട പണിയിക്കയുംചെയ്തു പോർത്തുഗീസുകാർ ഇന്ത്യയിൽ ഒന്നാമതായി പണിയിച്ച കോട്ട ഇതായിരുന്നു. അവർ അവിടെ സ്ഥിരവാസം തുടങ്ങി. കടൽകരയിലുണ്ടായിരുന്ന ഒരു മുസ്ലിംപള്ളി പൊളിച്ച് ഒരു ക്രിസ്ത്യൻ കനീസ്സ പണിചെയ്യിക്കുകയും ആ രാജ്യനിവാസികളുമായി വ്യാപാരം നടത്തുകയും ചെയ്തു. അതിന്നുശേഷം അവർ കണ്ണൂരിൽപോയി അവിടത്തുകാരുമായി ഉടമ്പടിചെയ്തു. അവിടേയും ഒരു കോട്ട പണിചെയ്യിച്ച് അവിടത്തുകാരുമായി വ്യാപാരം ആരംഭിച്ചു. പിന്നീട് ചുക്കും കുരുമുളകും കയററി അവർ സ്വരാജ്യത്തേക്കു തന്നെ മടങ്ങിപ്പോയി ഇതായിരുന്നു പോർത്തുഗീസുകാർ ഇന്ത്യയിൽവന്നു താമസിച്ചിരുന്നതിന്റെ പരമോദ്ദേശ്യം.

വീണ്ടും അവർ ഒരു കൊല്ലം കഴിഞ്ഞതിൽപിന്നെ നാല് കപ്പലുകളോടുകൂടി എത്തി. കൊച്ചിയിലും കണ്ണൂരിലും വന്ന്

ചുക്കും കുരുമുളകും കയററി സ്വദേശത്തേക്കുതന്നെ തിരിച്ചു. പിന്നെ വന്നതു് രണ്ടുകൊല്ലം കഴിഞ്ഞ ശേഷമാണ്. അപ്പോൾ ഇരുപതിൽ അധികം കപ്പലുകൾകൊണ്ടാണ് അവർ വന്നതു്. ചുക്ക് കുരുമുളക് ഇതുകൾക്ക് പുറമെ മററു ചരക്കുകളും കയററിക്കൊണ്ടു് മടങ്ങി. ഈ നിലയിൽ അവരുടെ കച്ചവടം ക്രമാതീതമായി അഭിവൃദ്ധിപ്പെടുകയാൽ ഈ വിദേശ വ്യാപാരികൾക്കു് ശക്തിയും പ്രാബല്യവും സിദ്ധിച്ചു.

ഈ കാലം സാമൂതിരിപ്പാടു് കൊച്ചിയിൽ പോയി പൂർവ്വവൈരത്താൽ ആ രാജ്യത്തെ നശിപ്പിക്കുകയും നാട്ടുരാജാക്കന്മാരിൽ രണ്ടോ മൂന്നോ ആളെ കൊലപ്പെടുത്തി കോഴിക്കോട്ടേക്കു തന്നെ മടങ്ങുകയും ചെയ്തു.

ഇവരെ കൊലപ്പെടുത്തുവാനുള്ള കാരണം:— കൊച്ചിയിൽ പോത്തുഗീസുകാർ പ്രവേശിച്ചതിനുശേഷം അവർ ബലംപ്രയോഗിച്ചു് അവിടത്തേയും അയൽ രാജ്യങ്ങളിലേയും സ്ഥാനാധികാരങ്ങൾ കുടുംബത്തിൽ പ്രായമേറിയവക്കു് കൊടുക്കേണമെന്നുള്ള നിശ്ചയത്തെ മാററി മരുമക്കൾക്കുമാത്രം നിശ്ചയിച്ചുകൊടുത്തു് കൊച്ചി രാജാക്കന്മാർ പോത്തുഗീസുകാക്കു് പ്രത്യേകം നിലയും വിലയും കല്പിക്കുകയും പോത്തുഗീസുകാർ കൊച്ചിരാജാക്കന്മാരെ യുദ്ധങ്ങളിലും മററു ആവശ്യങ്ങളിലും ധനംകൊണ്ടും മററും സഹായിക്കുകയും കച്ചവടലാഭത്തിൽ പത്തിലൊരംശം രാജാക്കന്മാക്കു് കൊടുക്കുകയുംചെയ്തു. അതുനിമിത്തം കൊച്ചി രാജാക്കന്മാരുടെ ശക്തി വർദ്ധിച്ചുവന്നു.

പോർത്തുഗീസുകാർ ചരക്കുകൾ കയററി സ്വദേശത്തേക്കു പോയി. ഒരു കൊല്ലം കഴിഞ്ഞശേഷം വീണ്ടും അവർ പത്തു്



കപ്പലുകളോടുകൂടി വന്നു. അവയിൽ ഏഴെണ്ണം പുതിയതും മൂന്നു പഴയതും ആയിരുന്നു. വഴിയിൽ ചില താമസംനേരിട്ടതുകൊണ്ടു് ഏഴു കപ്പൽ ചരക്കുകയററി അവരുടെ രാജ്യത്തേക്കു പോയി. മൂന്നുകപ്പൽ കൊച്ചിയിൽതന്നെ നില്ക്കുകയുംചെയ്തു. ഈ കപ്പൽ പിടിക്കേണമെന്നുദ്ദേശിച്ചു് ഒരു ലക്ഷത്തോളം നായർ സൈന്യത്തോടുകൂടി സാമൂതിരി രാജാവും കൊച്ചിയിലേക്കു് പുറപ്പെട്ടു. ഒട്ടധികം മുസ്ലിംകളും രാജാവൊന്നിച്ചു് പോയിട്ടുണ്ടായിരുന്നു. പോർത്തുഗീസുകാർ വളരെ ശക്തിയായി പീരങ്കിയുദ്ധം ചെയ്കയാൽ സാമൂതിരിസൈന്യങ്ങൾക്കു് കൊച്ചിയിലേക്കു കടക്കുവാൻ ധൈര്യം ഉണ്ടായില്ല. എങ്കിലും അന്നു രാജാവൊന്നിച്ചു പോയിരുന്നവരിൽ മൂന്നു വഞ്ചി നിറയെ പൊന്നാനി മുസ്ലിംകളും ഉണ്ടായിരുന്നു. അവർ പോർത്തുഗീസുകാരോടു് നേരിട്ടു യുദ്ധംചെയ്തു ആ യുദ്ധത്തിൽ ഏതാനും മുസ്ലിംകൾ മരിച്ചു.

ഒടുവിൽ പൊന്നാനിക്കാരും വെളിയങ്കോട്ടുകാരും കൂടി നാലു വഞ്ചിയിലും കൊയിലാണ്ടിക്കാരും കാപ്പാട്ടുകാരും കൂടി മൂന്നു വഞ്ചിയിലും വന്നു. ഇങ്ങനെ ഏഴു വഞ്ചി മുസ്ലിംകൾ പോർത്തുഗീസുകാരോടു് എതിർത്തു തീവ്രമായ സമരം നടത്തിയതിനുശേഷം വർഷക്കാലം അടുത്തതിനാൽ യുദ്ധം നിത്തേണ്ടിവന്നു. ഇതിൽ മുസ്ലിംകൾക്കു് പ്രത്യേകമായ സൈന്യനഷ്ടം ഒന്നും സംഭവിച്ചില്ല. സാമൂതിരിപ്പാടും സൈന്യങ്ങളും രക്ഷയോടെ കോഴിക്കോട്ടേക്കു മടങ്ങി. ഇപ്രകാരം പോത്തുഗീസുകാരുടെ കപ്പൽ വിദേശിയരേയും വിദേശ ചരക്കുകളേയും കയററി

വരികയും ചുക്കും, കുരുമുളകും മററു ചരക്കുകളും കയററിക്കൊണ്ടുപോകയും പതിവായിത്തീൎന്നു.

പോൎത്തുഗീസുകാർ കൊച്ചിയിലും, കണ്ണൂരിലും, സ്ഥിരവാസമായതിന്നുശേഷം ആ രണ്ടു രാജ്യക്കാരും അവരോടു ചേൎന്നവരും പോൎത്തുഗീസുകാരുടെ പാസ്പോൎട്ടുവാങ്ങി കടൽക്കച്ചവടം ആരംഭിക്കുകയും അവരുടെ കപ്പൽ വഞ്ചി മുതലായ എല്ലാംതരണികൾക്കും രക്ഷാടയാളം വെക്കുകയും ചെയ്തു. കടൽകച്ചവടക്കാർ പുറപ്പെടുന്ന സമയം പോൎത്തുഗീസുകാരോട് വാങ്ങുന്ന പാസ്പോൎട്ടിന്നു കച്ചവടക്കാർ നാട്ടുരാജാക്കന്മാൎക്ക് ഒരു സംഖ്യ കൊടുക്കേണമെന്നും അവർ നിശ്ചയിരുന്നു. നാട്ടുരാജാക്കന്മാരെ പാട്ടിലാക്കേണ്ടതിന്നു നല്ലൊരു തന്ത്രമായിട്ടാണ് അവർ ഇതിനെ പ്രയോഗിച്ചിരുന്നത്.

പാസ്പോൎട്ടില്ലാത്ത കപ്പലുകളെയും വഞ്ചികളെയും കണ്ടാൽ പോൎത്തുഗീസുകാർ അവയെ കരസ്ഥപ്പെടുത്തുകയും അതിലുള്ള യാത്രക്കാരെ പിടിച്ചു തടവുകാരാക്കുകയും ചെയ്തുപോന്നു. അതിനാൽ സാമൂതിരിപ്പാടും പ്രജകളും വിദേശീയരോട് യുദ്ധം ചെയ്തുകൊണ്ടേയിരുന്നു. യുദ്ധത്തിന്നായി ധാരാളം ധനം സാമൂതിരിപ്പാട് ചെലവ് ചെയ്കയാൽ രാജാവിന്റെയും പ്രജകളുടെയും ശക്തി ക്ഷയിച്ചുവന്നു. തന്നിമിത്തം സാമൂതിരിപ്പാട് അന്യനാടുകളിലെ മുസ്ലിം രാജാക്കന്മാരോട് സഹായത്തിന്നപേക്ഷിച്ചു എങ്കിലും പ്രത്യേകഗുണം ഒന്നും ഉണ്ടായില്ല. പക്ഷെ അസ്സുൽത്താൻ മുഹമ്മദ്ഷാഹും (ഗുജറാത്ത് സുൽത്താൻ) അസ്സുൽത്താൻ അലിആദിൽഷാഹും (ബീജാപുരം സുൽത്താൻ) കൂടി സാമൂതിരി



പ്പാടിനെ സഹായിക്കേണ്ടതിന്നായി യുദ്ധസന്നാഹങ്ങൾ ചെയ്തു. പക്ഷെ കടൽവഴിക്കു പുറപ്പെടുവാൻ അവൎക്കു സാധിച്ചില്ല. എന്നാൽ ഈജിപ്തിലെ സുൽത്താൻ ഖാന്സൂൽഗൌരി തന്റെ മന്ത്രിമാരിൽ അമീർഹുസ്സൈയിൻ എന്ന യുദ്ധ മന്ത്രിയേയും പതിമൂന്നു കപ്പൽസൈന്യത്തേയും സാമൂതിരിയുടെ സഹായത്തിന്നായി അയച്ചുകൊടുത്തു. അമീർഹുസ്സൈയിനും സൈന്യങ്ങളും ഗുജറാത്ത് തുറമുഖത്തിൽ കപ്പൽ ഇറങ്ങി. അവിടെനിന്നു പുറപ്പെട്ട് ശെയുഖ തുറമുഖത്തിൽ ഇറങ്ങി. അവിടെനിന്നു ദീപിലെ ഉപരാജാവായിരുന്ന മാലിക്ക്ഇയ്യാസ് സുൽത്താനും തന്റെ കപ്പലുമായി ഇവരൊന്നിച്ചു പുറപ്പെട്ടു. വഴിമദ്ധ്യേവെച്ചു പോൎത്തുഗീസുകാരുടെ യുദ്ധകപ്പലുകളെ എതിൎത്തു യുദ്ധംചെയ്കയുംചെയ്തു. അമീർഹുസ്സൈയിൻ പോൎത്തുഗീസുകാരുടെ വലിയ ഒരു യുദ്ധക്കപ്പൽ പിടിച്ചെടുത്തു വിദേശീയർ യുദ്ധത്തിൽ പരാജിതരായി. അമീർഹുസ്സൈയിനും കൂടെയുള്ളവരും വിജയത്തോടെ ദീപിലേക്കുതന്നെമടങ്ങി വർഷകാലം ആരംഭിക്കയാൽ അവർ അല്പകാലം അവിടെ താമസിച്ചു. പിന്നീട് അവൎക്ക് സഹായത്തിന്നായി നാല്പതു കപ്പൽ സൈന്യങ്ങളെ മലബാറുകാർ ദീപിലേക്ക് അയച്ചുകൊടുത്തു ഈ കപ്പലുകൾ സാമൂതിരിപ്പാടിന്റെ രാജ്യക്കാരുടേതും ഇതരദേശക്കാരുടേതും കൂടിയായിരുന്നു.

അവർ ദീപിൽ താമസിക്കുന്നുണ്ടെന്നറിഞ്ഞപ്പോൾ അവരുടെ നേരെ യുദ്ധസന്നാഹങ്ങൾകൂട്ടി ഇരുപതു കപ്പൽ സൈന്യത്തോടുകൂടി പോൎത്തുഗീസുകാർ ദീപിൽ ചെന്നെത്തി. ശത്രുക്കൾ യുദ്ധത്തിന്നൊരുങ്ങി വന്നിട്ടുണ്ടെന്നറിഞ്ഞ് അമീർ ഹുസ്സൈയിനും

മാലിക്ക് ഇയ്യാസ്സ് സുൽത്താനും മലബാറുകാരും അവരോട് യുദ്ധത്തിന്നൊരുങ്ങി. പെട്ടെന്നുണ്ടായ ആ എതിർപ്പിൽ പ്രത്യേക ഒരുക്കങ്ങളൊന്നും മുസ്ലിംകൾക്ക് ചെയ്യാൻ സാധിച്ചില്ല. പോർത്തുഗീസ്സുകാരുടെ മുഴുവൻ ശക്തിയും പ്രയോഗിച്ചിരുന്നത് അമീർ ഹുസ്സൈയിന്റെ നേർക്കായിരുന്നതിനാൽ അവരുടെ ചില കപ്പലുകളെ പോർത്തുഗീസ്സുകാർ പിടിക്കുകയും ബാക്കിയുള്ളവ മുങ്ങിപ്പോകുകയും ചെയ്തു. പോർത്തുഗീസ്സുകാർ വിജയത്തോടെ കൊച്ചിയിലേക്കു മടങ്ങി.

അമീർഹുസ്സൈയിനും ഏതാനും അനുയായികളും മാലിക്ക് ഇയ്യാസ്സ് സുൽത്താന്റെയും മലബാറുകാരുടേയും കപ്പലുകളും രക്ഷപ്പെട്ടു. പിന്നീട് അമീർഹുസ്സൈയിൻ ഈജിപ്തിലേക്കു തന്നെ തിരിച്ചുപോയി. അമീർ ഹുസ്സൈയിന്റെ കപ്പലുകളെ പോർത്തുഗീസ്സുകാർ കൈവശപ്പെടുത്തിയ വിവരം സുൽത്താൻ ഖാനുസുൽഗൌരിക്ക് കഠിനമായ കോപാഗ്നിയെ ഉജ്ജ്വലിപ്പിച്ചു. ഘോരമായ യുദ്ധസന്നാഹങ്ങൾചെയ്ത് ഇരുപത്തിരണ്ട് വലിയ കപ്പൽ സൈന്യത്തോടെ സുൽത്താൻ ഖാനുസുൽ ഗൌരി പോർത്തുഗീസ്സുകാരോട് യുദ്ധം ചെയ്യേണ്ടതിന്നായി അമീർ ഹുസ്സൈയിനേയും അമീർ സെൽമാൻറൂമി എന്ന മറ്റൊരു യുദ്ധനായകനേയും നിയോഗിച്ചയച്ചു.

അവർ കടൽവഴിയായി പുറപ്പെട്ട് ജിദ്ദയിൽ എത്തി. അവിടെനിന്ന് ഖമറാൻ തുറമുഖത്തേക്കുപോയി. അമീർഹുസ്സൈയിൻ യമൻ രാജ്യത്തോട് യുദ്ധത്തിന്നൊരുമ്പെടുകയും രാജ്യങ്ങൾ കൊള്ളയിടുകയും ചെയ്തു. അമീർ സെൽമാൻറൂമി അദ (ഏഡൻ) നിലേക്കും അവിടെനിന്ന് ജിദ്ദയിലേക്കും പോയി.



അമീർ ഹുസ്സൈയിനും, അമീർ സെൽമാൻറൂമിയും തമ്മിൽതന്നെ ഒരു സമരം നടന്നു. അമീർഹുസ്സൈയിൻ മുസ്ലിംകളുടെ നേർക്കുതന്നെ യുദ്ധം ചെയ്ത് അവരുടെ സ്വത്ത് കൊള്ളചെയ്യുവാൻ ഒരുമ്പെട്ടപ്പോൾ അമീർസെൽമാൻറൂമി ജിദ്ദയിൽനിന്നു പോരുകങ്ങി വന്നു. മുസ്ലിംകളുടെ ധനം കൊള്ളചെയ്യുകയും അവരോടു യുദ്ധം ചെയ്യുകയും ചെയ്ത കാരണത്താൽ അമീർഹുസ്സൈയിനെ ശരീഫ് ബറക്കാത്ത് (അക്കാലത്തെ ഹിജാസ്സ് സുൽത്താൻ) കടലിൽ മുക്കിക്കൊന്നു. ഇതിനു ശേഷമാണ് ഈജിപ്ത് സുൽത്താൻ ഖാനുസുൽഗൌരിയും സുൽത്താൻ സലിംഷാഹും തമ്മിൽ യുദ്ധം ആരംഭിച്ചതും സുൽത്താൻ ഖാനുസുൽഗൌരി കൊല്ലപ്പെട്ടതും രാജാധികാരങ്ങൾ സുൽത്താൻ സലിംഷാഹിന്നു ലഭിച്ചതുമായ വിവരങ്ങൾ ജിദ്ദയിൽ അറിഞ്ഞത്.

ഹിജ്റ 915 (ക്രി. അ. 1509) റംസാൻ 22-ാംനു വ്യാഴാഴ്ച പോർത്തുഗീസുകാർ യുദ്ധസന്നാഹത്തോടെ കോഴിക്കോട്ടെത്തി നാഖുദാമിത്ഖാൽ എന്ന മഹാൻ പണിയിച്ചതും കോഴിക്കോട്ടു നഗരത്തിലെ പള്ളികളിൽ പ്രാധാന്യത്തെ അർഹിക്കുന്നതുമായ മിത്ഖാൽ ജുമാഅത്ത് പള്ളി തീവെച്ചു സാമൂതിരിരാജാവിന്റെ ഗേഹങ്ങൾ കീഴടക്കി എന്നു ഘോഷിച്ചുംകൊണ്ട് അദ്ദേഹത്തിന്റെ രാജധാനിയിൽചെന്നു കയറി. യുദ്ധാവശ്യാർത്ഥം അന്യരാജ്യത്തുപോയിരുന്ന രാജാവ് തത്സമയം അവിടെ ഉണ്ടായിരുന്നില്ല. എങ്കിലും തൽക്ഷണം അവിടെ എത്തിച്ചേർന്ന നായർ പട്ടാളം സധൈര്യം അവരോട് എതിർത്തു ശത്രുക്കളെ ആട്ടിയോടിച്ചുകളഞ്ഞു. ഈ സമരത്തിൽ അഞ്ഞൂറു പോർത്തുഗീസുകാർ കൊല്ലപ്പെട്ടു. ബാക്കിയുള്ളവരിൽ അധികം ആളുകൾ വെ

ള്ളത്തിൽ മുങ്ങിയും മൃതരായി. രക്ഷപ്പെട്ടവർ കപ്പൽകയറി തിരിച്ചുപോകയും ചെയ്തു. അതിന്നുശേഷം പോൎത്തുഗീസുകാർ പൊന്നാനിയിൽ വന്നിറങ്ങി. അവിടെ കടൽക്കരയിൽ ഉണ്ടായിരുന്ന അമ്പത് വഞ്ചികളെ ചുട്ടുനശിപ്പിച്ചു. ഏഴുപതു മുസ്ലിംകളെ കൊല്ലുകയും ചെയ്തു

അൽഅമീർ മർജാൻ എന്നവരുടെ ഭരണകാലത്തു പോൎത്തുഗീസുകാർ അദൻ തുറമുഖത്തു് വന്നിറങ്ങി. അവിടുത്തെ മുസ്ലിംകളോട് യുദ്ധം ചെയ്യുകയുണ്ടായി. ആ യുദ്ധത്തിൽ പോൎത്തുഗീസുകാർ തോററു പിൻതിരിയുകയാണുണ്ടായതു്.

പോൎത്തുഗീസുകാർ കൊച്ചിയിലും, കണ്ണൂരിലും, കോട്ടകൾ കെട്ടി സ്ഥിരതാമസമാക്കിയശേഷം അവർ കൊല്ലം രാജാവുമായി ഉടമ്പടി ചെയ്തു. അവർ അവിടെയും ഒരു കോട്ട പണി ചെയ്തു. അക്കാലത്തു ഇതരദേശങ്ങളെ അപേക്ഷിച്ചു കൊച്ചിയും, കൊല്ലവും കുരുമുളക് സമൃദ്ധിയായി വിളയുന്ന രാജ്യങ്ങളായിരുന്നു

അതിൽപിന്നെ പോൎത്തുഗീസുകാർ ആദൽഷാഹ് സുൽത്താന്റെ രാജ്യങ്ങളിൽപെട്ട ഗോവ തുറമുഖത്തെ ആക്രമിച്ചു കൈവശപ്പെടുത്തി. ഗോവ തുറമുഖം ഇന്ത്യയിലുള്ള പോർച്ചുഗൽ തലസ്ഥാനനഗരമാക്കി. സുൽത്താൻ ആദൽഷാഹ് പോർത്തുഗീസുകാരോട് യുദ്ധം ചെയ്യുകയും ഗോവ വീണ്ടെടുക്കുകയും ശത്രുക്കളെ ഓടിക്കുകയും ചെയ്തു. അതു ഒരു മുസ്ലിം രാജ്യംതന്നെ ആക്കിത്തീർത്തു. അപ്പോൾ പോർത്തുഗീസുകാർ പൂർവ്വാധികം



വാശിയോടുകൂടി വലിയ യുദ്ധസന്നാഹങ്ങൾ ചെയ്തു വീണ്ടും ഗോവയിൽ എത്തി അവർ മുസ്‌ലിംകളോട് യുദ്ധം ചെയ്യുകയും ഗോവ വീണ്ടും കരസ്ഥപ്പെടുത്തുകയും ചെയ്തു. മുസ്‌ലിം സേനാനായകനും പ്രധാനികളും പോർത്തുഗീസു സൈന്യത്തെ ഗൂഢമായി സഹായിച്ചതുകൊണ്ടായിരുന്നു ഇത്ര എളുപ്പത്തിൽ ഗോവ അവൎക്ക് കരസ്ഥമായതു് എന്നു പറയപ്പെടുന്നു. ഗോവയിൽ പോർത്തുഗീസുകാർ പ്രബലമായ കോട്ടകൾ കെട്ടുകയും അവരുടെ ശക്തി പൂർവ്വാധികം വൎദ്ധിക്കുകയും ചെയ്തു. ഇങ്ങിനെ പോർത്തുഗീസുകാരുടെ ശക്തി ദിനംപ്രതി വൎദ്ധിച്ചുകൊണ്ടുതന്നെ ഇരുന്നു.

.... ....

# രണ്ടാം അദ്ധ്യായം.

## പോൎത്തുഗീസുകാർ ലെബാറിൽ ചെയ്ത അക്രമങ്ങൾ.

ഇസ്‌ലാം മതം മുസ്‌ലിംകളിൽ ദൃഢമൂലമാക്കിയിട്ടുണ്ടായിരുന്ന സൽസ്വഭാവമാകുന്ന ആ സുഗന്ധച്ചെടികളുടെ പരിമളം ഇതര സമുദായങ്ങൾക്കും രാജാക്കന്മാൎക്കും ആകർഷകമായിരുന്നതിനാൽ ആദ്യം മലയാളത്തിൽവന്ന ആ ചെറുസംഘം മുസ്‌ലിംകൾ ഉത്തരോത്തരം അഭിവൃദ്ധി പ്രാപിക്കുകയും അന്യ സമുദായങ്ങളുമായി സൗഹാർദ്ദപൂർവ്വം വൎത്തിക്കുവാൻ അവൎക്കു അവസരം ലഭിക്കുകയും ചെയ്തു. മററു സമുദായങ്ങളിൽനിന്നും രാജാക്ക

ന്മാരിൽനിന്നും യാതൊരു ദ്രോഹങ്ങളും അവർ അനുഭവിക്കേണ്ടി വന്നില്ല. എന്നു മാത്രമല്ല അവരിൽ നിന്നു് മുസ്ലിംകൾക്കു് സകല വിധ ഒത്താശകളും ലഭിക്കുകയാണുണ്ടായതു്. മതനിർദ്ദേശങ്ങളെ ലക്ഷ്യമാക്കി ചെയ്തിരുന്ന പ്രവൃത്തിയുടെ ഫലമായി സാമ്പത്തികവും സാമുദായികവുമായ മുസ്‌ലിംകളുടെ നില അത്യാശ്ചര്യകരമാംവണ്ണം ഉൽഗതിയെ പ്രാപിച്ചു. മത ശാസനകളിൽ നിന്നു് ക്രമേണ വ്യതിചലിക്കുവാൻ തുടങ്ങിയതു മുതൽ മുസ്‌ലിംകളുടെ അധോഗതിക്കുള്ള ലക്ഷണങ്ങളും പ്രത്യക്ഷപ്പെട്ടു തുടങ്ങി സദാചാരങ്ങളുടെ സ്ഥാനത്തു് ദുരാചാരങ്ങൾക്കു പ്രവേശനം ലഭിച്ചു. അതിന്നു് ഒരു ശിക്ഷ എന്നപോലെയാണു് ഈ അവസരത്തിൽ പോർത്തുഗീസ്സുകാരുടെ ആഗമനം ഉണ്ടായതു്. മുസ്‌ലിംകൾ അവരുടെ ക്രൂരമായ മർദ്ദനങ്ങൾക്കും അഴിമതികൾക്കും പാത്രീഭവിച്ചു. പോർത്തുഗീസുകാർ മുസ്‌ലിംകളുടെ കച്ചവട യാത്രയേയും ഹജ്ജ് യാത്രയേയും തടയുകയും അവരുടെ മുതൽ കൊള്ള ചെയ്യുകയും, വീടുകളും പള്ളികളും കൊള്ളിവെച്ചു് നശിപ്പിക്കുകയും ചെയ്തു. മുസ്‌ലിംകളേയും അവരുടെ മുസ്ഹഫ് മുതലായ മററു മതഗ്രന്ഥങ്ങളേയും ചവിട്ടിത്തേക്കുകയും തീവെച്ചു കരിക്കുകയും പ്രവാചകരായ മുഹമ്മദ് നബി (സ. അ) തങ്ങളെ അപഹസിക്കുകയും ചെയ്യുക അവരുടെ പതിവായിത്തീർന്നു ദൃഷ്ടിയിൽപെടുന്ന മുസ്‌ലിംകളുടെ ദേഹത്തിലും മുഖത്തും തുപ്പുക മുതലായ നീചപ്രവൃത്തികളും മലമൂത്ര വിസർജ്ജനാനന്തരം വെള്ളംകൊണ്ടു് ശുചീകരിക്കുന്നതു കണ്ടാൽ ചെരിപ്പു് കൊണ്ടു് അടിക്കുക, തീവെക്കുക മുതലായ പല ദ്രോഹങ്ങളും അവർ ചെയ്തിരുന്നു. മുസ്‌ലിം



പള്ളികളെ അശുദ്ധമാക്കുകയും ഹജ്ജ് യാത്രക്കാരേയും മററും കൊലപ്പെടുത്തുകയും കൃസ്തു മതത്തിലേക്കു് മുസ്ലിംകളെ ബലമായി പിടിച്ചു ചേർക്കുകയും ഇതിന്നായി വേണ്ട ധനം നല്കാമെന്നു് മുസ്ലിംകളെ ധരിപ്പിക്കുകയും ചെയ്തിരുന്നു. മുസ്ലിം സ്ത്രീകളെ കൃസ്തുമതത്തിലേക്കു് ആകർഷിക്കേണ്ടതിന്നായി അവരുടെ സ്ത്രീകളെ പലവിധ വസ്ത്രാഭരണങ്ങൾ ധരിപ്പിച്ചു് പട്ടണങ്ങളിൽ സഞ്ചരിപ്പിക്കുവാൻ വിട്ടയച്ചിരുന്നതു് അവരുടെ മറെറാരു നയമായിരുന്നു. അവരുടെ പിടിയിൽപെട്ട മുസ്ലിംകളെ കാലിൽ ചങ്ങലയിട്ടു് പൂട്ടി നാനാപ്രകാരേണയുള്ള ദേഹോപദ്രവങ്ങൾ ചെയ്തു നഗരങ്ങളിൽ വില്പനക്കു് കൊണ്ടുനടത്തിയിരുന്നു. മുസ്ലിംകളിൽ ചിലരെ അടിമകളാക്കുകയും അവരെക്കൊണ്ടു് അസാദ്ധ്യമായ വേലകൾ ചെയ്യിക്കുകയും അവരെ ഇരുട്ടറയിൽ ഇട്ടു പൂട്ടുകയും ചെയ്തിരുന്നു. അന്യദിക്കിൽനിന്നു വരുന്ന മുസ്ലിംകളെ ദ്രോഹിക്കുവാനും അവരുടെ കപ്പലുകളെ പിടിച്ചടക്കുവാനും വേണ്ടി കൻകൻ, ഗുജറാത്ത് മുതലായ തുറമുഖങ്ങളിലും ദ്വീപുകളിലും പോർത്തുഗീസുകാർ ആളെ നിയമിച്ചിരുന്നതു് അവരുടെ മറെറാരു ധിക്കാരമായിരുന്നു. ഒട്ടധികം സ്വതന്ത്ര മുസ്‌ലിം സ്ത്രീകളുടെ ചാരിത്രത്തെ ബലാൽക്കാരേണ ഭഞ്ജിക്കയും ആ വിധത്തിൽ അവരിൽ സന്താനങ്ങളെ ഉല്പാദിപ്പിക്കുകയും ചെയ്തിട്ടുണ്ടു്. പോർത്തുഗീസുകാരുടെ ആഗമനം മുതൽക്കെ അവരുടെ മുഴുവൻ ശക്തിയും പ്രയോഗിച്ചിരുന്നതു് ഇസ്‌ലാം മതത്തെ ഉന്മൂലനം ചെയ്യേണ്ടതിന്നും, കൃസ്തുമതത്തെ പ്രചരിപ്പിക്കേണ്ടതിന്നും ആയിരുന്നു ദുസ്സഹങ്ങളായ പല അക്രമങ്ങളും അനീതികളും ലജ്ജാവഹങ്ങളായ നിരവധി ദുഷ്ടതകളും അവർ മുസ്‌ലിംകളോടു്

ചെയ്തിട്ടുണ്ട്. അവർ മുസ്ലിംകളോട് സന്ധി ചെയ്തതു തന്നെ ഈ വക ഉദ്ദേശത്തോടുകൂടിയായിരുന്നു.

ഈ വിധം അഴിമതികൾ ചെയ്തശേഷം കച്ചവടാവശ്യാർത്ഥം പുതുതായി കൊച്ചിയിൽ വന്ന പോർത്തുഗീസുകാർ മുസ്ലിംകളുടെ സ്ഥിതികൾ ഇനിയും മാറിയില്ലല്ലോ എന്ന് അസൂയപ്പെട്ടിരുന്നു. അസഹ്യമായ കോപത്തോടുകൂടി അവരെ ദ്വേഷം മാററാത്തതിൽ മുമ്പു മലബാറിൽ വന്ന പോർത്തുഗീസ് തലവന്മാരെ ഇക്കൂട്ടർ ആക്ഷേപിക്കുകയും മാത്രമല്ല കൊച്ചി രാജാവിനോടു മുസ്ലിംകളെ അവിടെനിന്ന് പുറത്താക്കണമെന്നും എന്നാൽ അവരിൽ നിന്നുകിട്ടുന്ന ആദായത്തിൽ എത്രയോ ഇരട്ടി തങ്ങൾ കൊടുക്കാമെന്നും കൂടി പറയുകയും ചെയ്തു. ഇതിന്നുത്തരമായി കൊച്ചി രാജാവ് മുസ്ലിംകൾ തന്റെ പൂർവ്വീക പ്രജകളും രാജ്യത്തിന്റെ അഭിവൃദ്ധിക്കു കാരണഭൂതന്മാരും ആകയാൽ അവരെ രാജ്യത്തിൽ നിന്നു പുറത്താക്കുവാൻ വിചാരിക്കുന്നില്ലെന്നു പറഞ്ഞു. പോർത്തുഗീസുകാർക്ക് മുസ്ലിംകളോടും ഇസ്ലാം മതത്തോടും അല്ലാതെ മററു യാതൊരു മതത്തോടും സമുദായത്തോടും പക ഉണ്ടായിരുന്നില്ല.



# മൂന്നാം അദ്ധ്യായം.

## സാമൂതിരിയും പോർത്തുഗീസുകാരുമായുള്ള ഉടമ്പടിയും കോഴിക്കോട്ട് കോട്ട കെട്ടിയതും.

പോർത്തുഗീസുകാരുമായുള്ള യുദ്ധം അധിക കാലം നീണ്ടു നിന്നതിനാൽ മുസ്ലിംകൾക്ക് സാരമായ ബലക്ഷയം നേരിട്ടു. അവർക്കു യുദ്ധാവശ്യത്തിന്നും മററും ധനസഹായം ചെയ്തിരുന്ന സാമൂതിരി രാജാവ് കാലഗതി പ്രാപിക്കുകയും അടുത്ത സഹോദരൻ രാജാവാകുകയും ചെയ്തു. കൊച്ചിയിലേയും കണ്ണൂരിലേയും മുസ്ലിംകളോടൊപ്പം തന്റെ മുസ്ലിം പ്രജകൾക്കും കച്ചവടാഭിവൃദ്ധി ഉണ്ടാകേണ്ടതിന്നും തന്മൂലം അവരുടെ ധനസ്ഥിതി നന്നായിരിക്കേണ്ടതിന്നും പോർത്തുഗീസുകാരുമായി സന്ധി ചെയ്യുകയാണ് നല്ലതെന്നു ആലോചിച്ചു സാമൂതിരിപ്പാട് അവരുമായി സന്ധി ചെയ്തു. തന്റെ മുസ്ലിം പ്രജകൾക്ക് കൊല്ലത്തിൽ നാലു കപ്പൽ ചരക്കു കയററി ജിദ്ദ, അദൻ (ഏഡൻ) മുതലായ തുറമുഖങ്ങളിലേക്കു യാത്ര ചെയ്യുവാൻ അനുമതി നല്കണമെന്ന നിശ്ചയത്തിന്മേൽ പോർത്തുഗീസുകാർക്ക് കോഴിക്കോട്ടു കോട്ട പണിയുവാൻ സാമൂതിരിപ്പാടു സമ്മതം നൽകി.

പോർത്തുഗീസുകാർ കോട്ട പണിയുവാൻ ആരംഭിച്ചു മുസ്ലിംകൾ ചുക്കും, കുരുമുളകും കയററി നാലു കപ്പലുകളിൽ

അറേബ്യാ രാജ്യങ്ങളിലേക്കു യാത്ര പോവുകയും ചെയ്തു. ഗുജറാത്ത്, കൻകൻ മുതലായ രാജ്യങ്ങളിലേക്കു കച്ചവടയാത്ര ചെയ്തിരുന്നവർ മററു രാജ്യക്കാരോടൊപ്പം പോർത്തുഗീസുകാരുടെ പാസ്പോർട്ട് വാങ്ങി വീണ്ടും കച്ചവട യാത്രയും ആരംഭിച്ചു. ഇതു് ഹിജ്റ 920 (ക്രി. അ. 1513) കൊല്ലത്തിലായിരുന്നു. അറേബ്യയിലേക്കു പോയവർ ചരക്കു വിററു കോഴിക്കോട്ടു തിരച്ചെത്തിയപ്പോഴേക്കും പോർത്തുഗീസുകാരുടെ കോട്ടപണി പൂർത്തിയായിരുന്നു. അതോടുകൂടി അവർ മുസ്‌ലിംകളുടെ അറേബ്യാ കച്ചവടത്തെ തടയുക മാത്രമല്ല ചുക്ക്, കുരുമുളക് മുതലായ ചരക്കുകൾ കപ്പലിൽ കയററുന്നതിനെ വിരോധിക്കുകകൂടി ചെയ്തു. കുരുമുളക് കച്ചവടവും ചുക്കു കച്ചവടവും തങ്ങൾക്കുമാത്രമേ പാടുള്ളൂ എന്നു് പോർത്തുഗീസുകാർ ശഠിക്കുകയും ചെയ്തു. ചുക്കും, കുരുമുളകും വല്ല കപ്പലിലും കണ്ടാൽ അവർ കപ്പലുകളെയും ചരക്കുകളെയും ആളുകളെയും പിടിച്ചു കൈവശമാക്കുകയും നാട്ടുകാരോടു പൂർവ്വാധികം ക്രൂരത കാണിക്കുകയും ചെയ്തുപോന്നു. സാമൂതിരിപ്പാട് ഇതെല്ലാം കണ്ടു അവരുടെ ദ്രോഹങ്ങളെ ഭയന്നു സന്ധി വ്യവസ്ഥയനുസരിച്ച് സമാധാനത്തിൽ ഇരിക്കുകയാണ് ചെയ്തതു്.

സാമൂതിരിപ്പാട് പോർത്തുഗീസുകാരുമായി യുദ്ധം ചെയ്യേണ്ടതിന്നു് മുസ്‌ലിം സുൽത്താക്കന്മാരുടെ സഹായത്തെ രഹസ്യമായി ആവശ്യപ്പെട്ടു. പക്ഷെ സമയോചിതമായ സഹായം ലഭിക്കുകയുണ്ടായില്ല. പോർത്തുഗീസുകാർ സ്വന്തം ഗുണത്തെ മാത്രം കാംക്ഷിക്കുന്നവരും ശത്രുക്കളോടു നയത്തിൽ പെരുമാറി കാര്യം കൈക്കലാക്കുന്നവരും കാര്യസാദ്ധ്യത്തിന്നു ശേഷം



ഇഷ്ടാനുസരണം പ്രവർത്തിക്കുന്ന വഞ്ചകന്മാരും ആയിരുന്നു. അവർ അതിദൂരത്തിലിരിക്കുന്ന അവരുടെ നേതാവിന്റെ അഭിപ്രായത്തെ അനുവർത്തിക്കുന്നവരും ആയിരുന്നു. ഇതു കാരണമാണ് മലബാറിലേയും മററു ചില രാജ്യങ്ങളിലേയും രാജാക്കന്മാരെ അവർ കീഴ്പ്പെടുത്തിയതു. മുസ്ലിം നേതാക്കന്മാരിലും സൈന്യങ്ങളിലും തമ്മിൽ അഭിപ്രായവ്യത്യാസവും അന്യോന്യം കൊല ചെയ്തിട്ടുകൂടിയും ഒരുവൻ മറെറാരുവനെക്കാൾ ഉയരണം എന്നുള്ള ദുർവ്വിചാരവും ആണ് ഉണ്ടായിരുന്നതു.

പോർത്തുഗീസുകാർ കോഴിക്കോട്ടു കോട്ടകെട്ടി വാസം ഉറപ്പിച്ചതിന്നുശേഷം സാമൂതിരി രാജാവിനെ വഞ്ചനചെയ്തു പിടിക്കണമെന്നു് കരുതി അവരുടെ കോട്ടക്കു സമീപമുള്ള ഒരു വീട്ടിലേക്കു അദ്ദേഹത്തെ അവർ ക്ഷണിച്ചു. പോർച്ചുഗൽ രാജാവു് സാമൂതിരിപ്പാടിന്നു കുറെ സമ്മാനങ്ങൾ അയച്ചിട്ടുണ്ടെന്നും അവ നൽകേണ്ടതിന്നാണെന്നും പറഞ്ഞു, ഒരു ദൂതനെ അയക്കുകയാണ് ചെയ്തിരുന്നതു്. രാജാവിന്നു സംശയം ജനിക്കുകയാൽ ദൂതൻവന്നപ്പോൾ വെളിയിൽ പോകയാണെന്നും പറഞ്ഞു, രാജാവു് അവിടം വിട്ടുമാറി. അതുകൊണ്ടു് രാജാവു അവരുടെ ചതിയിൽനിന്നു രക്ഷപ്പെട്ടു. സാമൂതിരിപ്പാടിന്നു അങ്ങിനെ സംശയം ജനിച്ചതു പോർത്തുഗീസുകാരിൽപ്പെട്ട ചിലരുടെ ഗൂഢമായ അറിയിപ്പുമൂലമാണെന്നു പറയപ്പെടുന്നു. തന്നിമിത്തം ഈ ഗൂഢാലോചനയിൽ സംശയിക്കപ്പെട്ട പോർത്തുഗീസുകാരെയും അവ

രോട് ചേന്നവരേയും പോർത്തുഗീസുനായകൻ കോഴിക്കോട്ടുനിന്നു കണ്ണൂരിലേക്കു സ്ഥലമാററം ചെയ്യുകയും ചെയ്തു.

ഹിജ്റ 923 (ക്രി. അ. 1517) മുഹറമാസത്തിൽ പോർത്തുഗീസുകാർ ജിദ്ദ തുറമുഖം കൈവശപ്പെടുത്തേണമെന്നു കരുതി ശക്തിയായ യുദ്ധസന്നാഹത്തോടെ ഗോവയിൽനിന്നു ഇരുപത്തിയെട്ടു കപ്പൽ സൈന്യത്തെ അങ്ങോട്ടു അയച്ചു. ജിദ്ദായിലെ മുസ്ലിംകൾ ഇതറിഞ്ഞു, വല്ലാതെ പരിഭ്രമിക്കുകയും ഭയപ്പെടുകയും ചെയ്തു. സുൽത്താൻ ഖാന്സൂൽഗൌരി മലബാറുകാരെ സഹായിക്കേണ്ടതിന്നായി അയച്ചിരുന്ന അമീർ സൽമാൻറൂമിയും തന്റെ കപ്പലുകളും ഇരുന്നൂറു പടയാളികളും അന്നു അവിടെ ഉണ്ടായിരുന്നു. അവർ കരയിൽനിന്നു പോർത്തുഗീസുസൈന്യങ്ങളുടെ നേരെ വെടിവെക്കുകയാൽ അവരുടെ ചില കപ്പലുകൾക്കു കേടുപററുകയും അവർ ഭയപ്പെട്ടു കപ്പലിന്റെ പായ ഉയർത്തി ഓടുകയും ചെയ്തു. അമീർ സെൽമാൻറൂമി രണ്ടു വഞ്ചികളേയും മുപ്പതു ആളുകളേയും അവരുടെ പിന്നാലെ അയക്കുകയും കമറാനിൽവെച്ചു പോർത്തുഗീസുകാരുടെ ഒരു ചെറിയ കപ്പലുൾപ്പെടെ പന്ത്രണ്ടു ക്രിസ്ത്യാനികളേയും പിടിച്ചു കപ്പൽ ജിദ്ദായിൽ കൊണ്ടുവന്നു ഇറക്കുകയും ചെയ്തു. പോർത്തുഗീസുകാർക്കു ആ കൊല്ലത്തെ ഇന്ത്യാക്കച്ചവടം മുടങ്ങിപ്പോകയാൽ കുറെകാലം അവർ കമറാനിൽ വിശ്രമിച്ച ശേഷം അവിടെ നിന്നു നിരാശയോടെ ഗോവയിലേക്കുതന്നെ മടങ്ങി.



# നാലാം അദ്ധ്യായം.

## സാമൂതിരിപ്പാടും പോർത്തുഗീസുകാരുമായുള്ള മത്സരവും കോഴിക്കോട്ടു കോട്ട പിടിച്ചതും

എന്നാൽ പോർത്തുഗീസുകാരുടെ തന്നിഷ്ടവും ദ്രോഹങ്ങളും നാൾക്കുനാൾ വർദ്ധിച്ചുകൊണ്ടുതന്നെ ഇരുന്നുവെങ്കിലും സാമൂതിരിരാജാവ് സന്ധിയനുസരിച്ച് മൌനം അവലംബിക്കേണ്ടിവന്നു. ഇങ്ങിനെ കുറേകാലം കഴിഞ്ഞപ്പോൾ കോഴിക്കോട്ടുവെച്ച് കൊയിലാണ്ടി മുസ്ലിംകളും പോർത്തുഗീസുകാരുമായി ഒരു ലഹള ഉണ്ടായി. ഇതു ഹിജ്റ 931 (ക്രി. അ. 1524) കൊല്ലം മുഹറമാസത്തിലായിരുന്നു. അതിനാൽ സാമൂതിരിപ്പാടും പോർത്തുഗീസുകാരുമായി സന്ധി ലംഘിക്കപ്പെടുകയും മത്സരവും യുദ്ധവും ആരംഭിക്കുകയും ചെയ്തു. പിന്നെ കൊയിലാണ്ടി, ചെമ്മലോട്, പരപ്പനങ്ങാടി, തിരൂരങ്ങാടി എന്നീ രാജ്യക്കാരും മററ ചിലരും ഒരുങ്ങി ചെറിയ കപ്പലുകളിൽ രഹസ്യമായി പുറപ്പെട്ടു. പോർത്തുഗീസുകാരുടെ പത്തു ചെറിയ കപ്പലുകൾ പിടിച്ചു.

ഹിജ്റ 930 (ക്രി. അ. 1524) കൊല്ലത്തിൽ കൊടുങ്ങല്ലൂരിൽ വെച്ചു അവിടത്തെ മുസ്ലിംകളും ജൂതന്മാരും തമ്മിൽ ഭിന്നിപ്പു ഉണ്ടാകുകയും ജൂതന്മാർ ഒരു മുസ്ലിമിനെ കൊലപ്പെടുത്തുകയും ചെയ്തിരുന്നു. അതുകാരണത്താൽ അവർ തമ്മിൽ യുദ്ധം ആരംഭിക്കുകയും കൊടുങ്ങല്ലൂർ മുസ്ലിംകൾ ഇതര രാജ്യക്കാരായ മുസ്

ലിംകളോട് സഹായത്തിന്നും പ്രതിക്രിയ ചെയ്യേണ്ടതിന്നും അപേക്ഷിക്കുകയും ചെയ്തു. അതുപ്രകാരം കോഴിക്കോട്, കൊയിലാണ്ടി, കാപ്പാട്, തിക്കോടി, പരപ്പനങ്ങാടി, തിരൂരങ്ങാടി, താനൂർ, പറവണ്ണ, പൊന്നാനി, വെളിയങ്കോട്, ചാലിയം, എന്നീ രാജ്യങ്ങളിലെ മുസ്ലിംകൾ ഒരുമിച്ചുചേർന്ന് ചാലിയം ജുമാഅത്ത് പള്ളിയിൽ ഒന്നിച്ചു ചേരുകയും സാമൂതിരി രാജാവിന്റെ അനുമതി പ്രകാരം കൊടുങ്ങല്ലൂരിലെ ജൂതന്മാരോടും വേണ്ടിവന്നാൽ പോർത്തുഗീസുകാരോടും യുദ്ധം ചെയ്യാൻ തീരുമാനിച്ചു. പിന്നീട് ഇവരെല്ലാം ഉദ്ദേശം നൂറ കപ്പലുകളിൽ പുറപ്പെട്ടു കൊടുങ്ങല്ലൂരിൽ എത്തി യുദ്ധം ആരംഭിക്കുകയും, ഒട്ടധികം ജൂതന്മാരെ കൊലപ്പെടുത്തുകയും ചെയ്തു. ബാക്കിയുള്ളവർ ഭയപ്പെട്ടു രാജ്യത്തിന്റെ കിഴക്കൻ പ്രദേശങ്ങളിൽ പോയി അഭയം പ്രാപിച്ചു. മുസ്ലിംകൾ ജൂതന്മാരുടെ കനീസ്സുകൾക്കും വീടുകൾക്കും തീ വെച്ചതിന്നു ശേഷം ചില ക്രിസ്തീയ വീടുകളെയും കനീസ്സുകളെയും അവർ നശിപ്പിച്ചു. തന്നിമിത്തം അവിടത്തെ നായന്മാർ മുസ്ലിംകളെ എതിർക്കുകയും ആ ലഹളയിൽ ഏതാനും നായന്മാർ വധിക്കപ്പെടുകയും ചെയ്തു. അതുകൊണ്ട് തദ്ദേശവാസികളായ മുസ്ലിംകൾക്ക് അവിടെ താമസിക്കുന്നതിന്നു ഭയമുണ്ടായി. അവർക്ക് അന്യദിക്കുകളിൽ പോയി താമസിക്കേണ്ടി വന്നു.

ഈ കൊല്ലത്തിൽ തന്നെ ധർമ്മപട്ടണം, എടക്കാട്, കണ്ണൂർ, ഉവകാട്, മാടായി, ചെമ്മലോട്, എന്നീ ദിക്കുകാരും മററു ചില രാജ്യക്കാരും യോജിച്ചു പോർത്തുഗീസുകാരോട് എതിർത്തു



യുദ്ധം ചെയ്തു. അതേ കൊല്ലത്തിൽതന്നെ കൊച്ചി മുസ്ലിം തലവന്മാരിൽപെട്ട ഫഖീഹ അഹമ്മദ് മരക്കാര്, തന്റെ സഹോദരൻ കുഞ്ഞാലി മരക്കാർ, അമ്മാമൻ മുഹമ്മതാലി മരക്കാര് എന്നിവരും അനുയായികളുംകൂടി പോർത്തുഗീസുകാരോടു യുദ്ധത്തിന്നായി കൊച്ചിയിൽനിന്ന് പുറപ്പെട്ടു. അവർ യാത്ര ചെയ്തു കോഴിക്കോട്ടെത്തി.

തദവസരത്തിൽ അനവധി മുസ്ലിംകളും സാമൂതിരിപ്പാടും തങ്ങളോട് യുദ്ധത്തിന്ന് പുറപ്പെട്ടിട്ടുണ്ടെന്നു പോർത്തുഗീസുകാർ ധരിക്കുകയാൽ അവരും ശക്തിമത്തായ യുദ്ധസന്നാഹത്തോടെ കൊച്ചിയിൽനിന്നു പുറപ്പെട്ടു. അവർ ജമാദുൽ അവ്വൽ മാസം 3-ാംനു- ശനിയാഴ്ച പൊന്നാനിയിൽ ഇറങ്ങുകയും അവിടത്തെ ചില പള്ളികൾ, വീടുകൾ, പാണ്ടികശാലകൾ മുതലായവക്കു തീ വെക്കുകയും ചെയ്തു. കടൽ കരയിലുള്ള തെങ്ങുകൾ മുറിക്കുകയും ചില മുസ്ലിംകളെ കൊല്ലുകയും ചെയ്തതിൽ പിന്നെ രണ്ടാം ദിവസം രാത്രിയിൽ അവർ അവിടെ നിന്നു പുറപ്പെട്ടു കൊയിലാണ്ടിയിൽ ഇറങ്ങി അവിടത്തുകാരുടെയും വേറെ ചിലരുടെയും വക നാലു കപ്പലുകൾ പിടിച്ചു. ചില മുസ്ലിംകൾ വധിക്കപ്പെട്ടു.

എന്നാൽ മുൻ പറഞ്ഞ പ്രകാരം കോഴിക്കോട്ടു വെച്ച് കൊയിലാണ്ടി മുസ്ലിംകളും പോർത്തുഗീസുകാരും തമ്മിൽ കലഹമുണ്ടായ അവസരത്തിൽ തന്നെ സാമൂതിരി രാജാവ് പോർത്തുഗീസുകാരോടു യുദ്ധം ചെയ്യുന്നതാണെന്ന് തീരുമാനിച്ചിരുന്നു. തൽസമയം സാമൂതിരി രാജാവ് കുറെ ദൂരെയുള്ള നാട്ടുരാജാക്കന്മാ

രോട് യുദ്ധത്തിൽ ഏർപ്പെട്ടിരിക്കുകയായിരുന്നു. അതിനാൽ പ്രധാനമന്ത്രി ബാലിതാ എന്നാൾക്ക് സാമൂതിരി യുദ്ധത്തിന്ന് കല്പന കൊടുത്തു. കല്പനപ്രകാരം ബാലിതാ കോഴിക്കോട്ടെത്തി ശക്തിമത്തായ യുദ്ധസന്നാഹങ്ങൾ ചെയ്യുകയും അനവധി ദ്രവ്യങ്ങൾ അതിലേക്കായി ചിലവഴിക്കുകയും ചെയ്തു. നായർ പട്ടാളവും മുസ്ലിംകളും കൂടി പോർത്തുഗീസുകാരുടെ കോട്ട വളഞ്ഞു. മുസ്ലിംകൾ യുദ്ധത്തിന്നായി നാനാഭാഗങ്ങളിൽ നിന്നും വന്നു ചേർന്നു. അതി ഭയങ്കരമായ യുദ്ധം നടന്നുകൊണ്ടേയിരുന്നു. സാമൂതിരി രാജാവും യുദ്ധം കഴിഞ്ഞ് മടങ്ങി എത്തി. പോർത്തുഗീസുകാർ ഭക്ഷണ സാധനങ്ങൾ കിട്ടാതെ വളരെ ബുദ്ധിമുട്ടി. പുറത്തുനിന്നു വല്ല സഹായമോ ഭക്ഷണ സാധനങ്ങളോ വരുമോ എന്നുള്ള അവരുടെ പ്രതീക്ഷയും നിരാശയിൽ കലാശിച്ചു. അവർ പിന്നെ കോട്ടയിൽ നിന്ന് ഗൂഢമായി ഒരു വഴി തുരന്നുണ്ടാക്കി കോട്ടയിലുള്ള സാമാനങ്ങൾ കപ്പലിൽ കൊണ്ടുപോയി കയറ്റുകയും ആ വഴിയെ അവർ ചാടി കപ്പൽകയറി പോകുകയും ചെയ്തു. ഹിജ്റ 932 (ക്രി. അ. 1525) മുഹറം 16_ാംനായാണ് ഈ കോട്ട കൈവശപ്പെട്ടത്. യുദ്ധാരംഭം മുതൽ കോട്ട കീഴടങ്ങിയതുവരെ മുസ്ലിംകളും നായർ സൈന്യവും സാമൂതിരി ഉദ്യോഗസ്ഥന്മാരും ഉൾപ്പെടെ ആയിരത്തോളം ആളുകൾ മരിച്ചു.

കോട്ട കൈവശപ്പെടുത്തുകയാൽ പോർത്തുഗീസുകാർക്ക് സാമൂതിരി രാജാവിനോടും മുസ്ലിംകളോടും പൂർവ്വാധികം മത്സരവും പകയും ഉണ്ടായിത്തീർന്നു. ഇങ്ങിനെ കുറെ അധിക കാലത്തോളം



നിന്നു മുസ്ലിംകൾ പോർത്തുഗീസുകാരോട് യുദ്ധം ചെയ്യേണമെന്ന് തീരുമാനിച്ചതിനുശേഷം മുസ്ലിംകൾ കപ്പലുകൾ തയ്യാർ ചെയ്ത് ചുക്കും കുരുമുളകും മററു ചില ചരക്കുകളും കയററി ഗുജറാത്ത് മുതലായ രാജ്യങ്ങളിലേക്ക് പാസ്പോർട്ട് കൂടാതെ കച്ചവട യാത്ര ചെയ്തിട്ടുണ്ടായിരുന്നു. അവയിൽ ചില കപ്പലുകൾ രക്ഷപ്പെട്ടുവെങ്കിലും അധികവും പോർത്തുഗീസുകാർ പിടിച്ച് നശിപ്പിക്കുകയാണുണ്ടായത്. അതിൽ പിന്നെ ധർമ്മപട്ടണക്കാരും അവരോടു ചേർന്ന മററു ചിലരും പോർത്തുഗീസുകാരുമായി സന്ധി ചെയ്തു. പാസ്പോർട്ട് വാങ്ങി പഴയ പതിവുപ്രകാരം കച്ചവട യാത്ര തുടങ്ങി. സാമൂതിരിപ്പാടും പ്രജകളും പോർത്തുഗീസുകാരോടു മത്സരിച്ചുതന്നെ കഴിഞ്ഞു. തന്മൂലം അവരുടെ ശക്തി കുറഞ്ഞുവരികയും ദാരിദ്ര്യം വർദ്ധിക്കുകയും ചെയ്തു.

ഹിജ്റ 934 (ക്രി. അ. 1527) കൊല്ലം അവസാനത്തിൽ താനൂർ സമീപം വെച്ച് പോർത്തുഗീസുകാരുടെ ഒരു കപ്പൽ കാററിൽ അകപ്പെട്ടു പൊളിഞ്ഞുപോയി. താനൂർ രാജാവ് കപ്പലിലുള്ള ചരക്കുകളെയും ആളുകളെയും രക്ഷപ്പെടുത്തി. പൊളിഞ്ഞ കപ്പലിലുള്ള ചരക്കുകളെയും ആളുകളെയും തങ്ങൾക്ക് അയച്ചുതരണമെന്ന് സാമൂതിരിപ്പാട് താനൂർ രാജാവിനെ അറിയിച്ചു. താനൂർ രാജാവ് ആ അറിയിപ്പ് നിരാകരിക്കുകയാണുണ്ടായത്. അതിനുശേഷം പോർത്തുഗീസുകാരും താനൂർ രാജാവും സന്ധിചെയ്തു. താനൂർ രാജ്യക്കാർ പാസ്പോർട്ട് വാങ്ങി കച്ചവട യാത്രയും തുടങ്ങി. പോർത്തുഗീസുകാരും താനൂർ രാജാവും യോജിച്ചു പൊന്നാനി പുഴയുടെ വടക്കുഭാഗം

താനൂർ രാജ്യാതിർത്തിയിൽ ഒരു കോട്ട നിർമ്മിക്കുവാനും സാമൂതിരി രാജാവിനോടും എല്ലാ കച്ചവട യാത്രക്കാരോടും എതിരിടുവാനും പൊന്നാനി രാജ്യം നശിപ്പിക്കുവാനും തീർച്ചമാനിച്ചു. പോർത്തുഗീസുകാർ ഈ ആവശ്യാർത്ഥം കൊച്ചിയിൽപോയി കുറേ കപ്പലുകളും വഞ്ചികളും തയ്യാർ ചെയ്തു. കല്ല്, കുമ്മായം മുതലായി കോട്ട പണിയുവാൻ ആവശ്യമായ സാധന സാമഗ്രികൾ കയററി തിരിച്ചു വരുമ്പോൾ വഴി മദ്ധ്യേ പൊന്നാനിയിൽ കപ്പലിന്നു അവർ നങ്കൂരമിട്ടു. അവിടെ കപ്പൽ കാററിലകപ്പെട്ടതിനാൽ നങ്കൂരം പൊട്ടി വെളിയങ്കോടിന്നു തെക്കുഭാഗം വെച്ചു കപ്പലുകൾ പൊളിഞ്ഞുപോയി. ഒരു ചെറിയ കപ്പൽ മാത്രം രക്ഷപ്പെട്ടു. പോർത്തുഗീസുകാരും അവരുടെ പ്രവൃത്തിക്കാരും അതിൽ പെട്ട് മുങ്ങിപ്പോകുകയും കുറെ പേർ കരക്കണയുകയും ചെയ്തു. അവരിൽ ചിലരെ മുസ്ലിംകൾ കൊന്നു. ബാക്കിയുള്ളവരെ ബന്ധനസ്ഥരാക്കുകയുംചെയ്തു. പിടിച്ചെടുക്കപ്പെട്ട കുറെ വലിയ തോക്കുകൾ വെളിയങ്കോട്ടുകാർ സാമൂതിരിക്ക് എത്തിച്ചുകൊടുത്തു. പോർത്തുഗീസുകാരുടേയും കൂട്ടുകാരുടേയും ദുരാലോചനകൾ തടയപ്പെടുകയുംചെയ്തു

ഹിജ്റ 937 (ക്രി. അ. 1530) കൊല്ലത്തിൽ സാമൂതിരി പ്രജാപ്രഭൃതികൾ മുപ്പതു കപ്പലുകളിൽ ഗുജറാത്ത് തുറമുഖത്തേക്കു കച്ചവടാവശ്യാർത്ഥം യാത്രചെയ്തു. മുസ്ലിം തലവന്മാരിൽ പെട്ട അലി ഇബ്രാഹിം മരക്കാരും തന്റെ പിതൃവ്യ പുത്രനായ ഇബ്രാഹിം കണ്ണ മരക്കാരും കൂട്ടുകാരും അവരോടൊന്നിച്ചു പുറപ്പെട്ടിട്ടുണ്ടായിരുന്നു. അവരിൽ അധികം ആളുകളും ജൌജരി തുറമുഖത്തിലും സൂറത്തിലും ചിലർ ബറൂജ് (ബ്രൂജ്) തുറമുഖത്തും



ഇറങ്ങി. പോർത്തുഗീസുകാർ കപ്പലുകളിലും വഞ്ചികളിലും അവരോട് യുദ്ധത്തിന്നായി പുറപ്പെട്ടു. അവർ ജൌജരി, സൂറത്ത് എന്നീ തുറമുഖങ്ങളിൽ എത്തി. അവിടങ്ങളിലുണ്ടായിരുന്ന സാമൂതിരി പ്രജകളുടെ കപ്പലുകളേയും ചരക്കുകളേയും പോർത്തുഗീസുകാർ പിടിച്ചു കൈവശപ്പെടുത്തി. ബറൂജ് (ബ്രൂജ്) തുറമുഖത്ത് ഇറങ്ങിയിരുന്ന സാമൂതിരി പ്രജകൾ മാത്രം രക്ഷപ്പെട്ടു. ഈ കൊല്ലത്തിനു മുമ്പ് ഗുജറാത്ത് സുൽത്താനായ ബഹാദർഷാഹിന്റെ ചില കപ്പലുകളും മലബാറുകാരുടെ ഒട്ടനേകം കപ്പലുകളും പോർത്തുഗീസുകാരുടെ പിടിയിൽ പെട്ടിട്ടുണ്ടായിരുന്നു. തന്നിമിത്തം മുസ്ലിംകളുടെ സ്ഥിതി വീണ്ടും ദയനീയമായിത്തീർന്നു.

## അഞ്ചാം അദ്ധ്യായം.

### സാമൂതിരിപ്പാടും പോർത്തുഗീസുകാരുമായുള്ള രണ്ടാം സന്ധിയും ചാലിയം കോട്ട കെട്ടിയതും.

പോർത്തുഗീസു നായകന്മാരിൽ ഒരാൾ സാമൂതിരിപ്പാടുമായി സന്ധി ചെയ്യാനാണ്" എന്നും പറഞ്ഞുകൊണ്ട് കൊച്ചിയിൽ നിന്നു കരമാർഗ്ഗമായി പുറപ്പെട്ടു. തരം കിട്ടിയാൽ സാമൂതിരിപ്പാടിനെ ചതിക്കണമെന്നായിരുന്നു ഈ നായകന്റെ ഉദ്ദേശം. ഇട്ടാറത്തിന്നു ചില മുസ്ലിം കച്ചവടക്കാരുമായി പഴയ ഉടമ്പടി

കാലത്തുള്ള പരിചയവും അവരുമായി ചില ഇടപാടുകളും ഉണ്ടായിരുന്നു. അദ്ദേഹം പൊന്നാനിയിൽ എത്തി അവിടെനിന്ന് താനൂർ രാജാവിന്റെ അടുക്കൽ ചെന്ന് സാമൂതിരിപ്പാടുമായി സന്ധിയാവണമെന്ന ഉദ്ദേശത്തോടുകൂടി അദ്ദേഹം അവിടെ താമസിച്ചു.

എന്നാൽ കോഴിക്കോട്ട കോട്ട പിടിച്ചതായ സാമൂതിരിപ്പാടിന്നു പ്രായാധിക്യത്താലും ലഹരി സാധനങ്ങൾ ഉപയോഗിച്ചിരുന്നതിനാലും ബുദ്ധി മന്ദിച്ച നിലയിലായിരുന്നു. തന്റെ അനുഗാമിയും അടുത്ത സഹോദരനുമായിരുന്ന തൈസംഫർ ശക്തനും ബുദ്ധിമാനും മാമൂൽ അനുസരിച്ച് ജ്യേഷ്ഠന്നു കീഴടങ്ങാത്ത ഒരാളുമായിരുന്നു. താനൂർ രാജാവും സാമൂതിരി രാജാവും മന്ത്രിമാരുംകൂടി ഒരു കൂടിയാലോചന നടത്തിയതിൽനിന്നു പിൻവാഴ്ചക്കാരനായ തൈസംഫറിന്നു പ്രതികൂലമായ ഒരു തീർപ്പുണ്ടായി. അതുപ്രകാരം പോർത്തുഗീസുകാർക്ക് ചാലിയത്ത് ഒരു കോട്ട ഉണ്ടായിരിക്കുന്നത് ഗുണകരമായിരിക്കുമെന്ന് അഭിപ്രായപ്പെട്ടു.

ചാലിയം സാമൂതിരിപ്പാടിന്റെയും സൈന്യങ്ങളുടെയും മററു യാത്രക്കാരുടെയും ഗതാഗത മാർഗ്ഗവും കോഴിക്കോട്ടു നിന്ന് എട്ടു മൈലിൽ കൂടുതൽ ദൂരമില്ലാത്ത സ്ഥലവുമാകയാൽ ചാലിയം കോട്ടകൊണ്ട് കോഴിക്കോട്ടുനിന്ന് പോകുന്ന അറേബ്യാ കച്ചവട യാത്രക്കാരെ തടയുവാൻ സാധിക്കുമെന്നും അവർ വിചാരിച്ചിരുന്നു. ചാലിയം രാജാവുമായി യോജിച്ചതിന്നു ശേഷം



സാമൂതിരിപ്പാടും പോർത്തുഗീസുകാർക്ക് ചാലിയം കോട്ട പണിയുവാൻ സമ്മതം നൽകി.

പോർത്തുഗീസുകാർ കോട്ട പണിയുവാൻ ആവശ്യമായ സാമഗ്രികളോടുകൂടി ഒരു കപ്പലിൽ ചാലിയത്ത് എത്തി. ഇത് ഹിജറ 938 (ക്രി. അ. 1552) കൊല്ലം റബിഉൽ ആഖർ മാസത്തിലാണ്.

പോർത്തുഗീസുകാർ കോട്ട പണിയുവാൻ ആരംഭിച്ചതോടുകൂടി ഇസ്ലാംമത പ്രചരണാരംഭത്തിൽ അവിടെ മാലിക്ക്ബ്നു ദീനാർ മുതലായവർ പണിയിച്ച ജുമാഅത്ത് പള്ളിയും വേറെ രണ്ടു പള്ളികളും പൊളിക്കുകയും പള്ളിയുടെ കല്ല്, മരം മുതലായ സാമാനങ്ങൾ കോട്ടയുടെയും കനീസ്സകളുടെയും ആവശ്യങ്ങൾക്കു ഉപയോഗപ്പെടുത്തുകയും ചെയ്തു.

കോട്ടയുടെ പണി ആരംഭിച്ച ദിവസംതന്നെ പള്ളിയിന്മേൽ പതിച്ചിരുന്ന ഒരു കല്ല് പോർത്തുഗീസുകാരിൽ ഒരുവൻ ചെന്നു കുത്തിപ്പൊളിച്ചു എടുത്തുകൊണ്ടുപോയി. ഇതു കണ്ട ചാലിയം മുസ്ലിംകൾ അവിടത്തെ പോർച്ചുഗൽ നേതാവിന്റെ അടുക്കൽ ആവലാതി ബോധിപ്പിച്ചു. അതിന്റെ ഫലമായി പോർച്ചുഗൽ നേതാവും കുറെ പണിക്കാരും ആ കല്ല് പൊളിച്ചതായ സ്ഥലം കുമ്മായവും കല്ലും വെച്ച് നന്നാക്കി കൊടുക്കുകയും ചെയ്തു.

എന്നാൽ ഈ സംഭവം നടന്നതിന്റെ രണ്ടാം ദിവസം കുറെ അധികം പോർത്തുഗീസുകാർ ഒരു സംഘമായി ചെന്ന് പള്ളി നിശ്ശേഷം പൊളിച്ചുകളഞ്ഞു. ഒരു കല്ലു പോലും

ശേഷിക്കാത്ത വിധത്തിലാക്കി. മുസ്ലിംകൾ വീണ്ടും ആവലാതി പറഞ്ഞപ്പോൾ അവരുടെ രാജാവിനോട് പള്ളിയും സ്ഥലവും തങ്ങൾ വിലക്ക് വാങ്ങിയിരിക്കുന്നു എന്നു മറുപടി പറയുകയും മുസ്ലിംകൾക്ക് അവിടെ നിന്ന് നിരാശയോടെ മടങ്ങി അല്പം ദൂരത്തുണ്ടായിരുന്ന ഒരു ചെറിയ പള്ളിയിൽ പോയി കൂടേണ്ടി വരികയും ചെയ്തു. അനന്തരം പോർത്തുഗീസുകാർ മുസ്ലിംകളുടെ ഖബർ (ശ്മശാനം) സ്ഥലങ്ങളേയും പൊളിച്ചു നിരത്തി. ആ കല്ലുകൾ കോട്ട പണി മുഴുമിക്കേണ്ടതിന്നു എടുത്തു. കോട്ടയുടെ പണി പൂർത്തിയാകുന്നതിന്നു മുമ്പായി സാമൂതിരി രാജാവ് നിര്യാതനായി. അനന്തരാവകാശിയായ തൈസാഫർ സ്ഥാനാരോഹണം ചെയ്തു. പോർത്തുഗീസുകാരുമായുള്ള സന്ധി ദുർബ്ബലപ്പെട്ടതിൽ പിന്നെ പുതിയ സാമൂതിരി രാജാവ് ചാലിയം രാജാവിനോട് യുദ്ധംചെയ്തു രാജ്യം നശിപ്പിക്കുകയും ചാലിയം രാജാവും രാജനിയമപ്രകാരം സാമൂതിരി രാജാവിന്ന് കീഴൊതുങ്ങി സന്ധി ചെയ്കയും ചെയ്തു. അതേ കൊല്ലം അൽഅമീർ മുസ്തഫാറൂമി എന്ന മഹാൻ പോർത്തുഗീസുകാരോട് യുദ്ധം ചെയ്യേണ്ടതിന്നായി ഒട്ടധികം ധനത്തോടും തോക്ക്, കുന്തം മുതലായ ആയുധങ്ങളോടും കൂടി "മർഖ" എന്ന രാജ്യത്തിൽനിന്നു പുറപ്പെട്ടു. ഗുജറാത്തിൽ എത്തി, അന്നു അവിടത്തെ ഉപരാജാവായി വാണിരുന്നത് മുൻ പ്രസ്താവിച്ച സുൽത്താൻ മാലിക്ക് ഇയ്യാസ്സ് മകൻ സുൽത്താൻ മാലിക്ക് തൊഗസ്സ് എന്ന രാജാവായിരുന്നു. ഇദ്ദേഹം സുൽത്താൻ ബഹാദർ ഷാഹിന്റെ കീഴിൽ ഗുജറാത്തിലെ ഭരണാധികാരിയായിരുന്നു.



അമീർ മുസ്തഫാറൂമി ഗുജറാത്തിൽ എത്തിയതോടുകൂടി ഗുജറാത്ത് കൈവശപ്പെടുത്തണമെന്ന് ഉദ്ദേശിച്ച് പോർത്തുഗീസുകാരും അവിടെ എത്തി. അമീർ മുസ്തഫാറൂമി വലിയ തോക്കുകൾ ഉപയോഗിച്ച് പോർത്തുഗീസുകാരോട് ഘോരസമരം ചെയ്കയും ശത്രുക്കൾ പരാജിതരായി പിന്തിരിയുകയും ചെയ്തു.

# ആറാം അദ്ധ്യായം.

## സാമൂതിരിപ്പാടും പോർത്തുഗീസുകാരുമായുള്ള മൂന്നാം സന്ധി.

ഹിജ്റ 940 (ക്രി. അ. 1533) കൊല്ലത്തിൽ സാമൂതിരിപ്പാടും പോർത്തുഗീസുകാരും തമ്മിൽ ഉടമ്പടി ചെയ്തു. കോഴിക്കോട്ടുനിന്നു കൊല്ലംതോറും നാലു കപ്പൽ ചരക്കുകൾ അറേബ്യാ കച്ചവടാവശ്യാർത്ഥം അയക്കേണമെന്നും ഉടമ്പടിയിൽ നിശ്ചയിച്ചിട്ടുണ്ടായിരുന്നു. അതനുസരിച്ച് നാലു കപ്പൽ ചരക്കു കയറ്റി അറേബ്യാ രാജ്യങ്ങളിലേക്കു പുറപ്പെട്ടു. സാമൂതിരിപ്പാടിന്റെ പ്രജകളിൽ ചിലർ പോർത്തുഗീസുകാരുടെ പാസ്സ്പോർട്ടു വാങ്ങി ഇതര രാജ്യങ്ങളിലേക്കു കച്ചവട യാത്ര ചെയ്തുവന്നു. അനന്തരം സാമൂതിരി രാജാവ് താനൂർ രാജാവിനോട് യുദ്ധത്തിന്നൊരുങ്ങി. ഭയങ്കരമായ യുദ്ധം നടന്നശേഷം അവർ തമ്മിൽ

പൊന്നാനിക്ക് സമീപമുള്ള ചില പ്രദേശങ്ങളും ചാലിയത്തിന്നു സമീപമുള്ള തിരുത്തിയും സാമൂതിരി രാജാവിന്നു് കൊടുക്കാമെന്നുള്ള നിശ്ചയത്തിന്മേൽ സന്ധി ചെയ്തു. ചാലിയം കോട്ട പണി ചെയ്യേണ്ടതിന്നായി വന്ന പോർത്തുഗീസ് നേതാവായിരുന്നു ഇവരുടെ ഇടയിൽ മദ്ധ്യസ്ഥം വഹിച്ചതു്

ഈ സന്ധിയുണ്ടായ അടുത്ത കാലത്തായിരുന്നു ഖാജാ ഹുസൈൻ സൻജഖ്ദാർ റൂമി എന്ന മനുഷ്യനും ഫഖീഹ് അഹമ്മദ് മരക്കാരുടെ സഹോദരൻ കുഞ്ഞാലി മരക്കാരും കോഴിക്കോട്ട് കപ്പൽ ഇറങ്ങിയതു്. ഇവരെ മലബാർ മുസ്ലിംകളെ ക്ഷണിക്കേണ്ടതിന്നായി ബഹദർഷാഹ് സുൽത്താൻ അയച്ചതായിരുന്നു. പോർത്തുഗീസ്കാരുമായി കടൽയുദ്ധം ചെയ്യേണ്ടതിന്നു് മലബാർ മുസ്ലിംകളെ ഗുജറാത്തിലേക്ക് അയക്കണമെന്നായിരുന്നു. സുൽത്താൻ ബഹാദർഷാഹിന്റെ ഉദ്ദേശം. അദ്ദേഹം സാമൂതിരിപ്പാടിന്നു ചില സമ്മാനങ്ങളും കുറേ ദ്രവ്യങ്ങളും ഇവരുടെ വശം അയച്ചുകൊടുത്തിരുന്നു. അവിടെ യുദ്ധം സന്ധിയിൽ അവസാനിച്ചതിനാൽ മലബാറുകാരെ അങ്ങോട്ട് അയക്കേണ്ടി വന്നില്ല. ഹിജ്റ 941 (ക്രി അ. 1534) റബീഉൽ അവ്വൽ 16-ാംനു-യാണ് ഇവർ രണ്ടാളും കോഴിക്കോട്ട് എത്തിയതു്.

…. ….



## ഏഴാം അദ്ധ്യായം.

### ബഹാദർഷാഹ് സുൽത്താനും പോർത്തുഗീസുകാരുമായുള്ള സന്ധിയും, സുൽത്താന്റെ ചില രാജ്യങ്ങൾ പോർത്തുഗീസ്കാർക്ക് ഒഴിഞ്ഞു കൊടുത്തതും.

ഹിജ്റ 941 (ക്രി. അ. 1534) കൊല്ലാവസാനത്തിൽ സുൽത്താൻ ബാബർ മകൻ ഹുമയൂൺ ഡൽഹിയിൽ രാജാവായതിൽപിന്നെ അദ്ദേഹം ഗുജറാത്തിലേക്ക് യുദ്ധത്തിനായി പുറപ്പെട്ടു. ഗുജറാത്തിലെ ചില രാജ്യങ്ങൾ അദ്ദേഹം ആക്രമിച്ചു. അവിടത്തെ ഭരണാധികാരിയായിരുന്ന സുൽത്താൻ ബഹാദർഷാഹിന്നു് ഈ യുദ്ധത്തിൽ പരാജയം നേരിടുകയും ഹുമയൂനെ ഭയപ്പെട്ട അദ്ദേഹം പോർത്തുഗീസ്സുകാരുടെ സഹായത്തെ അപേക്ഷിക്കുകയും ചെയ്തു. പോർത്തുഗീസ്സുകാർ അതിജാഗ്രതയോടെ എത്തി സുൽത്താൻ ബഹാദർഷാഹുമായി സന്ധിയാവുകയും ചെയ്തു. ബഹാദർഷാഹ് സുൽത്താന്റെ രാജ്യങ്ങളിൽപ്പെട്ട ബസ്സീൻ മഹാരാം മുതലായ രാജ്യങ്ങളെ പോർത്തുഗീസ്സുകാർക്ക് വിട്ടുകൊടുക്കുകയും അവർ അടുത്ത പല രാജ്യങ്ങളെയും ഇതോടു കൂട്ടിച്ചേർത്തു ഒരു വലിയ രാജ്യമാക്കുകയും ചെയ്തു. അതുഹേതുവായി പോർത്തുഗീസ്സുകാർക്കു അധികമായ ലാഭങ്ങൾ ഉണ്ടാകുകയും അവരുടെ സ്ഥിതി പ്രബലപ്പെടുകയും ചെയ്തു. സുൽത്താൻ ബഹാദർഷാഹിന്റെ ദ്വീപും അഭിവൃദ്ധിപ്പെടുത്തേണ്ടതിന്നു പോർത്തുഗീസ്സുകാർക്ക് ഏല്പിച്ചു കൊടുത്തു ആ ദ്വീപിലെ ആദാ

യത്തിൽ പത്തിൽ അരവീതം പോർത്തുഗീസുകാർക്ക് കൊടുക്കുമെന്നും നിശ്ചയിക്കുകയും ചെയ്തു. അതുപ്രകാരം അവർ ദ്വീപ് അഭിവൃദ്ധിപ്പെടുത്തുകയും രക്ഷിക്കുകയും ചെയ്തുപോന്നു. ഈ ദ്വീപ് കൈവശപ്പെടുത്തേണ്ടതിന്നായി പോർത്തുഗീസുകാർ പല തവണയും സർവ്വദാ പരിശ്രമിച്ചുവെങ്കിലും മലിക്കിയ്യാസ്സ് സുൽത്താന്റെയും പുത്രന്മാരുടേയും കാലങ്ങളിൽ ആ വക പരിശ്രമങ്ങൾ പരാജയത്തിൽ കലാശിക്കുകയാണുണ്ടായത്. എങ്കിലും ഇപ്രാവശ്യം ഈ രാജ്യങ്ങൾ നിഷ്പ്രയാസം പോർത്തുഗീസുകാരു കൈവശപ്പെട്ടു. ഹിജ്റ 943 (ക്രി. അ. 1536) റംസാൻ 3-ാംനു സുൽത്താൻ ബഹാദർഷാഹിനെ പോർത്തുഗീസുകാർ കൊല്ലുകയും മൃതശരീരം കടലിൽ എറിയുകയുംചെയ്തു ഇതിന്നുശേഷം ദ്വീപ് പൂർണ്ണമായി പോർത്തുഗീസുകാർക്ക് ലഭിച്ചു. അവർ അവിടെ സ്ഥിരവാസം ആരംഭിച്ചു.

ഹിജ്റ 944 (ക്രി. അ. 1537) കൊല്ലത്തിൽ പോർത്തുഗീസുകാർ പറവണ്ണയിൽ എത്തി. അവിടെ വെച്ച് കുട്ടിഇബ്രാഹിംമരക്കാരേയും തന്റെ കൂടെയുള്ള വേറെ ചിലരേയും വധിച്ചു തീവെച്ചു കരിച്ചു. പിന്നെ പോർത്തുഗീസുകാരും അവരുടെ സഹായികളായിരുന്ന താനൂർ, പറവണ്ണ എന്നീ രാജ്യക്കാരുംകൂടി അവിടെനിന്നു മടങ്ങി. ഈ സഹായികൾ താനൂർ രാജാവിന്റെ പ്രജകളും ചിലർ രാജാവിന്റെ ഉടമ്പടിയിൽനിന്നു പോർത്തുഗീസ്കാരുടെ പാസ്പോർട്ട് വാങ്ങി കച്ചവടയാത്ര ചെയ്തിരുന്നവരുമായിരുന്നു. ഇവരെ വധിക്കുവാനുള്ള കാരണം കുട്ടിഇബ്രാഹിം മരക്കാരും സഹജന്മാരും പാസ്പോർട്ടു കൂടാതെ ചുക്കു, കുരു



മുളകും കയററി ജിദ്ദ തുറമുഖത്തേക്കു പോയതിനാണെന്നും അവിടത്തേക്കു ചരക്കുകൾ കൊണ്ടുപോകുന്നതു് വിദേശീയർക്ക് പ്രത്യേകം ഈർഷ്യതക്കു വഴിയാണെന്നും പറയപ്പെടുന്നു.

ഈ കാലം തന്നെ സാമൂതിരിപ്പാട് കൊച്ചി രാജാവിനോടും പോർത്തുഗീസുകാരോടും യുദ്ധത്തിന്നായി കൊടുങ്ങല്ലൂരിലേക്ക് പുറപ്പെട്ടു. അവിടെ വെച്ചു അധികം നാൾ യുദ്ധം നടന്നു എങ്കിലും പോർത്തുഗീസുകാരുടെ ശക്തി മൂലം യാതൊരു ഫലവും ലഭിക്കാതെ സാമൂതിരിപ്പാട് മടങ്ങുകയാണുണ്ടായതു്. അതിന്നു ശേഷം കൊടുങ്ങല്ലൂരിലും ആ പാശ്ചാത്യർ ഒരു കോട്ട പണി ചെയ്തു. അതിനാൽ സാമൂതിരിപ്പാടിനു കൊടുങ്ങല്ലൂർ യുദ്ധം പ്രയാസമായിത്തീർന്നു

ഹിജ്റ 944 (ക്രി. അ 1537) ശഅ്ബാൻ മാസത്തിൽ അലി ഇബ്രാഹിം മരക്കാരും ഫഖീഹ് അഹമ്മദ് മരക്കാരും സഹോദരൻ കുഞ്ഞാലി മരക്കാരും കൂടി നാല്പത്തിരണ്ടു് കപ്പലിൽ അത്രാഫ്കായലിലേക്കു (തമിഴ് രാജ്യത്തിൽപെട്ട കായൽപട്ടണം) പുറപ്പെട്ടു അവർ ആ രാജ്യങ്ങളിലെ നബിഇയ്യാലെ എന്ന പ്രദേശത്തു് എത്തി. അവിടെ കുറെ നാൾ താമസിച്ചു. ആ അവസരത്തിൽ പോർത്തുഗീസുകാരുടെ കപ്പലുകളും നബിഇയ്യാലയിൽ എത്തി. അവിടെവെച്ചു മരക്കാന്മാരോടു യുദ്ധം ചെയ്കയും അവരുടെ കപ്പലുകൾ പോർത്തുഗീസ്കാരുടെ പിടിയിൽ പെടുകയും ചെയ്തു. ആ എതിർപ്പിൽ മരക്കാന്മാരുടെ സൈന്യത്തിൽപെട്ട ചിലർ കൊല്ലപ്പെട്ടു. ബാക്കിയുള്ളവർ നബിഇയ്യാലയിൽ നിന്നു മലബാറിലേക്കു തന്നെ തിരിച്ചു. വഴിമദ്ധ്യെയുള്ള

നല്ലാനപള്ളി എന്ന രാജ്യത്തിൽവെച്ചു അലി ഇബ്രാഹിം മരക്കാര് കാലഗതി പ്രാപിച്ചു. ഈ കൊല്ലം ശവ്വാൽ മാസം 15-ാംനു-യാണ്. കാരക്കാട്ടുകാരുടെ കപ്പലുകൾ കണ്ണൂരിന്നു സമീപം വെച്ചു പോർത്തുഗീസുകാർ കസ്വശപ്പെടുത്തിയതു്.

# എട്ടാം അദ്ധ്യായം.

## സുലൈമാൻപാഷ ദ്വീപിലും അയൽ രാജ്യങ്ങളിലും ചെന്നതു്.

ഹിജ്റ 944 (ക്രി. അ. 1537)ൽ സുൽത്താൻ സുലൈമാൻ ഷാഹിന്റെ പ്രധാനമന്ത്രി സുലൈമാൻ പാഷ നൂറു കപ്പലുകളും അനവധി പത്തേമ്മാരികളും യുദ്ധസാമഗ്രികളുമായി പുറപ്പെട്ടു് ആദൻ തുറമുഖത്തു എത്തി. അവിടത്തെ സുൽത്താനായിരുന്ന ശൈഖ് അമീർബിൻദാവൂദ് എന്നവരെയും രാജ്യപ്രധാനികളിൽ ചിലരെയും കൊന്നു തുറമുഖം കൈവശപ്പെടുത്തി.

അനന്തരം സുലൈമാൻ പാഷ ഗുജറാത്തിലേക്കു പോയി. അവിടേയും യുദ്ധം തുടങ്ങി. മുൻകാലങ്ങളിൽ അവിടുത്തെ സുൽത്താന്മാർ കെട്ടിച്ചതായ കോട്ടയുടെ നേരെ വലിയ തോക്കുകൾ ഒഴിച്ചു വളരെ നാശങ്ങൾ ഉണ്ടാക്കിത്തീർത്തു അപ്പോഴേക്കു് പോർത്തുഗീസുകാരുടെ യുദ്ധസന്നാഹങ്ങളറിഞ്ഞു് സുലൈമാൻ പാഷ യാതൊരു വിജയവും ലഭിക്കാതെ ഈജിപ്തിലേക്കും അവിടെനിന്നു് റോമായിലേക്കും തിരിച്ചുപോയി.



പോർത്തുഗീസുകാർ അവിടെചെന്നു നശിപ്പിക്കപ്പെട്ട കോട്ടകളുടെ കേടുപാടുകൾ തീർക്കുകയും അവിടെ ശക്തിയായി ബന്തവസ്തു് ചെയ്യുകയും ചെയ്തു.

അലി ഇബ്രാഹിം മരക്കാരുടെ മരണത്തിനുശേഷം ഫഖീഹ് അഹമ്മദ് മരക്കാരും സഹോദരൻ കുഞ്ഞാലി മരക്കാരും പതിനൊന്നു് കപ്പലുകളോടു കൂടി സിലോണിലേക്കു് പുറപ്പെട്ടു അവർ അവിടെ എത്തിയതറിഞ്ഞു് പോർത്തുഗീസുകാരും യുദ്ധത്തിന്നായി അവിടെ ചെന്നു. അവിടെ വെച്ചു് അവർ പരസ്പരം നടന്ന യുദ്ധത്തിൽ പോർത്തുഗീസുകാർ മരക്കാന്മാരുടെ കപ്പൽ പിടിക്കുകയും അവരുടെ സൈന്യങ്ങളിൽ ഒരു ഭാഗം യുദ്ധത്തിൽ മരിച്ചുപോകുകയും ചെയ്തു. ബാക്കിയുള്ളവരും ഫഖീഹ് അഹമ്മദ് മരക്കാരും സഹോദരൻ കുഞ്ഞാലി മരക്കാരും സിലോൺ രാജാവിന്റെ അടുക്കലേക്കു പോയി. രാജാവ് അവരെ രണ്ടാളേയും ചതിപ്രയോഗത്താൽ വധിച്ചു.

# ഒമ്പതാം അദ്ധ്യായം.

## സാമൂതിരിപ്പാടും പോൎത്തുഗീസുകാരുമായുള്ള നാലാം സന്ധി.

ഹിജ്റ 946 (ക്രി. അ. 1539)-ാം കൊല്ലം ശഅബാൻ മാസത്തിൽ പോൎത്തുഗീസുകാർ സാമൂതിരിപ്പാടിന്റെ അടുക്കൽ ചെന്നു സന്ധി ചെയ്തു. സാമൂതിരി രാജാവ് അന്നു പൊന്നാനിയിൽ ആയിരുന്നതുകൊണ്ട് അവിടെ വെച്ചാണ് സന്ധി ഉണ്ടായത്. താനൂർ രാജാവും കൊടുങ്ങല്ലൂർ രാജാവും സന്ധി ചെയ്യേണ്ടതിന്നായി സാമൂതിരിപ്പാടിനെ പ്രോത്സാഹിപ്പിക്കുകയും അവിടെ അവർ സന്നിഹിതരാവുകയും ചെയ്തിരുന്നു. തന്മൂലം സാമൂതിരിപ്പാടിന്റെ പ്രജകൾ പാരസ്പര്യത്തോടുകൂടി കച്ചവടയാത്ര തുടങ്ങി.

ഹിജ്റ 952 (ക്രി. അ. 1545)-ാം കൊല്ലം മുഹറം മാസം 8-ാംനു കണ്ണൂരിലെ പ്രധാനികളായ അബൂബക്കർ അലിയേയും മരുമകൻ കുഞ്ഞിസൂപ്പിയേയും പോൎത്തുഗീസുകാർ കൊലപ്പെടുത്തി. ഈ അബൂബക്കർഅലി കണ്ണൂർ ആലിആദിരാജാവിന്റെ അമ്മാമനും, കുഞ്ഞിസൂപ്പി ആദിരാജാവിന്റെ പിതാവും ആണ്. ഇതു ഹേതുവായി കണ്ണൂക്കാരും പോൎത്തുഗീസുകാരും തമ്മിൽ ശണ്ഠ നീണ്ടുനില്ക്കുകയും ഒടുവിൽ സന്ധിയാവുകയും ചെയ്തു.



# പത്താം അദ്ധ്യായം

## സാമൂതിരിപ്പാടും പോൎത്തുഗീസുകാരുമായുള്ള ഭിന്നിപ്പ്

കൊച്ചി രാജ്യത്തിന്റെ അടുത്ത തെക്കുഭാഗം ഒരു രാജാവ് ഭരിച്ചിരുന്നു. അദ്ദേഹം കൊച്ചിരാജാവിന്റെ സഹായികളിൽ പ്രധാനിയും, പോൎത്തുഗീസുകാരുമായി വളരെ യോജിപ്പോടുകൂടി നിന്നിരുന്ന ആളുമായിരുന്നു. ആ രാജ്യത്തിൽനിന്നു പോൎത്തുഗീസുകാൎക്ക് കുരുമുളക് അധികമായി ലഭിച്ചിരുന്നതുകൊണ്ട് രാജാവിന്നു പോൎത്തുഗീസുകാർ സാഹിബുൽഫുൽഫുൽ എന്ന സ്ഥാനപ്പേര് കൊടുത്തിരുന്നു.

ഹിജ്റ 957 (ക്രി. അ. 1550) മുഹറമാസത്തിൽ പ്രസ്തുത സാഹിബുൽഫുൽഫുൽ രാജാവും സാമൂതിരിപ്പാടുമായി യോജിച്ചു ഒരു ഉടമ്പടി ചെയ്തു. അദ്ദേഹം സാമൂതിരിപ്പാടിനെ സഹായിക്കുകയും രാജ്യാധികാരങ്ങൾ സാമൂതിരിപ്പാടിന്നു ഏല്പിച്ചുകൊടുക്കുകയും ചെയ്യാമെന്നും അതിന്നുപകരം സാമൂതിരിരാജാവിന്റെയും, രണ്ടു അനന്തരാവകാശികളുടേയും കാലശേഷം സാമൂതിരിപ്പാട് അദ്ദേഹത്തെ നാലാം സഹോദരന്റെ നിലയിൽ സാമൂതിരി രാജ്യങ്ങളുടെ രാജാവായി നിശ്ചയിക്കാമെന്നും മറ്റുമായിരുന്നു ഉടമ്പടിയിലെ നിശ്ചയങ്ങൾ. ഇതു മലബാറുകാരുടെ ഒരു സമ്പ്രദായത്തിൽ പെട്ടതാണ്.

ഉടമ്പടി കഴിഞ്ഞ് സാഹിബുൽ ഫുൽഫുൽ രാജാവ് രാജ്യത്തേക്ക് മടങ്ങിപ്പോയി. ഹിജ്റ 957 (ക്രി. അ. 1550)-ാം കൊല്ലം ജമാദുൽ അവ്വൽ മാസത്തിൽ ഈ ഉടമ്പടി കാരണമായി കൊച്ചി രാജാവും പോർത്തുഗീസുകാരും കൂടി ഏകോപിച്ച് സാഹിബുൽ ഫുൽഫുൽ രാജാവിനോട് യുദ്ധത്തിന്ന് കോപ്പിട്ടു. ആ യുദ്ധത്തിൽ സാഹിബുൽ ഫുൽഫുൽ രാജാവ് തീപ്പെട്ടുപോയി.

സാഹിബുൽ ഫുൽഫുൽ രാജാവിന്റെ മരണ വൃത്താന്തം കേട്ട സാമൂതിരി രാജാവും സൈന്യങ്ങളും താമസംവിനാ കോഴിക്കോട്ട നിന്ന് പുറപ്പെട്ടു. പ്രസ്തുത രാജാവിന്റെ രാജ്യത്തെത്തി. സാമൂതിരിപ്പാട് അവിടെ വെച്ച് കൊച്ചി രാജാവിനോടും പോർത്തുഗീസുകാരോടും യുദ്ധം ചെയ്തു. ആ യുദ്ധത്തിൽ സാമൂതിരിപ്പാട് വിജയവും പരാജയവും കൂടാതെ കോഴിക്കോട്ടേക്ക് തിരിച്ചു. പക്ഷെ സാമൂതിരിപ്പാടിന്ന് ഗണ്യമായ യുദ്ധച്ചിലവു വന്നിരുന്നു

ഹിജ്റ 957 (ക്രി. അ. 1550) -ാംകൊല്ലം ജമാദുൽആഖർ 8-ാംനു- സാഹിബുൽ ഫുൽഫുൽ രാജാവിന്റെ സൈന്യങ്ങളിൽ അധിക ഭാഗവും കൊച്ചിരാജാവിനോടും പോർത്തുഗീസുകാരോടും പ്രതിക്രിയ നടത്തേണ്ടതിന്നായി പുഴകടന്ന് കൊച്ചിയിൽ എത്തുകയും അവിടെയുള്ള വീടുകളും മററും അഗ്നിക്കിരയാക്കുകയും ചെയ്തു. തന്നിമിത്തം കൊച്ചി ദേശക്കാർക്ക് അതിയായ നഷ്ടം സംഭവിച്ചു. സാഹിബുൽഫുൽഫുൽ രാജനെ നശിപ്പിക്കുകയാൽ സാമൂതിരിപ്പാടും പോർത്തുഗീസുകാരും തമ്മിൽ വീണ്ടും വൈരത്തിൽതന്നെ വർത്തിച്ചു.



ഹിജ്റ 957 (ക്രി. അ. 1550)-ാംകൊല്ലം ശവ്വാൽ മാസം 14-ാംനു- ശനിയാഴ്ച പോർത്തുഗീസുകാർ യുദ്ധസന്നാഹങ്ങളോടുകൂടി ഗോവ തുറമുഖത്തുനിന്നു പുറപ്പെട്ടു തിക്കോടിയിൽ ഇറങ്ങി അവിടുത്തെ ചില പാണ്ടികശാലകളും വീടുകളും ജുമഅത്ത് പള്ളിയും കൊള്ളിവെച്ചു നശിപ്പിച്ചുകളഞ്ഞു. ഈ സംഭവത്തിന്റെ രണ്ടാംദിവസം അവർ കൊയിലാണ്ടിയിൽ ചെന്നു. ഇസ്ലാം മതപ്രചരണാരംഭ കാലത്തു പണിചെയ്തിട്ടുള്ള അവിടുത്തെ ജുമഅത്ത് പള്ളിയും ചില വീടുകളും പീടികകളും കൊള്ളിവെച്ചു നശിപ്പിക്കുകയും ചെയ്തു. അടുത്ത വ്യാഴാഴ്ച രാവിലെ അവർ പൊന്നാനിയിൽ ഇറങ്ങി. അവിടെയുള്ള ഒട്ടധികം വീടുകളും വലിയ ജുമഅത്ത്പള്ളി ഉൾപ്പെടെ 4 പള്ളികളും അഗ്നിക്കിരയാക്കി ഈ മൂന്നു രാജ്യങ്ങളിൽവെച്ചും അനവധി മുസ്ലിംകൾ കൊല്ലപ്പെടുകയും ചെയ്തു.

ഹിജ്റ 960 (ക്രി. അ. 1553)-ാം കൊല്ലം ജമാദുൽ ആഖർ മാസം ഒടുവിൽ "അറഹീസ്സ് അലിയ്യുറൂമി" എന്ന യുദ്ധനായകൻ പോർത്തുഗീസുകാരുമായുണ്ടായ യുദ്ധത്തിൽ കക്കര (തമിഴ് രാജ്യത്തിൽപെട്ട കീളക്കര)ക്കു സമീപം വെച്ചു കൊല്ലപ്പെട്ടു എന്നും അവരുടെ കപ്പലുകൾ പോർത്തുഗീസുകാർ പിടിച്ചടക്കി എന്നുമുള്ള വിവരം മലബാറിൽ എത്തി. എന്നാൽ ഇതിന്നടുത്ത മുമ്പുതന്നെ അമീർ അലിയ്യുറൂമി പോർത്തുഗീസുകാരുടെ ചില കപ്പലുകൾ കൈവശപ്പെടുത്തിയ ശേഷം ദണ്ണായയിൽ (തമിഴ് ദേശങ്ങളിൽ ഒരു രാജ്യം) ഇറങ്ങി അവിടെ താമസിച്ചിരുന്ന പോർത്തുഗീസുകാരോട് ഘോരസമരം നടത്തി രാജ്യം നശിപ്പിക്കുകയും

അവരെ പരാജയപ്പെടുത്തുകയും ചെയ്തിട്ടുണ്ടായിരുന്നു.

ഹിജ്റ 960 (ക്രി. അ. 1553)-ാം കൊല്ലം റജബ് മാസത്തിൽ തുർക്കിദേശക്കാരനായ യൂസുഫ്തുർക്കി എന്ന യുദ്ധശൂരൻ മഹ്ല്ദ്വീപ് (മാൽദ്വീപ്)ൽനിന്നു പൊന്നാനിയിൽ വന്നു താമസിച്ചിരുന്നു. ദ്വീപിൽ താമസിച്ചിരുന്ന പോർത്തുഗീസുകാരോട് പിടിച്ചെടുത്ത വലിയ തോക്കുകളോടും മററു സാധനങ്ങളോടും കൂടെയായിരുന്നു അദ്ദേഹം പൊന്നാനിയിൽ എത്തിയതു്.

# പതിനൊന്നാം അദ്ധ്യായം

## സാമൂതിരിപ്പാടും പോർത്തുഗീസുകാരുമായുള്ള അഞ്ചാം സന്ധി.

ഹിജ്റ 963 (ക്രി. അ. 1556) -ാം കൊല്ലം മുഹററം മാസത്തിലാണ് ഈ ഉടമ്പടി നടന്നതു്. സാമൂതിരിപ്പാടും പോർത്തുഗീസുകാരും തമ്മിൽ അധികകാലം മത്സരിച്ചുതന്നെ കഴിഞ്ഞിരുന്നതിനാൽ സാമൂതിരിപ്പാടിന്റെ മുസ്ലിം പ്രജകളുടെ ശക്തി ക്ഷയിക്കുകയും അവരെ കഠിനമായ ദാരിദ്ര്യം ബാധിക്കുകയും ചെയ്തിരുന്നു. ആ ഘട്ടത്തിൽ സാമൂ-



തിരിപ്പാട് പോർത്തുഗീസുകാരുമായി സന്ധിചെയ്തു. അനന്തരം സാമൂതിരിപ്രജകൾ പാസ്പോർട്ട് വാങ്ങി കച്ചവടയാത്രയും ആരംഭിച്ചു. ഉദ്ദേശം രണ്ടുകൊല്ലം കഴിഞ്ഞതിൽ പിന്നെ കണ്ണൂർ, ധർമ്മപട്ടണം (ധർമ്മടം) മുതലായ രാജ്യങ്ങളിലെ മുസ്ലിംകളും പോർത്തുഗീസുകാരും അന്യോന്യം രണ്ടുകൊല്ലത്തോളം കഠിനമായ മത്സരത്തിൽ കഴിയുകയും പിന്നീട് അവർ തമ്മിൽ സന്ധിയാവുകയും ചെയ്തു. കണ്ണൂർ, ധർമ്മപട്ടണം എന്നീ രാജ്യക്കാരും പാസ്പോർട്ട് വാങ്ങി പതിവുപ്രകാരം വീണ്ടും കപ്പൽയാത്രയും ആരംഭിച്ചു.

ഈ കാലത്തു കണ്ണൂർ അലി ആദിരാജാവു പോർത്തുഗീസുകാരോടു യുദ്ധം ചെയ്യേണ്ടതിനായി വേണ്ട ഒരുക്കങ്ങൾ ചെയ്തുവന്നിരുന്നു. തന്റെ പ്രജകളിൽ ചിലരും കോലത്തിരി രാജാവും അലി ആദിരാജാവോടു ഈ യുദ്ധകാര്യത്തിൽ യോജിപ്പുണ്ടായിരുന്നില്ല.

ഈ അവസരത്തിൽ ആദിരാജാവിന്റെ ചില ദ്വീപുകളെ ആക്രമിക്കാനായി പോർത്തുഗീസുകാരും കപ്പലുകളും പുറപ്പെട്ടു. അമ്മേനിദ്വീപിൽ ഇറങ്ങി. അവിടെ വെച്ചു അനവധി മുസ്ലിംകളെ പോർത്തുഗീസുകാർ കൊന്നു; നാനൂറിൽപരം സ്ത്രീപുരുഷന്മാരെ തടവുകാരാക്കി. അവരുടെ മുതലുകൾ ഒട്ടധികം അവർ കൊള്ളയടിച്ചു. അനവധി വീടുകളും, പള്ളികളും അവർ അഗ്നിക്കിരയാക്കി. അവർ അമ്മേനിദ്വീപിൽ കടക്കുന്നതിന്നു മുമ്പായി ശെല്ലാഖം ദ്വീപിൽ ഇറങ്ങിയിട്ടുണ്ടായിരുന്നു. അവർ അവിടെ വെച്ചു ചില മുസ്ലിംകളെ കൊല്ലുകയും മററു ചിലരെ തടവുകാരാക്കുകയും ചെയ്തിട്ടുണ്ട്. പോർത്തുഗീസുകാരുടെ ദുശ്ശീലപ്ര-

വൃത്തികൾകണ്ട ദ്വീപുകാർ വല്ലാതെ പരിഭ്രമിച്ചവശായി. യുദ്ധാഭ്യാസമോ യുദ്ധസന്നാഹങ്ങളോ അവർക്കുണ്ടായിരുന്നില്ല. എങ്കിലും ബഹുമാന്യനായ അവിടുത്തെ ഖാസിയും, ഭാര്യയും, തങ്ങളുടെ കൂട്ടുകാരും യുദ്ധത്തിന്നൊരുങ്ങുകതന്നെ ചെയ്തു. കല്ല്, വടി മുതലായവ ഉപയോഗിച്ച അവർ പോത്തുഗീസുകാരോടു വാശിയോടെ യുദ്ധംചെയ്തു. എങ്കിലും അവർ മുഴുക്കെ കൊല്ലപ്പെടുകയാണുണ്ടായത്.

ദ്വീപുകൾ തുടരെ തുടരെ കുറെ അധികം ഉണ്ടെങ്കിലും പേർ സിദ്ധിച്ച വലിയ ദ്വീപുകൾ അമേനി, കോർദ്വീപ്, അന്ത്രോത്ത്, കല്പേനി, മലിക്ക എന്നീ അഞ്ചു ദ്വീപുകളാണ്. അപ്രധാനങ്ങളായ ദ്വീപുകളിൽ ജനവാസമുള്ളവ ആഗത്തി, കഞ്ചംഞ്ചല, കലറ്റൻ, സൈലാകം ഇവയുമാണ്.

പോത്തുഗീസുകാരുടെ തന്ത്രവും, സാമർത്ഥ്യവും ഉപയോഗിച്ച് രാജ്യത്തിന്റെ പല ഭാഗവും അവർ കൈവശപ്പെടുത്തി. മലബാർ, ഗുജറാത്ത്, കൻകൻ മുതലായ തുറമുഖങ്ങൾ അവയിൽ പ്രസ്താവയോഗ്യമാണ്. അർമുസ്സ്, മസ്ക്യം, സുമാത്രാ, മലാക്കാ, മൽഗോ, കല്യാകാത്ത, (പുതുച്ചേരി കാരക്കാട്) നാഗപട്ടണം, മഹൽദ്വീപ്, സിലോണിൽപെട്ട ചില രാജ്യങ്ങൾ ഇവിടങ്ങളിലെല്ലാം പോത്തുഗീസുകാർ കോട്ടകൾ കെട്ടുകയും ചൈനയിൽ കൂടി അവരുടെ കൂട്ടർ ധാരാളമായി എത്തിച്ചേരുകയും ചെയ്തു. പ്രസ്തുത രാജ്യങ്ങളിലേയും മററു ചില തുറമുഖങ്ങളിലേയും കച്ചവടങ്ങൾ അവർക്കായിത്തീർന്നു. ഇങ്ങനെ മുസ്ലിംകളുടെ കച്ചവടങ്ങൾ വിദേശീയരുടെ ആശ്രയത്തിലും തീരെ അ



ധഃപതിച്ച നിലയിലും ആയി. പോത്തുഗീസുകാർ ആഗ്രഹിച്ചതും ആദായമുള്ളതും ആയ കച്ചവടങ്ങൾ മുസ്ലിംകൾക്ക് ചെയ്വാൻ സാധിക്കാതെ വന്നു. തങ്ങൾക്കിഷ്ടമുള്ളതും അതിലാഭമുള്ളതും ആയ ചരക്കുകളും പോത്തുഗീസുകാർ സ്വാധീനപ്പെടുത്തുകയും ചെയ്തു. ആദ്യമായി ചുക്ക്, കുരുമുളക് എന്നീ ഉല്പന്നങ്ങളുടെ കച്ചവടങ്ങൾ മാത്രമെ മുസ്ലിംകൾക്ക് പാടില്ലെന്നു വിരോധിച്ചിരുന്നുള്ളു. പിന്നീടു അതിലാഭം കിട്ടുന്ന ഏലക്കായ, ജാതിപത്രി, കരയാംപൂവ് മുതലായ സുഗന്ധദ്രവ്യ വ്യാപാരങ്ങളും മുസ്ലിംകൾക്ക് പാടില്ലെന്നായി. ഇപ്രകാരംതന്നെ അറേബിയാ രാജ്യങ്ങളിലേക്കും, ആശി, ദനാസരി മുതലായരാജ്യങ്ങളിലേക്കും മുസ്ലിംകൾക്കു പോകാൻ പാടില്ലെന്നും പോർത്തുഗീസുകാർ വിരോധിച്ചു. പിന്നെ മുസ്ലിംകൾക്കു അനുമതി ലഭിച്ചിരുന്നതു അടക്ക, തേങ്ങ, തുണി മുതലായ കച്ചവടങ്ങൾ ചെയ്വാനോ ഗുജറാത്ത്, കൻകൻ, സോലാമന്തർ, അത്രാഫ്ഖായൽ (കായൽ പട്ടണം) എന്നീ ദേശങ്ങളിലേക്കു യാത്ര ചെയ്വാനോ മാത്രം ആയിരുന്നു.

ഹന്നൂർ (മംഗലാപുരംജില്ലയിലെഓനാപുരം) ബാസലൂർ (ബെങ്കളൂർ) മാഞ്ചലൂർ (മംഗലാപുരം) എന്നീ രാജ്യങ്ങളിൽനിന്നു മലബാർ, ഗോവ, അറേബിയ ആദിയായ രാജ്യങ്ങളിലേക്കു നെല്ലു കയററിയിരുന്നു. അതു തടയുവാനായി പോർത്തുഗീസുകാർ കോട്ടകൾ കെട്ടുകയും അവർ തന്നെ പല ഭാഗങ്ങളിൽനിന്നും ചരക്കുകൾ ശേഖരിച്ചു ലോകത്തിന്റെ നാനാ ഭാഗങ്ങളിലും എത്തിക്കുകയും ചെയ്തുപോന്നു. നാട്ടിലെ രാജാക്കന്മാരും അധികാരങ്ങളും അവർക്കു കീഴ്പ്പെട്ടു. രാജ്യങ്ങളിലെല്ലാം അവരുടെ ഭരണം

സ്ഥാപിക്കുകയും ചെയ്തു. പാസ്പോൎട്ട് കൂടാതെയുള്ള കച്ചവടയാത്രകൾ നിരോധിക്കപ്പെട്ടു. അതിനാൽ പോൎത്തുഗീസുകാരുടെ വ്യാപാരവും കപ്പലുകളും ദിനംപ്രതി അഭിവൃദ്ധിപ്പെടുകയും മുസ്ലിംകളുടെ കച്ചവടങ്ങളും കപ്പലുകളും നാമാവശേഷമായിത്തീരുകയും ചെയ്തു.

പോൎത്തുഗീസുകാർ പണിയിച്ച കോട്ടകളെ കയ്യവശപ്പെടുത്താൻ ആൎക്കും സാധിച്ചിരുന്നില്ല. പക്ഷെ അസ്സുൽത്താൻ അലിയ്യുൽ ശി എന്ന മാന്യൻ പോൎത്തുഗീസുകാരുടെ സുമാത്രാകോട്ട പിടിച്ചു. അതു ഒരു മുസ്ലിം രാജ്യമാക്കുകയും അവരുടെ കോഴിക്കോട്, ചാലിയം എന്നീ കോട്ടകൾ സാമൂതിരിപ്പാട് പിടിക്കുകയും ചെയ്തു. സിലോൺരാജാവ് അവരുടെ സിലോണിലുള്ള കോട്ട പിടിച്ചതും പ്രസ്താവ്യമാണ്. ഈ കോട്ടകൾ അവരുടെ മററു കോട്ടകളെപ്പോലെ അത്ര ബന്ധവസ്സ് ചെയ്തിരുന്നില്ല.

പോൎത്തുഗീസുകാർ ആദ്യം അവരുടെ പാസ്പോൎട്ട്കളെ വിലവെച്ചിരുന്നു. തങ്ങളുടെ പാസ്പോൎട്ട്കളോടുകൂടികാണുന്ന ഒരു കപ്പൽകാരേയും, തക്കതായ തെളിവുകളും കാരണങ്ങളും കൂടാതെ അവർ ദ്രോഹിച്ചിരുന്നില്ല. ഹിജ്റ 960 (ക്രി. അ. 1553) ാം കൊല്ലത്തിന്റെ ആരംഭം മുതൽ യാത്രക്കു പാസ്പോൎട്ട് കൊടുക്കുകയും പാസ്പോൎട്ടോടുകൂടി യാത്രചെയ്താൽ പോലും വല്ല കാരണങ്ങളും പറഞ്ഞു യാത്രക്കാരുടെ കപ്പലുകളും, ചരക്കുകളും പിടിച്ചു കൈവശപ്പെടുത്തുകയും ചെയ്യുക പോൎത്തുഗീസുകാരുടെ പതിവായിത്തീൎന്നു. കപ്പലിലുള്ള മുസ്ലിംകളേയും മററുള്ളവരേയും അററത്തും പൊങ്ങുവലയിൽ കെട്ടി വെള്ളത്തിൽ മുക്കിയും കാലുകൾ കെ



ട്ടി കടലിൽ എറിഞ്ഞും കൊല്ലുക അവൎക്കു സാധാരണയായി.

ഹിജ്റ 970 (ക്രി. അ. 1562)-ാംകൊല്ലത്തിലും അതിനടുത്ത മുമ്പും ഗോവയിൽവെച്ചു ഹബ്ശി (അബ്സീനിയ) മുസ്ലിം കച്ചവടക്കാരെ പിടിച്ചു പോൎത്തുഗീസുകാർ പലവിധ ദ്രോഹങ്ങൾ ചെയ്തു നിർബ്ബന്ധപൂൎവ്വം ക്രിസ്തുമതത്തിൽ ചേൎത്തി. അവരിൽ അധികം ആളുകളും വെളിയിൽ ക്രിസ്തുമതം സ്വീകരിച്ചുവെങ്കിലും പോൎത്തുഗീസുകാരുടെ ദ്രോഹങ്ങളിൽ നിന്നു രക്ഷപ്പെട്ട ശേഷം കുടുംബസമേതം തങ്ങളുടെ സ്വത്തുക്കളോടുകൂടി ഗോവയിൽനിന്നു ചാടിപ്പോയി ഇസ്ലാം മതത്തിലേക്കുതന്നെ മടങ്ങി. ഇവരിൽ ഒരു സ്ത്രീയെ അവർ പിടിച്ചു ക്രിസ്തുമതത്തിൽ ചേരാൻ പലവിധ ദ്രോഹങ്ങൾ ചെയ്തിട്ടും കൂട്ടാക്കാതെയായാൽ വധിക്കുകതന്നെ ചെയ്തു.

---

## പന്ത്രണ്ടാം അദ്ധ്യായം.

### സാമൂതിരിപ്പാടും പോൎത്തുഗീസുകാരും തമ്മിലുള്ള മത്സരകാരണങ്ങളും യുദ്ധക്കപ്പലുകൾ പുറപ്പെട്ടതും

പോൎത്തുഗീസുകാരുടെ അക്രമങ്ങളും ക്രൂരതയും രാജ്യത്തെങ്ങും പടൎന്നു പിടിക്കുകയും മുസ്ലിംകളുടെ കച്ചവടത്തിന്നു തടസ്സം നേരിടുകയും ചെയ്തു. അതിനാൽ അവരുടെ

ഉത്സാഹവും സാമർത്ഥ്യവും മന്ദീഭവിച്ചു. ആ വിഷമഘട്ടത്തിൽ വളർപട്ടണം, തിക്കോടി, കൊയിലാണ്ടി മുതലായ രാജ്യക്കാർ യുദ്ധത്തിനൊരുങ്ങി. കപ്പലുകളും യുദ്ധസാമഗ്രികളും തയാർ ചെയ്യുകയും പാസ്പോർട്ട് കൂടാതെ കടൽ മാർഗ്ഗമായി യാത്രചെയ്യുകയും ചെയ്തു. പോർത്തുഗീസുകാരോടു യുദ്ധം ചെയ്ത് അവരുടെ ഒരു കൂട്ടം പത്തേമ്മാരികൾ മുസ്ലിംകൾ പിടിച്ചു കയ്‌വശപ്പെടുത്തി. പിന്നീട് കാർക്കോട്ടുകാരും സാമൂതിരിപ്രജകളായ കോഴിക്കോട്ട് പുതിയങ്ങാടി പൊന്നാനി മുതലായ പ്രദേശക്കാരും കൂടി പോർത്തുഗീസുകാരോടു യുദ്ധത്തിനൊരുങ്ങി. അനവധി പോർത്തുഗീസുകാരേയും പത്തേമ്മാരികളും ദ്രവ്യങ്ങളും അവർ കൈവശപ്പെടുത്തി. അങ്ങിനെ മുസ്ലിംകളുടെ സ്ഥിതി ഭേദപ്പെട്ടു. പോർത്തുഗീസുകാർ അധഃപതിക്കുകയും ചെയ്തു.

മുസ്ലിംകൾ വീണ്ടും ഗുജറാത്ത്, കൻകൻ മുതലായ തുറമുഖങ്ങളിലേക്കു പുറപ്പെട്ടു. അവിടെവെച്ചും പോർത്തുഗീസുകാരുടെ പത്തേമ്മാരികൾ പിടിച്ചു കൈവശപ്പെടുത്തി. ശക്തിമത്തായ സൈന്യസഹായവും അനേകം കപ്പലുകളും കൂടാതെയുള്ള കടൽ യാത്ര പോർത്തുഗീസുകാർക്കു അപായകരമായിത്തീർന്നു.

എന്നാൽ മുസ്ലിംകൾക്കു പോർത്തുഗീസുകാരിൽ നിന്നു ധനലബ്ധം ചുരുങ്ങിവന്നപ്പോൾ അവർ മററു മുസ്ലിംകളുടെ സ്വത്തുക്കൾതന്നെ അക്രമമായി കവർച്ച ചെയ്‌വാനൊരുമ്പെട്ടു. മുസ്ലിം കപ്പൽക്കാരിൽ അധികം ആളുകളും ധനികന്മാരായിരുന്നില്ല. ചില കപ്പലുകൾ ഒന്നോ രണ്ടോ അതിലധികമോ ആളുകൾക്കു അവകാശപ്പെട്ടതാ



യിരുന്നു. പോർത്തുഗീസുകാരുടെ സ്വത്തുക്കൾ പിടിച്ചതുകൊണ്ടു സ്വന്താവശ്യത്തിന്നും, അവകാശികൾക്കു വീതിച്ചു കൊടുക്കുവാനും തികയാതെവന്നപ്പോൾ മുസ്ലിംകൾ കിട്ടുന്നതൊക്കെ കൊള്ളചെയ്തെടുക്കുവാൻ മുതിർന്നതാണെന്നു പറയപ്പെടുന്നു. മുസ്ലിംകളുടെ സ്വത്തുക്കൾ അപഹരിക്കരുതെന്നു ആദ്യം അവർ തീർപ്പുചെയ്തിരുന്നു. പിടിച്ചെടുത്തതിനെ മടക്കി കൊടുക്കുവാൻ ഉപദേശിക്കുന്ന ഒരു ശക്തിയുള്ള അമീർ (നായകൻ) അവർക്കുണ്ടായിരുന്നില്ല. അന്നത്തെ നാട്ടുരാജാക്കന്മാർക്കു പിടിച്ചെടുത്ത ധനത്തിൽ ഒരംശം ലഭിക്കേണമെന്നു മാത്രമേ ഉണ്ടായിരുന്നുള്ളു.

ഹിജറ 974 (ക്രി. അ. 1556)-ാംകൊല്ലം റംസാൻ മാസത്തിൽ പൊന്നാനി, കൊയിലാണ്ടി മുതലായ രാജ്യക്കാരും മററു ചില പ്രദേശക്കാരും പന്ത്രണ്ടു കപ്പലിലായിട്ടു പുറപ്പെട്ടു. അവർ ബഞ്ചാല (ബടുതല) എന്ന രാജ്യത്തിൽനിന്നു നെല്ലും പഞ്ചസാരയും കയററി തിരിച്ചുപോന്നിരുന്ന പോർത്തുഗീസുകാരുടെ ഒരു വലിയ പത്തേമ്മാരിയെ പൊന്നാനിക്കു സമീപം വെച്ചു പിടിച്ചു കൈവശപ്പെടുത്തി.

ഹിജ്റ 976 (ക്രി. അ. 1568) -ാംകൊല്ലം ജമാദുൽ ആഖറ്‌മാസം 8-ാംനു ശനിയാഴ്ച പൊന്നാനിക്കാരും കൊയിലാണ്ടിക്കാരും അയൽദേശക്കാരും കൂടി പതിനേഴു കപ്പലിൽ പൊന്നാനിയിൽനിന്നു പുറപ്പെട്ടു. പൊന്നാനിക്കാരൻ കട്ടിപ്പോക്കര് എന്നാളായിരുന്നു ഈ സംഘത്തിന്റെ നേതൃത്വം വഹിച്ചിരുന്നത്. അവർ ചാലിയം സമീപം വെച്ച് പോർത്തുഗീസുകാരുടെ ഒരു പത്തേമ്മാരിയുമായി ക

ണ്ടുമുട്ടി. കൊച്ചിയിൽനിന്നുവരുന്ന ആ പത്തേമ്മാരിയിൽ ആയിരം പോർത്തുഗീസുയോദ്ധാക്കളും പുതിയ ക്രിസ്ത്യാനികളും പരിചാരകന്മാരും ഉണ്ടായിരുന്നതിനു പുറമെ അനവധി ആയുധങ്ങളും ഉണ്ടായിരുന്നു. അവർ തമ്മിൽ നേരിടുകയും പത്തേമ്മാരിക്കു തീപ്പററി കത്തിക്കരിയുകയും ചെയ്തു. അതിലുണ്ടായിരുന്ന നൂറിലധികം പോർത്തുഗീസുയോദ്ധാക്കളും കുറെ പുതിയ ക്രിസ്ത്യാനികളും പരിചാരകന്മാരും വലിയതോക്കുകളും മുസ്ലിംകളുടെ പിടിയിൽപെട്ടു. ബാക്കിയുള്ളതെല്ലാം കരിഞ്ഞും മുങ്ങിയും നശിച്ചുപോകയും ചെയ്തു.

ഈ സംഭവം കഴിഞ്ഞ ഉടനെത്തന്നെ മുസ്ലിംകൾ അത്രാഫ്ഖായൽ (കായൽപട്ടണം) ആദിയായ രാജ്യങ്ങളിലേക്കു പുറപ്പെട്ടു. വഴിയിൽ വെച്ച് അവർ സോലാമന്തൻ (തഞ്ചാവൂരിലാണെന്നാണ് വിവക്ഷ) അത്രാഫ്ഖായൽ മുതലായ രാജ്യങ്ങളിൽനിന്നു ധാന്യങ്ങൾ കയററിതിരിച്ചുപോരുന്ന പോർത്തുഗീസുകാരുടെ ഇരുപത്തിരണ്ട് പത്തേമ്മാരികളും അവയിലുണ്ടായിരുന്ന പുതിയ കൃസ്ത്യാനികളേയും പരിചാരകന്മാരേയും 3 ആനകളേയും പിടിച്ചു കയ്‌വശപ്പെടുത്തി. അവയെല്ലാം പൊന്നാനിയിലേക്ക് കൊണ്ടുവന്നു. അവർ പൊന്നാനി പുഴയിൽ ഇറങ്ങുകയും ചെയ്തു.

ഹിജ്റ 978 (ക്രി. അ. 1570)-ാംകൊല്ലം ജമാദുൽ ആഖർമാസം ഒടുവിൽ മുസ്ലിം സേനാനായകനായ കുട്ടിപ്പോക്കർ 6 കപ്പലോടുകൂടി മാഞ്ചലൂർ (മംഗലാപുരം) പുഴയിൽ പ്രവേശിച്ചു. ഇതുരാത്രിയിലായിരുന്നു. അവിടെ ഉണ്ടായിരുന്ന പോർത്തുഗീസുകാരുടെ കോട്ട അഗ്നിക്കിരയാക്കു



കയും ഒരു ചെറിയ കപ്പൽ പിടിച്ചതിന്നുശേഷം അദ്ദേഹം കപ്പലുകളോടുകൂടി സധൈര്യം മടങ്ങുകയും ചെയ്തു. കണ്ണൂരിന്നു സമീപം എത്തിയപ്പോൾ പോർത്തുഗീസുകാരുടെ പതിനഞ്ചുകപ്പലുകളുമായി കൂട്ടിമുട്ടി പരസ്പരം യുദ്ധം തുടങ്ങി. കപ്പൽ മുങ്ങുകയാൽ കുട്ടിപ്പോക്കർ മരിക്കുകയും രണ്ടു കപ്പലിലുള്ളവരൊഴികെ മററുള്ളവരെല്ലാം നശിച്ചുപോകയും ചെയ്തു. ഈ കുട്ടിപ്പോക്കർ വളരെ സ്ഥൈര്യവും, ധൈര്യവും, സാമർത്ഥ്യവും ഉള്ള ഒരു യോദ്ധാവായിരുന്നു.

എന്നാൽ കണ്ണൂർ രാജാവായിരുന്ന സുൽത്താൻ ആലി ആദിരാജ മുസ്ലിംകൾക്കു സംഭവിച്ച നാശത്തേയും പോർത്തുഗീസുകാരാൽ മുസ്ലിംകളുടെ കച്ചവടങ്ങൾക്കു വന്ന തടസ്സവും ആലോചിച്ചു അവരെ ഈ പരിതാപകരമായ അവസ്ഥയിൽനിന്നു രക്ഷിക്കേണമെന്നുകരുതി അസ്സുൽത്താൻ ആദിൽഷാഹ് (ബീജാപുരം സുൽത്താൻ) നു ഒരു കത്തെഴുതി. പോർത്തുഗീസുകാർ മുസ്ലിംകളോട് ചെയ്ത ദുർഗ്ഗീയമായ ക്രൂരതയേയും തന്മൂലം മുസ്ലിംകൾക്കുസംഭവിച്ച കഷ്ടതകളേയും ആ കത്തിൽ വ്യക്തമായി വിവരിക്കുകയും പോർത്തുഗീസുകാരോടു യുദ്ധംചെയ്തു മുസ്ലിംകളെ രക്ഷപ്പെടുത്തേണമെന്നു അപേക്ഷിക്കുകയും ചെയ്തിട്ടുണ്ടായിരുന്നു. സുൽത്താൻ ആദിരാജൻ ചില രാജകീയ സമ്മാനങ്ങളോടു കൂടിയാണ് ഈ കത്ത് ആദിൽഷാഹ് സുൽത്താന് അയച്ചുകൊടുത്തത്.

ആലി ആദിരാജന്റെ കത്തുലഭിച്ച ഉടനെ സുൽത്താൻ ആദിൽഷാഹ് പോർത്തുഗീസുകാരുടെ തലസ്ഥാനത്തുറമുഖമായ ഗോവയിൽ യുദ്ധസന്നാഹങ്ങൾ കൂട്ടി. ഗോവത്തുറമുഖം ആദ്യം ഇവരുടെ പിതാമഹൻ വലിയ ആദിൽഷാഹിന്റെ

രാജ്യമായിരുന്നു. സുൽത്താൻ നിസാംഷാഹും (അഹമ്മദുനഗരം സുൽത്താൻ) സുൽത്താൻ ആദിൽഷാഹും തമ്മിൽ യോജിച്ചു ബിജാംഗർരാജ്യം നശിപ്പിക്കുകയും അവിടത്തെ രാജാവിനെ കൊല്ലുകയും ചെയ്തതിനുശേഷം ഗോവ തുറമുഖവും ശൗലയും കൈവശപ്പെടുത്താമെന്നും അവർ രണ്ടുപേരുംകൂടി തീരുമാനിച്ചു.

സുൽത്താൻ ആദിൽഷാഹും മന്ത്രിമാരുംകൂടി പുറപ്പെട്ടു, ഗോവ തുറമുഖത്തിനു സമീപം വന്നിറങ്ങി ഊർജ്ജിതമായി യുദ്ധത്തിനാരംഭിച്ചു. പോർത്തുഗീസുകാർക്കു ഭക്ഷണസാധനങ്ങൾ ലഭിക്കാനുള്ള വഴികളെ തടസ്സപ്പെടുത്തി. സാമൂതിരിപ്പാടും പ്രജകളും, പോർത്തുഗീസുകാരുടെ വിരോധികളും അധികകാലം മുതല്ക്കെ പരസ്പരം യുദ്ധത്തിൽ ഏർപ്പെട്ടവരും ആയിരുന്നതിനാൽ സുൽത്താൻ ആദിൽഷാഹ് സാമൂതിരിപ്പാടിനു ഒരു കത്തയച്ചു. താൻ ഗോവ തുറമുഖത്തു യുദ്ധം തുടങ്ങീട്ടുണ്ടെന്നും അതിനാൽ സഹായിക്കേണമെന്നും ശത്രുക്കളായ പോർത്തുഗീസുകാർക്കു ഭക്ഷണസാധനങ്ങൾ ലഭിക്കാനുള്ള മാർഗ്ഗങ്ങളെ തടയേണമെന്നും ആയിരുന്നു ആ കത്തിലെ താല്പര്യം. അന്നു സാമൂതിരി രാജാവു് പോർത്തുഗീസുകാരുമായി ചാലിയം യുദ്ധത്തിൽ ഏർപ്പെട്ടിരിക്കയായിരുന്നു. അതുകൊണ്ടു് കത്തു അവിടേക്കു എത്തിച്ചുകൊടുക്കുകയാണുണ്ടായതു്.

സുൽത്താൻ നിസാംഷാഹും മന്ത്രിമാരും ശൗല തുറമുഖത്തിൽ എത്തി. അവിടെ യുദ്ധം ആരംഭിക്കുകയും പോർത്തുഗീസുകാരുടെ കോട്ടകളെ വലിയ തോക്കുകൾ ഉപയോഗിച്ചു തകർക്കുകയും ചെയ്തു. ശൗല തുറമുഖം അവർക്കു നിഷ്പ്ര



യാസം കൈവശപ്പെടുത്തുവാൻ സാധിക്കുമായിരുന്നു. പക്ഷെ പ്രബലന്മാരായ പോർത്തുഗീസുകാരുമായി യുദ്ധംചെയ്യേണ്ടതിന്നു തന്റെ സഹായിയായ ആദിൽഷാഹ് സുൽത്താൻ നിശ്ചയപ്രകാരം തന്നെ സഹായിക്കും എന്നുള്ള വിശ്വാസം ദൃഢമായിരുന്നില്ല. തന്നിമിത്തം യുദ്ധം നിർത്തുകയും സുൽത്താൻ നിസാംഷാഹും പോർത്തുഗീസുകാരുമായി സന്ധിചെയ്യുകയും ചെയ്തു.

സുൽത്താൻ ആദിൽഷാഹ് ഇതിൽ നിരപരാധിയായിരുന്നു. കാരണം തന്റെ മന്ത്രിമാരിൽ ചിലർ പോർത്തുഗീസുകാരുമായി ഗൂഢമായി യോജിച്ചിരുന്നു. ഗോവയിൽ പോർത്തുഗീസുകാരുമായി യോജിച്ചിരിക്കുന്ന സുൽത്താൻ ആദിൽഷാഹിന്റെ സംബന്ധികൾക്കു രാജ്യാധികാരം നല്കാമെന്നു് നിശ്ചയിക്കുകയും ചെയ്തവിവരം സുൽത്താൻ ആദിൽഷാഹ് അറിഞ്ഞപ്പോൾ അധികം കോട്ടകളാൽ ശക്തിപ്പെട്ട ഗോവ തുറമുഖവും തന്റെ സൈന്യവുമായുള്ള ദൂരവും ഒരു പുഴയുടെ പ്രതിബന്ധവും സുൽത്താൻ ആദിൽഷാഹിനെ തന്റെ നിശ്ചയത്തിൽ നിന്നു ഇളക്കി പിന്തിരിച്ചു. സുൽത്താൻ രഹസ്യമായി അവിടെനിന്നു വിട്ടുമാറി. എന്നാൽ സുൽത്താൻ ആദിൽഷാഹ് സ്വദേശത്തു എത്തിയതിന്നു ശേഷം തന്റെ പ്രതിയോഗികളായ മന്ത്രിമാരെ അന്വേഷിച്ചുപിടിച്ചു അവരെ ഉദ്യോഗത്തിൽനിന്നു പിരിച്ചു ശിക്ഷിക്കുകയും ചെയ്തതിൽ പിന്നെ ചില കാരണങ്ങളാൽ പോർത്തുഗീസുകാരുമായി സന്ധിചെയ്യുകയും ചെയ്തു.

സുൽത്താൻ നിസാംഷാഹും മന്ത്രിമാരും ആദിൽഷാഹ് സുൽത്താനെ വഞ്ചിക്കുകയും കൈക്കൂലിവാങ്ങി പോർത്തു

ഗീസുകാർക്ക് ഭക്ഷണസാധനങ്ങൾ എത്തിച്ചുകൊടുക്കുകയും സഹായിക്കുകയും ചെയ്തതു പ്രത്യേകം പ്രസ്താവയോഗ്യമാണ്. ഈ കാലങ്ങളിൽ പോത്തുഗീസുകാർ ഗോവയിൽ ശക്തിയായ കോട്ടകൾ കെട്ടി ഉറപ്പിച്ചു പുറമെനിന്നു ഒരാൾക്കും കടന്നുകൂടുവാൻ കഴിയാത്ത വിധത്തിലാക്കിത്തീർത്തു.

## പതിമൂന്നാം അദ്ധ്യായം.

### ചാലിയം യുദ്ധവും അവിടത്തെ കോട്ട പിടിച്ചതും.

പോത്തുഗീസുകാരുടെ അക്രമങ്ങളും, ദ്രോഹങ്ങളും അസഹനീയമായിത്തീർന്നപ്പോൾ അവരോടു യുദ്ധംചെയ്യുവാൻ സാമൂതിരിപ്പാടു തീർച്ചപ്പെടുത്തുകയും ഈ വിവരം മുസ്ലിംകളെ ഉണർത്തുകയുംചെയ്തു. ഗോവതുറമുഖത്തു യുദ്ധം തുടങ്ങിയപ്പോൾ പോത്തുഗീസുകാർക്ക് സഹായത്തിന്നു കപ്പൽ, സൈന്യങ്ങൾ മുതലായവ എത്തുക പ്രയാസമാണെന്നുകണ്ടു സാമൂതിരിപ്പാടു മുമ്പത്തെ നിശ്ചയത്തെ പ്രത്യേകം ശക്തിപ്പെടുത്തി, തന്റെ ചില മന്ത്രിമാരേയും, പൊന്നാനി, ചാലിയം മുതലായ രാജ്യങ്ങളിലുള്ള ഓരോ സംഘം സൈന്യത്തേയും അങ്ങോട്ടയച്ചു. വഴിയിൽവെച്ചു പാറവണ്ണൂ, പരപ്പനങ്ങാടി, താനൂർ എന്നീ രാജ്യങ്ങളിലെ മുസ്ലിംകളും അവരോടു ചേർന്നു സംഘബലം വർദ്ധിപ്പിച്ചു.



ഹിജ്റ 977 (ക്രി. അ. 1569)-ാം കൊല്ലം സഫർ മാസം ഇരുപത്തഞ്ചാം തിയ്യതി ബുധനാഴ്ച അവരെല്ലാം ചാലിയത്ത് എത്തി. രാവിലെ പോത്തുഗീസുകാരുമായി യുദ്ധംആരംഭിച്ചു. ഇരുഭാഗക്കാരും വാശിയോടെ പൊരുതി. മുസ്ലിംകൾ ശത്രുക്കളുടെ കോട്ടക്കു സമീപമുള്ള വീടുകളും ഖനീസകളും കൊള്ളിവെച്ചു നശിപ്പിച്ചു. കോട്ടയുടെ പുറം കെട്ടുകൾ പൊളിച്ചു. ആ സമരത്തിൽ മുസ്ലിംകളിൽ മൂന്നാളും പോത്തുഗീസുകാരിൽ അധികം ആളുകളും മൃതിയടഞ്ഞു. പോർത്തുഗീസുകാർ കോട്ടക്കുള്ളിൽ വാസം ഉറപ്പിച്ചു. മുസ്ലിംകളും നായർ പട്ടാളവും കോട്ടവളഞ്ഞു. പലഭാഗങ്ങളിൽനിന്നും മുസ്ലിംകൾ യുദ്ധത്തിന്നായി വന്നുചേർന്നു. കോട്ടയുടെ ചുററുഭാഗവും കിടങ്ങുകൾ കുഴിക്കുകയും ഭദ്രമായി കാവൽ ചെയ്കയും ചെയ്തു. കോട്ടയിലേക്ക് ഭക്ഷണസാധനങ്ങൾ ഗൂഢമായി എത്തിക്കേണ്ടതിന്നായി പ്രയാസം നേരിട്ടു. ഈ യുദ്ധാവശ്യത്തിലേക്കു സാമൂതിരിപ്പാട് അനവധി ധനം ചിലവഴിച്ചു. ഇങ്ങിനെ രണ്ടുമാസത്തോളം കോട്ടവളഞ്ഞുനിന്നതിന്നുശേഷം സാമൂതിരിപ്പാട് പൊന്നാനിയിൽനിന്നു അവിടെ എത്തി. കോട്ടയുടെ കാവൽ വളരെ നിഷ്കർഷയിലായിരുന്നതിനാൽ ഭക്ഷണസാധനങ്ങൾ തീരെ കിട്ടാതാവുകയും ശത്രുക്കൾ നായ മുതലായ ജന്തുക്കളുടെ മാംസം ഭക്ഷിക്കേണ്ടിവരികയും ചെയ്തു. അവരുടെ കൂലിവേലക്കാരേയും, പുതു കൃസ്ത്യാനികളിലുള്ള സ്ത്രീകളേയും, വൃദ്ധന്മാരേയും കോട്ടയിൽനിന്നു പുറത്തേക്കു പോകുവാൻ അധിക ദിവസങ്ങളിലും മുസ്ലിംകൾ അനുവദിച്ചിരുന്നു. കണ്ണൂർ, കൊച്ചി എന്നിവിടങ്ങളിൽ നിന്നു ചാലിയത്തേക്കു അയച്ചു കൊടുത്ത ഭക്ഷണ സാധനങ്ങളെ കോട്ടക്കകത്തേ

ക്കെത്തിക്കുവാൻ അവൎക്കു സാധിച്ചില്ല. ഭക്ഷണം ലഭിക്കാതെ വിശപ്പുകൊണ്ടു് ശക്തിയും, സാമൎത്ഥ്യവും ക്ഷയിച്ചുപോയ പോൎത്തുഗീസുകാർ ഈ സന്ദൎഭത്തിൽ സാമൂതിരിപ്പാടിനോടു് സന്ധി ആലോചന ചെയ്തു.

“തങ്ങളുടെ വലിയ തോക്കുകളും ഈ യുദ്ധത്തിൽ രാജാവിന്നു സംഭവിച്ച യുദ്ധചിലവും സാമൂതിരിപ്പാടിന്നു നല്കാ”മെന്നു അവർ പറഞ്ഞു. ഈ സന്ധി മന്ത്രിമാൎക്കു സമ്മതമായിരുന്നു എങ്കിലും സാമൂതിരി രാജാവു അതിന്നു സമ്മതിച്ചില്ല. ഭക്ഷണസാധനങ്ങൾ തീരെ കിട്ടാതാവുകയും വിശപ്പും ക്ഷീണവും പൂൎവ്വാധികം വൎദ്ധിക്കുകയും ചെയ്തപ്പോൾ സന്ധിസംസാരവും മുറുകിത്തുടങ്ങി. വീണ്ടും സന്ധിക്കപേക്ഷിച്ചു. “തങ്ങളുടെ ശരീരം ഒഴികെയുള്ള സൎവ്വസ്വവും ഒഴിഞ്ഞു കൊടുക്കാമെന്നും ജീവഹാനി വരുത്താതെ തങ്ങളുടെ അഭയസ്ഥാനത്തേക്കു പോകുവാൻ അനുവദിക്കേണമെന്നും.” അപേക്ഷിച്ചു. സാമൂതിരി രാജാവു അതു സമ്മതിച്ചു.

അതേകൊല്ലം ജമാദുൽ ആഖർമാസം 16-ാംനു തിങ്കളാഴ്ച അവരെ കോട്ടയിൽനിന്നു പുറത്താക്കുകയും അവരുടെ ഉദ്ദേശപ്രകാരം അവരെ നിസ്സാരമായ സ്ഥിതിയിൽ താനൂർ രാജാവു് ഒന്നിച്ചു അയച്ചു കൊടുക്കുകയും ചെയ്തു. താനൂർ രാജാവു പ്രത്യക്ഷത്തിൽ സാമൂതിരി പക്ഷക്കാരനായിരുന്നെങ്കിലും പരോക്ഷമായി പോൎത്തുഗീസുകാരുടെ സഹായി ആയിരുന്നു. താനൂർ രാജാവു അവരെ സ്വീകരിക്കുകയും സഹായിക്കുകയും മാത്രമല്ല അവൎക്കു ആവശ്യമായ കാൎയ്യങ്ങളെല്ലാം ചെയ്തു കൊടുക്കുകയും അവരെ താനൂരിലേക്കു കൊണ്ടുപോകുകയും ചെയ്തു.



പിന്നീടു കൊച്ചിയിൽനിന്നു പോൎത്തുഗീസുകാരുടെ കപ്പലുകൾ എത്തി. ആ കപ്പൽമാൎഗ്ഗമായി അവരെ കയറ്റി അയച്ചു കൊടുക്കുകയും ചെയ്തു. താനൂർ രാജാവു പോൎത്തുഗീസുകാൎക്കു് ചെയ്തിട്ടുള്ള ഗുണങ്ങൾ നിമിത്തം അവർ അന്യോന്യം സഹായികളായിത്തീൎന്നു. പോൎത്തുഗീസുകാർ പരാജിതരായി കൊച്ചിയിലേക്കു പോകുവാൻ നിൎബ്ബന്ധിതരായി.

സാമൂതിരി രാജാവു് കോട്ടയിലുള്ള വലിയ തോക്കുകൾ മുതലായ യുദ്ധസാമഗ്രികളെ എടുത്തു കോട്ട പൊളിച്ചു നിരപ്പാക്കി. കോട്ട പൊളിച്ച കല്ലു് മരം മുതലായവയെ കോഴിക്കോട്ടേക്കു് കൊണ്ടുപോകുകയും കുറെ ഒക്കെ പോൎത്തുഗീസുകാരാൽ പൊളിക്കപ്പെട്ട അവിടത്തെ പള്ളികൾ വീണ്ടും നിൎമ്മിക്കുവാൻ അനുവദിക്കുകയും ചെയ്തു. മുൻനിശ്ചയപ്രകാരം കോട്ട നിന്നിരുന്ന സ്ഥലവും പരിസരങ്ങളും ചാലിയം രാജാവിന്നു വിട്ടുകൊടുത്തു. സാമൂതിരി രാജാവു ചാലിയം കോട്ട കൈവശപ്പെടുത്തി പൊളിച്ചതിന്നു ശേഷം പോൎത്തുഗീസുകാർ ഗോവയിൽനിന്നു സഹായത്തിനായയച്ചകപ്പലുകൾ സ്ഥലത്തെത്തി. പക്ഷെ നിരാശയോടെ ഇവൎക്കും മടങ്ങേണ്ടതായി വരികയാണുണ്ടായതു്.

## പതിനാലാം അദ്ധ്യായം.

### ചാലിയം കോട്ട പിടിച്ചതിന്നു ശേഷം പോൎത്തുഗീസുകാരുടെ സ്ഥിതി.

ചാലിയം കോട്ട കൈവശപ്പെടുത്തിയതിനാൽ പോൎത്തു
ഗീസുകാൎക്കു സാമൂതിരി രാജാവിന്റേയും മുസ്ലിംകളുടേയും
നേരെയുള്ള കോപവും, ഈൎഷ്യതയും വൎദ്ധിച്ചു. ചാലിയം
കോട്ടപിടിച്ചതിന്നുപകരം സാമൂതിരിരാജ്യം നശിപ്പിക്കേ
ണ്ടതിന്നും, സാമൂതിരിപ്പാടിന്നും മുസ്ലിംകൾക്കും ഉപദ്രവമാ
കത്തക്കവിധം പൊന്നാനിയിലും ചാലിയത്തും ഓരോ
കോട്ട കെട്ടേണ്ടതിന്നും അവർ തരംനോക്കി നടന്നു. പക്ഷെ
ഹിജ്റ 987 (ക്രി. അ. 1579) -ാംകൊല്ലം വരെ അതു സാ
ധിച്ചില്ല.

എന്നാൽ 980 ഹിജ്റ (ക്രി. അ. 1572)-ാം കൊല്ലം ശ
വ്വാൽ മാസം 22-ാംനു പോൎത്തുഗീസ്കാർ ചാലിയത്തു വ
ന്നു ചില വീടുകളും പീടികകളും കൊള്ളിവെച്ചു മടങ്ങി.
പിറേറകൊല്ലം അവർ പരപ്പനങ്ങാടിയിൽ എത്തി ലഹള
ഉണ്ടാക്കുകയും ആ ലഹളയിൽ 4 മുസ്ലിംകളും ഒട്ടധികം പോ
ൎത്തുഗീസുകാരും മൃതിയടയുകയും ചെയ്തു.

ചാലിയം കോട്ട പിടിച്ചതിന്നുശേഷം പോൎത്തുഗീസു
കാർ സന്ധിക്കുള്ളഭാവം ഒന്നും കാണിക്കാതെ മുസ്ലിംകളോ
ടും സാമൂതിരി രാജാവിനോടും പ്രതിക്രിയക്കു തരം നോ



ക്കിതന്നെ ഇരുന്നു. 985 ഹിജ്റ (ക്രി. അ. 1557) -ാം കൊ
ല്ലത്തിൽ "തെൻനാദ്" (തെല്ലിനാട്) എന്ന രാജ്യത്തേക്കു
നെല്ലു കയററാൻ പോയിരുന്ന മുസ്ലിംകളുടെ ചെറിയതും
വലിയതുമായ 50കപ്പലുകളെ പോൎത്തുഗീസുകാർ പിടിക്കു
കയും എതാനും മുസ്ലിംകൾ കൊല്ലപ്പെടുകയും ചിലർ ത
ടവുകാരാക്കപ്പെടുകയും ചെയ്തു. പിന്നെ അവർ മുവ്വായിരം
"ഹയിവെസ്സ്"കാരെ തടവുകാരാക്കി പിടിച്ചു. തന്നിമി
ത്തം കച്ചവടയാത്രക്കും മററും തടസ്സം നേരിട്ടു.

ഈകൊല്ലംകച്ചവടാരംഭത്തിൽ സൂറത്തിൽനിന്നു 'ജിദ്ദ'
തുറമുഖത്തേക്കു ചരക്കുകൾ കയററാൻ പോയിരുന്ന ഗുജറാ
ത്തിപ്രെരുടെ കുറെ പത്തേമ്മാരികളെ ചരക്കുകൾ കയററി
തിരിച്ചുവരുമ്പോൾ പോൎത്തുഗീസുകാർ പിടിച്ചു കൈവശ
പ്പെടുത്തി. സുൽത്താൻ 'ജലാലുദ്ദീൻപാഷ'യുടെ പത്തേമ്മാ
രികളും ഇതിൽ പെട്ടിരുന്നു. കുറേ അധികം ചരക്കുകളും, ദ്ര
വ്യങ്ങളും കയററിയതായിരുന്നു ജലാലുദ്ദീൻപാഷയുടെ പ
ത്തേമ്മാരികൾ. പോൎത്തുഗീസുകാരുമായി സന്ധിയിലും
യോജിപ്പിലും ആയിരുന്ന സുൽത്താൻ ജലാലുദ്ദീൻപാഷയു
ടെ ഈ പത്തേമ്മാരികളെ മടക്കി കൊടുക്കുവാൻ പോൎത്തു
ഗീസുകാൎക്കു മനസ്സുവന്നില്ല. തന്മൂലം അവർ തമ്മിൽ വഴ
ക്കിന്നും യുദ്ധത്തിന്നും കാരണമായി. അനന്തരം ചില കപ്പ
ലുകൾ അല്ലഹബാദ് പുഴയിൽ പ്രവേശിക്കുകയും അവരെ
പോൎത്തുഗീസുകാർ അനുഗമിക്കുകയുംചെയ്തു. എങ്കിലും അ
വയെ പിടിപ്പാൻ ആ അക്രമികൾക്കുസാധിച്ചില്ല. ഇച്ഛാഭം
ഗത്തോടുകൂടി അവർ തുറമുഖപട്ടണവും അവിടെ ഉണ്ടായിരു
ന്ന കപ്പലുകളും തീവെച്ചു നശിപ്പിച്ചു കളഞ്ഞു. ആ കപ്പലുക
ൾ കണ്ണൂർ,ധൎമ്മപട്ടണം മുതലായ രാജ്യക്കാരുടേതും പോൎത്തു

ഗീസുകാരുടെ പാസ്പോർട്ടോടുകൂടി കച്ചവടയാത്ര ചെയ്യുന്നതുമായിരുന്നു. അതിൽ പിന്നെ പോർത്തുഗീസുകാർ "ഫറാഫതൻ" തുറമുഖം അഗ്നിക്കിരയാക്കി. അതു കാരണമായി "ദാബോല" തുറമുഖത്തെ ഉപരാജാവു 150 പോർത്തുഗീസു നായകന്മാരെ വഞ്ചിച്ചു പിടിക്കുകയും അവരിൽ ചിലരെ കൊല്ലുകയും മററു ചിലരെ ആദിൽഷാഹ് സുൽത്താനു അയച്ചു കൊടുക്കുകയും ചെയ്തു.

സുൽത്താൻ ആദിൽഷാഹ് തന്റെ മന്ത്രിമാർക്കും സൈന്യങ്ങൾക്കും ഗോവതുറമുഖത്തെ യുദ്ധത്തിന്നു ആജ്ഞനല്കി. ആ ദേശക്കാരും അന്യദേശക്കാരും ഗോവയിലേക്കു ഭക്ഷണസാധനങ്ങൾ അയക്കുന്നതിനെ സുൽത്താൻ തടഞ്ഞു. സുൽത്താൻ ആദിൽഷാഹ് കണ്ണൂർ ആലിആദിരാജനും സാമൂതിരിപ്പാടിനും കോലത്തിരിരാജാവിനും ഒരു ദൂതൻവശം കത്തു കൊടുത്തയച്ചു. കത്തോടുകൂടി ചില രാജകീയ സമ്മാനങ്ങളും അയച്ചിട്ടുണ്ടായിരുന്നു. ഗോവ തുറമുഖത്തിൽ യുദ്ധം തുടങ്ങുന്നുണ്ടെന്നും തന്നെ സഹായിക്കേണമെന്നും പോർത്തുഗീസുകാർക്കു ഭക്ഷണസാധനങ്ങൾ കൊടുക്കുന്നതിനെ തടയണമെന്നുമായിരുന്നു എഴുത്തിലെ സാരം. ദൂതൻ കത്തുകളും സമ്മാനങ്ങളും കൊണ്ടുവന്നു കൊല്ലത്ത് (കുറുമ്പ്രനാട്ട് താലൂക്ക്) ഇറങ്ങി. കോലത്തിരി മൂന്നാം അവകാശി പോർത്തുഗീസുകാരുടെ ആവശ്യ പ്രകാരം ആ ദൂതനെ പിടിച്ചു ബന്ധനസ്ഥനാക്കി. എങ്കിലും ദൂതൻ ചാടിപ്പോയി രക്ഷപ്രാപിച്ചു.

എന്നാൽ അവന്റെ വശം ഉണ്ടായിരുന്ന കത്തുകളും സമ്മാനങ്ങളും കോലത്തിരി മൂന്നാം രാജാവു പിടിച്ചെടുത്തിരുന്നു. കണ്ണൂർ ആലി ആദിരാജാവും കോലത്തിരി രാജാവും ദൂതൻ പക്കൽനിന്നു പിടിച്ചെടുത്ത കത്തുകളും സമ്മാനങ്ങളും മടക്കി കൊടുക്കേണമെന്നു മൂന്നാം രാജാവിനെ അറിയിച്ചു. അതിനുത്തരമായി ദൂതൻ ചാടിപ്പോയിട്ടില്ലായിരുന്നുവെങ്കിൽ അവനേയും, കത്തുകളേയും, സമ്മാനങ്ങളേയും താൻ പോർത്തുഗീസുകാർക്കു എത്തിച്ചു കൊടുക്കുമായിരുന്നു എന്നു മറുപടി കിട്ടുകയും ചെയ്തു. ഇതു ഹിജ്റ 986 (ക്രി. അ. 1578) ൽ ആയിരുന്നു.



അതേ കൊല്ലത്തിൽ തന്നെ പോർത്തുഗീസു തലവന്മാരിൽഒരുവൻ സാമൂതിരിപ്പാടിന്റെഅടുക്കൽചെന്നു സന്ധിസംസാരിച്ചു. അന്നു സാമൂതിരിരാജാവു മലബാർ ഹിന്ദുക്കളുടെ പുണ്യസ്ഥലമായ കൊടുങ്ങല്ലൂർ ക്ഷേത്രത്തിലായിരുന്നു. കോഴിക്കോട്ടും പൊന്നാനിയിലും ഓരോ കോട്ടപണിയുവാൻ സമ്മതം നൽകേണമെന്നായിരുന്നു സന്ധിസംസാരത്തിൽ ആവശ്യപ്പെട്ടതു്. കോഴിക്കോട്ടു കോട്ടപണിയുവാൻ സമ്മതിച്ചുവെങ്കിലും പൊന്നാനിയിൽ കോട്ട പണിയുവാൻ സാമൂതിരിപ്പാട്ട് അനുവദിച്ചില്ല.

അതുകൊണ്ടു സാമൂതിരി രാജാവു തന്റെ പ്രജകളിൽ സന്ധി സംസാരിക്കേണ്ടതിന്നു യോഗ്യതയുള്ള മൂന്നാളെ ഇവരൊന്നിച്ചു ഗോവയിലേക്കു അയച്ചു. ഗോവയിലെ പോർച്ചുഗൽനേതാവു 'ബേസോവു'മായി കണ്ടു. അദ്ദേഹം സാമൂതിരി രാജാവിന്റെ പ്രജകളെ വളരെ ബഹുമാനിക്കുകയും സാദരം സൽക്കരിക്കുകയും ചെയ്തു. സന്ധിസംസാരിച്ചതിൽ പൊന്നാനി കോട്ട കെട്ടുന്ന കാര്യം സാമൂതിരി പ്രജകൾ സമ്മതിക്കായ്കയാൽ സന്ധി തെററിപിരിയേണ്ടി വന്നു.

അവർ അവിടെനിന്നു തിരിച്ചു പോകുകയും ചെയ്തു. ഇതു ഹിജ്റ 987 (ക്രി .അ. 1579) -ാം കൊല്ലത്തിലായിരുന്നു.

ഈ കൊല്ലത്തിൽ തന്നെ പോർത്തുഗീസുകാർ സുൽത്താൻ ആദിൽഷാഹിന്നു കുറേ വസ്തുവഹകൾ കൊടുക്കാമെന്ന നിശ്ചയത്തിന്മേൽ സന്ധിചെയ്തു.

സാമൂതിരി രാജാവു് മുൻപ്രസ്താവിച്ച പ്രകാരം കൊടുങ്ങല്ലൂർ ക്ഷേത്രത്തിൽ താമസിക്കയായിരുന്നു. അദ്ദേഹത്തെ അവിടെനിന്നു പുറത്താക്കേണമെന്നുള്ള ദുരുദ്ദേശത്തിന്മേൽ കൊച്ചിരാജാവു യുദ്ധത്തിന്നൊരുങ്ങി. വളരെ ശക്തിമത്തായ സൈന്യശേഖരവും മറ്റൊരുക്കങ്ങളും ചെയ്തു. പോർച്ചുഗൽ നേതാവായ ബേസോവിന്നു യുദ്ധത്തിൽ തന്നെ സഹായിക്കേണ്ടതിന്നു ഒരു അപേക്ഷാപത്രം അയച്ചു. ബേസോ അപേക്ഷപ്രകാരം കുറെ കപ്പൽ സൈന്യത്തെ അയച്ചു കൊടുത്തു. അവരെല്ലാം ഒന്നായിച്ചേർന്നു പുറപ്പെട്ടു. സാമൂതിരി രാജാവോടു കൂടെ അന്നു വളരെ തുച്ഛമായ ഒരു സൈന്യമേ ഉണ്ടായിരുന്നുള്ളു. എങ്കിലും കൊടുങ്ങല്ലൂർ വെച്ചുണ്ടായ യുദ്ധത്തിൽ സാമൂതിരിസൈന്യം കൊച്ചിയേയും പോർത്തുഗീസുകാരേയും ഓടിച്ചു. ഈ യുദ്ധത്തിൽ എതിരാളികൾക്കു് വലിയ സൈന്യനഷ്ടവും ധനനഷ്ടവും സംഭവിച്ചു. സാമൂതിരി രാജാവിന്നു പറയത്തക്ക നഷ്ടങ്ങളൊന്നും സംഭവിക്കാതെ യുദ്ധം അവസാനിക്കുകയും ചെയ്തു.

അനന്തരം പോർത്തുഗീസുകാർ കൊച്ചിയിൽനിന്നു മുസ്ലിംകളെ ദ്രോഹിക്കുവാനാണു് വീണ്ടും ശ്രമിച്ചതു്. അവരുടെ അനവധി കപ്പലുകളെ അക്രമമായി കൈവശപ്പെടുത്തി. മുസ്ലിംകളുടെ വ്യാപാരം നിശ്ശേഷം നശിപ്പിക്കേണമെന്നാ



യിരുന്നു അവർ ഉദ്ദേശിച്ചിരുന്നതു്. ഹിജ്റ 990_91 (ക്രി. അ. 1582_83) കൊല്ലങ്ങളിൽ സാമൂതിരി പ്രജകളിൽ പെട്ട തിക്കോടി, കൊയിലാണ്ടി, പൊന്നാനി, കോഴിക്കോടു്, പുതിയങ്ങാടി, എന്നീ രാജ്യക്കാരുടെ കച്ചവടയാത്രയെ തടസ്സപ്പെടുത്തേണ്ടതിന്നായി പോർത്തുഗീസുകാർ വളരെ നിഷ്കർഷയോടെ കാവൽചെയ്തു. അവരുടെ ചില കപ്പലുകൾ പോർത്തുഗീസുകാർ പിടിച്ചു കൈവശപ്പെടുത്തി. അതിനാൽ കച്ചവടം തീരെ മുടങ്ങുകയും അടുത്ത രാജ്യങ്ങളിലും, തെൽനാദ് (തെല്ലിനാടു്) എന്ന സ്ഥലത്തും പോയി നെല്ലു് കൊണ്ടുവരേണ്ടതിന്നും മറ്റും സാധിക്കായ്ക നിമിത്തം നാട്ടിൽ ദാരിദ്ര്യം വർദ്ധിക്കുകയും ചെയ്തു. പ്രസ്തുത രാജ്യങ്ങളിലെല്ലാം സദാ കാവൽചെയ്തതുകൊണ്ടു് മുസ്ലിംകൾ ഈ രാജ്യം വിട്ടു വല്ല ദേശാന്തരവും പോകയാണു് ഉത്തമമെന്നുള്ള ദയനീയ ഘട്ടത്തിൽ എത്തുകയും ചെയ്തു.

എങ്കിലും ഹിജ്റ 992 (ക്രി. അ. 1584)-ാം കൊല്ലത്തിലെ കച്ചവട കാര്യത്തിൽ പോർത്തുഗീസുകാർ സാമൂതിരിപ്പാടുമായി യോജിച്ചു ഒരു സന്ധിയാലോചന ചെയ്തു. പൊന്നാനിയിൽ പോർത്തുഗീസുകാർ ഒരു കോട്ട പണി ചെയ്യിക്കുകയും അവർ പിടിച്ചതായ മുസ്ലിം തടവുകാരെ സാമൂതിരിപ്പാടിന്നും മുസ്ലിംകൾ പിടിച്ചതായ പോർച്ചുഗൽ തടവുകാരെ പോർച്ചുഗൽ നേതാവിന്നും വിട്ടുകൊടുക്കുകയും ചെയ്യാമെന്നായിരുന്നു സന്ധി സംസാരത്തിലെ നിബന്ധനകൾ. അതുപ്രകാരം അന്യോന്യം തടവുകാരെ വിട്ടുകൊടുക്കുകയും ചെയ്തു. മുസ്ലിംകൾ പിടിച്ചതായ പോർത്തുഗീസു തടവുകാർ ഒല്ലം ആളുകൾ മാത്രമേ ഉണ്ടായിരുന്നുള്ളു. അട

ആ കൊല്ലം കച്ചവടകാലത്തിൽ പോർച്ചുഗൽ നേതാവ് സാമൂതിരിപ്പാടിന്റെ അടുക്കൽചെന്നു പൊന്നാനി കോട്ട കെട്ടുന്ന കാര്യത്തിൽ സംസാരിക്കാമെന്ന നിശ്ചയമുണ്ടായിരുന്നു. അതുപ്രകാരം പോർച്ചുഗലിൽ നിന്നു നാലു കപ്പൽ എത്തി. അവയിൽ രണ്ടു കപ്പൽ ഗോവ തുറമുഖത്തും മററു രണ്ടു കപ്പൽ കണ്ണൂരിന്നു സമീപവും വന്നണഞ്ഞു. പോർത്തുഗീസു രാജാവ് നിയമിച്ച നേതാവ് ആ കപ്പലിൽ ഉണ്ടായിരുന്നു. അതിനാൽ ആദ്യനേതാവ് സ്ഥാനം ഒഴിഞ്ഞു, പുതിയ നേതാവ് സ്ഥാനമേൽക്കുകയും ചെയ്തു.

പുതിയ നേതാവ് സാമൂതിരിപ്പാടുമായി കാണാതെയും കോഴിക്കോട്ട് ഇറങ്ങാതെയും ഗോവയിലേക്കു തിരിച്ചതുകൊണ്ട് നേതാവും സാമൂതിരി രാജാവുമായി സന്ദർശനം ഉണ്ടായില്ല. സാമൂതിരി രാജാവ് പോർച്ചുഗൽ നേതാവിന്നു നല്കേണ്ടതിന്നായി ചില സമ്മാനങ്ങൾ തയ്യാർ ചെയ്തിരുന്നു. അവ കൊടുക്കുവാനും സംഗതിയായില്ല. നേതാവ് ഗോവയിൽ എത്തിയതിന്നുശേഷം സാമൂതിരി രാജാവ് തന്റെ രാജ്യത്തിലെ ചില പ്രധാനികളെ ഗോവയിലേക്കു അയക്കുകയും അവിടെ വെച്ച് അവർ തമ്മിൽ കണ്ടു സന്ധി ചെയ്യുകയുംചെയ്തു.

സാമൂതിരി പ്രജകൾ പഴയ പതിവ് പ്രകാരം ഗുജറാത്ത് മുതലായ രാജ്യങ്ങളിലേക്കു കച്ചവടയാത്ര ചെയ്യുകയും ആ കൊല്ലത്തെ കച്ചവടക്കാലം ഒടുവിൽ കോഴിക്കോട്ടുനിന്നു 2 കപ്പൽ അറേബ്യാ രാജ്യങ്ങളിലേക്കു കച്ചവടാവശ്യാർത്ഥം പുറപ്പെടുകയും ഉണ്ടായി.

സമാപ്തം.

STUDY cum RESEARCH
1985